Aikyadeepam
# ഐക്യദീപം
ജൂൺ 2016
Since 1976 വില ₹ 10



കടിഞ്ഞാൺ
ഇല്ലാത്ത
സെൽഫി

തപോവിശുദ്ധിയുടെ
കർമ്മബലം

ശ്രേഷ്ഠാചാര്യൻ
മാർ തെയോഫിലോസ്

തന്റെ ഗുരുവിന്റെ ശബ്ദം

HIS MASTER'S VOICE



ലോകപരിസ്ഥിതി ദിനം
മലങ്കര കാത്തലിക് യൂത്ത്മൂവ്മെന്റും
ബോധനയും സംയുക്തമായി...
വൃക്ഷസമൃദ്ധി
ഒരേക്കർ സ്ഥലം സംരക്ഷിത
ഫലവൃക്ഷമേഖലയായി മാറ്റുന്നു.
അനുകരിക്കൂ... വിജയിപ്പിക്കൂ...
TREE CENSUS
• നമ്മുടെ ചുറ്റുവട്ടത്തുള്ള വൃക്ഷങ്ങളെ തിരിച്ചറിയുവാനും അത്യന്താപേക്ഷിതങ്ങളായ വൃക്ഷങ്ങളുടെ അഭാവം കണ്ടെത്തുവാനുമുള്ള അവസരം.
• ഐക്യദീപത്തിനോടൊപ്പം ലഭ്യമാകുന്ന ചോദ്യാവലി ഉപയോഗിച്ച് സ്വന്തം പുരയിടത്തിലെ വൃക്ഷങ്ങളുടെ എണ്ണം എടുക്കൂ...
• സ്ഥലവിസ്തൃതിയുടെ അനുപാതത്തിൽ ഏറ്റവും കൂടുതൽ വൃക്ഷങ്ങൾ ഉള്ളവർക്ക് 'വൃക്ഷമിത്ര' അവാർഡ് നല്കി ആദരിക്കുന്നു.

# editorial

# എഡിറ്റോറിയൽ



അരണ്ടവെളിച്ചം മാത്രം വഴികാട്ടി നില്ക്കുന്ന പൂഴിമൺപാത; സുദൃഢമായ ലക്ഷ്യം മനസിൽ പേറി നടന്നുനീങ്ങുന്ന താപസശ്രേഷ്ഠന്റെ കാലടികൾക്കുപിന്നിലേക്ക് അനേകം പേർ നടന്നു നീങ്ങുന്നു. ഇത് ദൈവപദ്ധതിയുടെ ചിത്രമാണ്: ദൈവത്തിന്റെ വിരലുകളിൽ വിരചിതമായ ചിത്രം.

ഒരു നിഴൽ മാത്രമാകാൻ കൊതിക്കുക.....ഒരാളുടെ സ്വരം മാത്രമാകാൻ ആഗ്രഹിക്കുക; പിന്നെ തിരശ്ശീലയുടെ പിന്നിൽ കേൾക്കപ്പെടാത്ത സ്വരവും കാണപ്പെടാത്ത മുഖവുമായി നിലകൊള്ളുക. സ്നാപകനോളം വളർന്നവർക്കേ ഈരൂപം ആഗ്രഹിക്കുവാനും സ്വീകരിക്കുവാനും സാധിക്കൂ. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ പിന്നിൽ നിഴലായും സ്വരമായും പിന്നെ തിരശ്ശീലയ്ക്കു പിന്നിൽ നിന്ന് സഭയെ പണിതുയർത്തുകയും ചെയ്ത പുണ്യശ്ലോകൻ യാക്കോബ് മാർ തെയോഫിലോസ്.

മകനെ ബലികഴിക്കുവാൻ മോറിയാമല ചവിട്ടികയറുന്ന അബ്രഹാമെന്ന പിതാവിന്റെ ഹൃദയകനലുകൾ എണ്ണിയറിഞ്ഞത് മകൻ ഇസഹാക്ക് മാത്രമായിരുന്നു. ആ ഹൃദയവ്യഥയിലും ആശ്വാസം പകർന്നത് 'ദൈവംതരുമെന്ന' ഉറപ്പുമാത്രം. ഈ ഉറപ്പിൻമേൽ ഇതാ ഇവിടെയൊരു മലയിറക്കം..... മുണ്ടൻമല വിട്ട് താഴ്വരയിലേക്ക്....മുന്നിൽ നടന്നവന്റെ ഹൃദയഭാരം കുറച്ച് കൂടെ നിഴൽ പോലെ നടന്ന ദൈവസ്നേഹിതൻ; മാർ തെയോഫിലോസ്. ആ പുണ്യജനനത്തിന്റെ നൂറ്റിയിരുപത്തഞ്ച് വർഷങ്ങൾ നാം പിന്നിടുന്നു, സ്വർഗ്ഗപ്രവേശനത്തിന്റെ അറുപതു വർഷങ്ങളും അനുധാവനത്തിന്റെ ആത്മീയശോഭ തിരുവല്ലായുടെ മണ്ണിൽ നന്മയുടെ പുഷ്പങ്ങൾ വിരിയിച്ചു......ആ പൂക്കൾ ഇന്നും ഇനിയും ഇവിടെ വിടരട്ടെ........

# ഇടയശബ്ദം


**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്**
**മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്**



## ജനാധിപത്യ വിജയം; അവയവദാന മഹത്വം; ഒപ്പം ദർശനം പകരുന്ന വിദ്യാഭ്യാസവും

ഏറെ അഭ്യൂഹങ്ങൾക്കും ആകാംഷകൾക്കും ഒടുവിൽ കേരളജനതയുടെ ജനാധിപത്യബോധവും നിശ്ചയദാർഢ്യവും ഉയർന്നതു കണ്ടുകൊണ്ടാണ് മെയ് 19-ാം തീയതി അസ്തമിച്ചത്. പതിവുകൾ തെറ്റിക്കാതെ മാറി മാറി ഭരണങ്ങൾ വരുന്നു. സാമുദായിക-മത ഏകീകരണങ്ങൾ ഉടലെടുത്തപ്പോൾ അവയെ ചെറുത്തുനിൽക്കുന്നതായിട്ടാണ് തെരഞ്ഞെടുപ്പ് ഫലം വിലയിരുത്തപ്പെടുന്നത്. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ചുരുങ്ങിയ ദിവസങ്ങൾ കൊണ്ടുതന്നെ തീരുമാനങ്ങൾ ഉള്ള വ്യക്തിയായും സമുദായങ്ങളുടെ വിലപേശലുകൾക്കപ്പുറം ഉറച്ചുനിന്നതും സാധാരണ ജനങ്ങൾ താത്പര്യ





ത്തോടെ കണ്ടു. സാമുദായിക ധ്രുവീകരണം ഏറെ അപകടം നിറഞ്ഞ നിലയിലേക്കു മാറുമ്പോൾ അതിനെ തിരുത്തേണ്ടത് തന്നെ. പക്ഷെ ഈ ശൈലികൾ പാർട്ടി അനുഭാവികൾക്കു മാത്രമുള്ള സൗകര്യങ്ങളായി തീരുമ്പോൾ പാർട്ടി സാമുദായികത്വത്തെക്കാൾ അപകടകരമായി മാറും. ഇവിടെയാണ് സ്വേച്ഛാധിപത്യത്തിന്റെ കൊടിയേറ്റവും ജനാധിപത്യത്തിന്റെ ദുർമരണവും സംഭവിക്കുക. ജനാധിപത്യ പ്രക്രിയയിലൂടെ പാർട്ടികൾക്കും നേതാക്കന്മാർക്കും പൊതുജനം സന്ദേശം നൽകിക്കഴിഞ്ഞു. അത് സ്വീകരിച്ചുകൊണ്ടാകണം ജനോന്മുഖമായ വികസന പദ്ധതികളും പ്രകൃതിയെ സംരക്ഷിച്ചുകൊണ്ടുള്ള മുന്നേറ്റങ്ങളും നടത്തേണ്ടത്. ജനങ്ങൾ ഏറെ പ്രതീക്ഷ അർപ്പിച്ചുകൊണ്ടാണ് ഈ തെരഞ്ഞെടുപ്പിൽ തങ്ങളുടെ തീരുമാനങ്ങൾ അറിയിച്ചത്. അതുസാദ്ധ്യമാക്കുവാനുള്ള എല്ലാ നന്മകളും ആദരണീയനായ മുഖ്യമന്ത്രിക്കും സഹപ്രവർത്തകർക്കും നേരുന്നു; പ്രാർത്ഥിക്കുന്നു. സമാധാനം കാത്തുസംരക്ഷിക്കേണ്ട ചുമതല എല്ലാവരുടേതുമാണ്. ക്രിയാത്മാകമായി എല്ലാവരും ഈ കാര്യത്തിൽ സഹകരിക്കണം; പ്രത്യേകിച്ച് ഭരണാധികാരികൾ.

ജീവിതത്തിൽ ദർശിക്കുന്ന ചില വൈരുദ്ധ്യങ്ങളുണ്ട്. നാം എതിർക്കുന്നതിനെ നാം പോലുമറിയാതെ ആശ്ലേഷിക്കുന്നതാണ് അതിൽ ഒന്ന്. ആശയപരമായ വാദമുഖങ്ങൾ ഉന്നയിക്കേണ്ടതുതന്നെ. എന്നാൽ അതിനെ അടിച്ചമർത്തുവാനും കായികബലംകൊണ്ട് നേരിടുവാനും ശ്രമിക്കുന്നത് അപകടകരമാണ്. അത് നാം ഏതിനെ എതിർക്കുന്നുവോ അതിന്റെ വളർച്ചയ്ക്ക് സഹായിക്കുകയേയുള്ളൂ. ആയതിനാൽ പ്രതിപക്ഷ ബഹുമാനത്തോടെ എല്ലാവരെയും ചേർത്തുനിർത്തി നാടിനെ നന്മയിലേക്കാകർഷിക്കുവാനും വളർത്തുവാനും കഴിയണം. പലരും സമുദായിക പിൻബലംകൊണ്ടാണ് ജയിച്ചതെന്ന് പറയുമ്പോൾ ജനാധിപത്യ പ്രക്രിയയ്ക്ക്

(ശേഷം 34-ാം പേജിൽ)

ഐക്യദീപം
Aikyadeepam

2016 ജൂൺ പുസ്തകം 47 ലക്കം 4

രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ

സഹ രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. ഫീലിപ്പോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ

ചീഫ് എഡിറ്റർ
ഫാ. വർഗ്ഗീസ് ചാമക്കാലായിൽ

പ്രസാധകൻ
തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്ക്കോപ്പാ

ഓഫീസ് സ്റ്റാഫ്
എബിൻ തോമസ്

ഉപദേശക സമിതി
മോൺ. ആന്റണി ചെത്തിപ്പുഴ
റവ. ഫാ. ചെറിയാൻ താഴമൺ
റവ. ഫാ. പ്രേമാനന്ദ് ഒ.ഐ.സി.
ശ്രീ. ഷാജി കാരയ്ക്കൽ
പ്രൊഫ. ജേക്കബ് എം. ഏബ്രഹാം
ശ്രീ. ജോമി കലയപുരം
ശ്രീ. ജിജി മുളമൂട്ടിൽ
ശ്രീമതി ലീലാമ്മ കച്ചറയ്ക്കൽ

# ഉള്ളടക്കം



06 തന്റെ ഗുരുവിന്റെ ശബ്ദം
ജോമി കലയപുരം

10 തിരുവല്ല അതിരൂപതയുടെ അടിത്തറ ഉറപ്പിച്ച ശ്രേഷ്ഠാചാര്യൻ മാർ തെയോഫിലോസ്
ഫാ. ചെറിയാൻ താഴമൺ

17 തപോവിശുദ്ധിയുടെ കർമ്മബലം
പീറ്റർ സി. ഏബ്രഹാം

20 കാണാപ്പുറങ്ങൾ
സി. എലൈസ് മേരി ചേറ്റാനി എഫ്.സി.സി.

24 കടിഞ്ഞാൺ ഇല്ലാത്ത സെൽഫി
ടോംസ് ആന്റണി

സ്ഥിരം പംക്തികൾ
എഡിറ്റോറിയൽ
പ്രബോധനം
ഇടയശബ്ദം
SHAPE YOUR GOALS
അമ്മ മനസ്സ്
ഉള്ളതുപറഞ്ഞാൽ

Printing at: Dona Offset, Kottayam

Annual Subscription ₹ 120.00
Single Copy ₹ 10.00
Overseas: $40.00 or ₹ 2750

Bank Details :
Chief Editor, Aikyadeepam
Andhra Bank, Tiruvalla 689 101
A/c No. 110110100023901
IFSC. ANDB0001101
SWIFT CODE: ANDBINBB

Designed by :
Prasad P. S.
Greeshma Designs, Kottayam
Ph: 9447304348
gdesignktm@gmail.com

All correspondence regarding Agency and Subscription: Chief Editor, Aikyadeepam Monthly, St. John's Complex , Kacheripady, Tiruvalla-1. Phone: 0469-2600626 E-mail: aikyadeepamtvla@gmail.com

HIS MASTER'S VOICE

# തന്റെ ഗുരുവിന്റെ ശബ്ദം





ജോമി തോമസ് കലയപുരം

"ആകയാൽ കർത്താവിനെ ഭയപ്പെടുകയും ആത്മാർത്ഥതയോടും വിശ്വസ്തതയോടും കൂടെ അവിടുത്തെ സേവിക്കുകയും ചെയ്യുവിൻ"
(ജോഷ്വാ 24:14)

ഈ വേദവാക്യം അക്ഷരാർത്ഥത്തിൽ അനുസരിച്ച് ജീവിച്ച് വാങ്ങിപ്പോയ പുണ്യചരിതനായ അഭിവന്ദ്യ യാക്കോബ് മാർ തെയോഫിലോസ് പിതാവിന്റെ 60–ാം ഓർമ്മപ്പെരുന്നാൾ സമാഗതമായിരിക്കുന്നു. 1891 ഫെബ്രുവരി 26 ന് ഭൂജാതനായ തെയോഫിലോസ് പിതാവിന്റെ ശതോത്തര ജൂബിലി ജന്മവാർഷികം ആഘോഷിക്കുന്ന വേള കൂടിയാണ്. ആഴമായ ജീവിത വിശുദ്ധിയിലും പ്രാർത്ഥനാ ചൈതന്യത്തിലും തപോനിഷ്ഠയിലും അടിയുറച്ചു ജീവിച്ച തെയോഫിലോസ് പിതാവിന്റെ ആത്മീയതയുടെ പ്രഭാനാളങ്ങൾ നമുക്കിന്നും പ്രകാശം പകരുന്നു.

ദൈവസംസർഗ്ഗത്തിനായി അനേകം ഹൃദയ മനസ്സുകളെ ഒരുക്കിയതിന്റെ പേരിൽ തെയോഫിലോസ് പിതാവിനെ 'തന്റെ ഗുരുവിന്റെ ശബ്ദം' എന്നു കളിയാക്കിയും കാര്യമാക്കിയും വിളിച്ചിരുന്നു. ഗ്രീക്ക് തത്വചിന്തകന്മാരായ പ്ലേറ്റോയുടേയും അരിസ്റ്റോട്ടിലിന്റെയും

പഠനക്കളരികളിൽ (അക്കാഡമി, ലൈസിയം) വിദ്യാർത്ഥികളെ സംബന്ധിച്ച് പ്രചരിച്ചുപോന്ന ഒന്നായിരുന്നു മേലുദ്ധരിച്ച വാക്യം. ഗുരുവിന്റെ ശബ്ദം അവസാന വാക്കായി അവർ കരുതിയിരുന്നു. തെയോഫിലോസ് പിതാവിന്റെ ജീവിതവുമായി ബന്ധപ്പെട്ട് ഈ വാക്യം പരിശോധിച്ചാൽ അക്ഷരാർത്ഥത്തിൽ യോജിക്കുന്നതാണ് ഈ വാക്യമെന്ന് നമുക്കു മനസ്സിലാക്കാൻ കഴിയും.

ഗുരുവിന്റെ മഹത്വം തിരിച്ചറിഞ്ഞ് ആത്മീയമായും ഭൗതികമായും അനുസരണയോടെ ജീവിച്ച പിതാവിന്റെ സമർപ്പിതജീവിതത്തിന്റെ ചില ശ്രേഷ്ഠവശങ്ങളെ അടുത്തറിയാം.

### 1. യേശുവിനെ ഗുരുവായി സ്വീകരിച്ച തെയോഫിലോസ് പിതാവ്

ചെറുപ്പകാലം മുതലേ ക്രിസ്തുവിന്റെ ദൈവരാജ്യ പദ്ധതിയിൽ പങ്കുചേരാൻ ആഗ്രഹിച്ച തെയോഫിലോസ് പിതാവ് അതിനുവേണ്ടി അഹോരാത്രം പ്രയത്നിച്ചു. ആഴമുള്ള കൗദാശിക ജീവിതത്തിന്റെ ഉടമയായിരുന്നു പിതാവ്. പ്രാർത്ഥനയിലൂടെയും ഉപവാസത്തിലൂടെയും കാരുണ്യ പ്രവർത്തികളിലൂടെയും പിതാവ് തന്റെ ഗുരുവായ യേശുവിന്റെ വാക്ക് അവസാന വാക്കായി സ്വീകരിച്ചു. ക്രിസ്തുവിന്റെ വിശ്വസ്തനും വിവേകിയുമായ ഭൃത്യനായി (മത്തായി 24-45-47) (ലൂക്കാ 16,10) ഈ മഹാപുരോഹിതൻ ജീവിതത്തെ മാറ്റിവച്ചു. തന്റെ ഗുരുവുമായുള്ള ബന്ധം സുദൃഢമായിരിക്കുവാൻ പ്രാർത്ഥനയും പരിത്യാഗവും സുകൃതാഭ്യാസമായി പിതാവ് കണ്ടിരുന്നു. പിതാവായ ദൈവത്തോടുള്ള ബന്ധം പ്രാർത്ഥന വഴി തെയോഫിലോസ് പിതാവ് പൂർണ്ണമാക്കി. ലോകം ഉണർന്നിരിക്കുമ്പോഴും ഉറങ്ങുമ്പോഴും തെയോഫിലോസ് പിതാവ് മറ്റുള്ളവർക്കുവേണ്ടി ദൈവസന്നിധിയിൽ നെഞ്ചത്തടിച്ച് കണ്ണീർ വാർത്ത് പ്രാർത്ഥിച്ചു. സന്യാസത്തിന്റെ അന്തസത്തകളായ ദാരിദ്ര്യവും അനുസരണവും ബ്രഹ്മചര്യവും യേശുവാം ഗുരുവിനു സമർപ്പിച്ചു. പകരം ഏറ്റുവാങ്ങിയതോ ക്ലേശങ്ങളും, മനഃപീഡകളും, ശാരീരികാസ്വാസ്ഥ്യങ്ങളും, കടങ്ങളും. ഗുരുവിന്റെ ഈ തല്ലും തലോടലും സ്വമേധയാ സ്വീകരിച്ച് ഉത്തമ ക്രിസ്തുശിഷ്യനായി ദൈവസന്നിധിയിലേക്ക് മടങ്ങിപ്പോകാൻ തെയോഫിലോസ് പിതാവിനു കഴിഞ്ഞു. ഗുരുവിന്റെ ശബ്ദം പിതാവ് ശ്രവിച്ചത് ഇപ്രകാരമാണ്: "സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരാകുവിൻ."

**തന്റെ ഗുരുവുമായുള്ള ബന്ധം സുദൃഢമായിരിക്കുവാൻ പ്രാർത്ഥനയും പരിത്യാഗവും സുകൃതാഭ്യാസമായി പിതാവ് കണ്ടിരുന്നു. പിതാവായ ദൈവത്തോടുള്ള ബന്ധം പ്രാർത്ഥന വഴി തെയോഫിലോസ് പിതാവ് പൂർണ്ണമാക്കി. ലോകം ഉണർന്നിരിക്കുമ്പോഴും ഉറങ്ങുമ്പോഴും തെയോഫിലോസ് പിതാവ് മറ്റുള്ളവർക്കു വേണ്ടി ദൈവസന്നിധിയിൽ നെഞ്ചത്തടിച്ച് കണ്ണീർ വാർത്ത് പ്രാർത്ഥിച്ചു.**

### 2. ഗുരുവായ ദൈവദാസൻ മാർ ഈവാനിയോസുമൊത്ത്

കോട്ടയം എം.ഡി. സെമിനാരിയിൽ ആയിരിക്കുമ്പോൾ ആരംഭിച്ച ബന്ധമാണ് ദൈവദാസൻ ആർച്ചു ബിഷപ്പ് മാർ ഈവാനിയോസ് പിതാവും തെയോഫിലോസ് പിതാവും തമ്മിലുള്ളത്. പ്രൈമറി പഠനത്തിനുശേഷം കോട്ടയം എം.ഡി. സെമിനാരിയിൽ ചേർന്നു പഠനം തുടർന്ന തെയോഫിലോസ് പിതാവ് (കെ.എ. യാക്കോബ്) മെട്രിക്കുലേഷൻ പാസ്സായതിനുശേഷം അവിടെതന്നെ അദ്ധ്യാപകനായി ജോലി നോക്കിയിരുന്നു. ഇക്കാലത്ത് എം.ഡി. സെമിനാരി പ്രിൻസിപ്പലായിരുന്ന എം.എ. അച്ചനോടൊപ്പമാണ് (ആർച്ചു ബിഷപ്പ് മാർ ഈവാനിയോസ്) അദ്ദേഹം താമസിച്ചിരുന്നത്. പിന്നീട് എം.എ. അച്ചനോടൊപ്പം സെറാംപൂരിനു പുറപ്പെടാൻ തയ്യാറായ യാക്കോബ് ശെമ്മാശ്ശൻ അവിടെനിന്ന് ബി.എ. ഓണേഴ്സ് പഠിക്കാനും കഴിഞ്ഞു. സന്യാസ ജീവിതത്തെക്കുറിച്ച് ആഴമായി പഠിക്കുവാനും ചിന്തിക്കുവാനും ഗുരുതുല്യനായ മാർ ഈവാനിയോസ് പിതാവിന്റെ കാലടികളെ പിന്തുടർന്ന് മുണ്ടൻമലയിൽ ത്രിതീയ അംഗമായി മാറാനും യാക്കോബ് ശെമ്മാശ്ശനു കഴിഞ്ഞു. ആശ്രമാദ്ധ്യക്ഷനായ മാർ ഈവാനിയോസ് പിതാവിന്റെ അഭിലാഷപ്രകാരം ബഥനിയിലെ ആശ്രമ ഗുരുസ്ഥാനം ഏറ്റെടുക്കാനും യാക്കോബച്ചൻ (മാർ തെയോഫിലോസ്) തയ്യാറായി. മാർ തെയോഫിലോസ് പിതാവിന്റെ ജീവചരിത്രം രചിച്ച റവ. ഫാ. പക്കോമിയോസ് ഒ.ഐ.സി യുടെ വാക്കുകളിൽ

പറഞ്ഞാൽ "മലങ്കര സഭയിലെ പ്രഥമ സന്യാസ സമൂഹമായ ബഥനി എന്ന വൃക്ഷക്കുരു പാകി കിളിർപ്പിച്ചു നട്ടുപിടിപ്പിച്ചത് ആബോഗീവർഗ്ഗീസായിരുന്നു എങ്കിൽ, ആ ചെടി വളരുന്നതിനാവശ്യമായ വെള്ളവും വളവും നല്കിക്കൊണ്ടിരുന്നത് ആശ്രമഗുരുവായ ബ. യാക്കോബച്ചനായിരുന്നു."

മാർ ഈവാനിയോസ് പിതാവിനെ മനസ്സാ ഗുരുവായി സ്വീകരിച്ച മാർ തെയോഫിലോസ് പിതാവ് അവസാനംവരെ ആ ബന്ധം അഭംഗുരം കാത്തു സൂക്ഷിച്ചിരുന്നു. ജഗൽഗുരുവായ യേശുമിശിഹായുടെ മാതൃകയും മാർ ഈവാനിയോസ് എന്ന സന്യാസിശ്രേഷ്ഠന്റെ ഉപദേശങ്ങളും മാർ തെയോഫിലോസ് പിതാവിനെ ഒരുത്തമ ഗുരുവായി രൂപാന്തരപ്പെടുത്തി.

## 3. ആഗോള സഭാ മാതാവിനെ ഗുരുവായി കണ്ട പിതാവ്

തിരുസഭാ മാതാവിന്റെ വിളി അവസാനവാക്കായി ശ്രവിച്ച വ്യക്തിത്വമാണ് തെയോഫിലോസ് പിതാവ്. ഓർത്തഡോക്സ് സഭയിലെ എപ്പിസ്ക്കോപ്പാ പദവിയും ലഭ്യമാകാമായിരുന്ന മറ്റു പദവികളും തുച്ഛമായി കണ്ട് അതെല്ലാം വലിച്ചെറിഞ്ഞ് തിരുസഭാ മാതാവിന്റെ മടിത്തട്ടിലേക്ക് മാർ ഈവാനിയോസ് പിതാവിന്റെ സഹചാരിയായി അനേകായിരങ്ങളെ ആനയിച്ച തെയോഫിലോസ് പിതാവിന്റെ മഹത്ത്വം മാറ്റ് ഏറുന്നതാണെന്ന് കാലം തെളിയിച്ചുകൊണ്ടിരിക്കുന്നു. സാർവ്വത്രിക സഭയിലേക്കുള്ള തീർത്ഥാടനത്തിന്റെ സാരഥിയായി നിലകൊള്ളാൻ തെയോഫിലോസ് പിതാവ് തുനിഞ്ഞത് മാർ ഈവാനിയോസ് പിതാവിന് ഏറെ ആത്മധൈര്യവും ശക്തിയും നൽകി എന്നുതന്നെ പറയാൻ കഴിയും.



## 4. വിശുദ്ധരെ ഗുരുവായി കണ്ട പിതാവ്

ചെറുപ്പകാലം മുതലേ വിശുദ്ധരുടെ ജീവിതം തെയോഫിലോസ് പിതാവിന് പ്രേരണയും പ്രചോദനവും നൽകിയിരുന്നു. പരിശുദ്ധ ദൈവമാതാവിനോടുള്ള ഭക്തിയും വണക്കവും പിതാവിന്റെ ജീവിതത്തിലുടനീളമുണ്ടായിരുന്നു. വി. കൊച്ചു ത്രേസ്യായെ രൂപതയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥരിൽ ഒരാളായി തെരഞ്ഞെടുക്കാൻ ഈ വിശുദ്ധയോടുള്ള പിതാവിന്റെ അചഞ്ചല ഭക്തി കാരണമായി. വി. യോഹന്നാൻ ശ്ലീഹായും പിതാവിനെ സ്വാധീനിച്ചിരുന്നു. പാശ്ചാത്യ സന്ദർശനവേളയിൽ ലിസ്യുവിലെ കർമ്മലീത്താ മഠം സന്ദർശിച്ച് അവിടെ ബലി അർപ്പിക്കുകയും കബറിടം സന്ദർശിച്ച് വി. കൊച്ചു ത്രേസ്യായുടെ മാദ്ധ്യസ്ഥം യാചിക്കുകയും ചെയ്യാൻ പിതാവിനു കഴിഞ്ഞു. വി. കൊച്ചു ത്രേസ്യായുടെ ജ്യേഷ്ഠസഹോദരി മദർ ആഗ്നസിനോട് സംസാരിക്കാനും പിതാവിനു കഴിഞ്ഞു. വി. കൊച്ചു ത്രേസ്യായുടെ തിരുശേഷിപ്പ് അവർ പിതാവിനു സമ്മാനിച്ചു.

ജീവിച്ചിരുന്ന കാലത്തേ വിശുദ്ധിയിൽ ജീവിക്കാൻ പരിശ്രമിച്ച പിതാവിനെ ജീവിക്കുന്ന വിശുദ്ധൻ എന്ന് പലരും അഭിസംബോധന ചെയ്തിരുന്നു. ലോകത്തിന്റെ പ്രലോഭനങ്ങളെ ഉപേക്ഷിച്ച് ദൈവഹിതം നിറവേറ്റുന്നതിൽ സന്തോഷവും സംതൃപ്തിയും കണ്ടിരുന്ന വിനീത ദാസനായിരുന്നു അഭി. തെയോഫിലോസ് പിതാവ്. മലങ്കര സഭയുടെ നവീകരണം ലക്ഷ്യമാക്കി താപസ ജീവിതം നയിക്കാനും പുനരൈക്യ പ്രസ്ഥാനത്തിനായി സർവ്വതും ത്യജിക്കാനും രൂപതയുടെ വളർച്ചയ്ക്കായി അഹോരാത്രം യജ്ഞിക്കാനും പിതാവിനു പ്രേരണ നൽകിയ ശബ്ദം വിശുദ്ധന്മാരിൽ നിന്നും ശ്രവിച്ച വാക്കായിരുന്നു. വിശുദ്ധരിൽനിന്നും പിതാവ് സമാഹരിച്ച് നമുക്കു നൽകിയ ജീവിതവിശുദ്ധിയാണ് ഇന്നത്തെ നമ്മുടെ മൂലധനം. 1932-ൽ റോമും പാശ്ചാത്ത്യ രാജ്യങ്ങളും സന്ദർശിച്ച വേളയിൽ മാർ തെയോഫിലോസ് പിതാവിനെ അടുത്തറിഞ്ഞവരും ആ ജീവിത വിശുദ്ധിയുടെ പരിമളം ആസ്വദിച്ചവരും അഭിസംബോധന ചെയ്ത വാക്കാണ് ജീവിക്കുന്ന വിശുദ്ധൻ (living Saint) എന്നും ദൈവദൂത സമാനനായ ഒരു മനുഷ്യൻ (An An-

gelic Man) എന്നും. ഈ വാക്കുകൾ അന്വർത്ഥമാക്കിയ പിതാവിന്റെ ജീവിത വിശുദ്ധി നമുക്ക് എപ്പോഴും അനുകരണീയമാണ്.

### 5. സ്വശിഷ്യരെ ഗുരുവായി സ്വീകരിച്ച പിതാവ്

നിങ്ങളിൽ ഏറ്റവും വലിയവൻ ഏറ്റവും ചെറിയവനേപ്പോലെയും അധികാരമുള്ളവൻ ശുശ്രൂഷകനേപ്പോലെയും ആയിരിക്കണം (ലൂക്കാ 22:26) എന്ന കർത്തൃവചനത്തിലധിഷ്ഠിതമായിട്ടാണ് ബഥനി ആശ്രമഗുരുവായിരിക്കുമ്പോൾ തെയോഫിലോസ് പിതാവ് ജീവിച്ചത്. സന്യാസജീവിത പരിശീലനക്രമങ്ങൾ അഭംഗുരം അനുസരിപ്പിക്കാനും അഭ്യസിപ്പിക്കാനും പിതാവിനു കഴിഞ്ഞു. "ശിഷ്യൻ ഗുരുവിനേക്കാൾ വലിയവനല്ല; ഭൃത്യൻ യജമാനനേക്കാൾ വലിയവനല്ല. ശിഷ്യൻ ഗുരുവിനേപ്പോലെയും ഭൃത്യൻ യജമാനനേപ്പോലെയും ആയാൽ മതി" (മത്തായി 10:25) ഈ വാക്യം സ്വജീവിതത്തിൽ പ്രകടിപ്പിച്ച തെയോഫിലോസ് പിതാവ് ഒരു കുട്ടിയുടെ നിഷ്ക്കളങ്കമായ അനുസരണത്തോടെയാണ് അവസാനംവരെ ജീവിച്ചത്. ബഥനിയിൽ വച്ച് പലപ്പോഴും മറ്റുള്ളവരുടെ ആവശ്യങ്ങളെ സ്വന്തം ആവശ്യമായി കരുതി ശുശ്രൂഷിച്ച അവസരങ്ങളുമുണ്ട്. "നിങ്ങളിൽ വലിയവൻ ചെറിയവനേപ്പോലെയും നേതാവ് സേവകനേപ്പോലെയും ആയിരിക്കണം. ഞാൻ നിങ്ങളുടെ ഇടയിൽ പരിചാരകനേപ്പോലെയാണ്" (ലൂക്കാ 22:26-27). ഈ ജീവിതമാതൃക പിതാവിന്റെ സവിശേഷത അർഹിക്കുന്ന മനുഷ്യസ്നേഹത്തിന്റെ ഉദാത്തമാതൃക കൂടിയാണ്. മറ്റുള്ളവർക്ക് സേവനങ്ങൾ ചെയ്യുന്നതിൽ പിശുക്കു കാട്ടുന്ന പുതുതലമുറ തെയോഫിലോസ് പിതാവിന്റെ പരസ്നേഹത്തിലും, പരസഹായത്തിലും ആനന്ദം കൊള്ളുന്ന മനസ്സ് പാഠപുസ്തകമായി സ്വീകരിക്കണം.

**ആഗോളസഭയുടെ ആരാമത്തിൽ സഭാ മാതാവിന്റെ തലോടൽ കഴിഞ്ഞ എൺപത്തിയാറു വർഷങ്ങളായി സമാധാനത്തിന്റേയും ഐക്യത്തിന്റേയും പരിലാളനകളേറ്റ് ജീവിക്കുന്ന മലങ്കര കത്തോലിക്കരായ നമുക്ക് അഭിവന്ദ്യ തെയേഫിലോസ് പിതാവ് ഒരു ഇതിഹാസമാണ്.**

### ഉപസംഹാരം

ഇത്തരത്തിൽ പഞ്ചഗുരുക്കന്മാരുടെ വാക്കും വിളിയും ശബ്ദവും അവസാനവാക്കായി സ്വജീവിതത്തിൽ പകർത്തിയ അഭിവന്ദ്യ തെയോഫിലോസ് പിതാവ് നമ്മിൽ ആദരവും അത്ഭുതവും ഉളവാക്കുന്നു. പ്രാർത്ഥനയുടേയും നന്മയുടേയും കാരുണ്യത്തിന്റേയും ആൾരൂപമായി നമുക്കൊപ്പം നിലകൊണ്ട ഈ മഹാപുരോഹിതന്റെ ധന്യമായ ഓർമ്മകൾ അയവിറക്കുമ്പോൾ, സഭയെ വിശ്വാസതീക്ഷ്ണതയിൽ വളർത്താൻ ജീവിതം ഉഴിഞ്ഞുവെച്ച പിതാവ് ഒരു പ്രകാശഗോപുരമായി നിലകൊള്ളുന്നു. പിതാവിന്റെ ജീവിതവും ദർശനങ്ങളും കെടാത്ത അഗ്നിയാണ്. ആ അഗ്നിജ്വാല അനേകം മനുഷ്യമനസ്സുകളെ ഉരുക്കി ദൈവമക്കളാകാൻ സഹായിച്ചു. ഇന്നും സഹായിച്ചുകൊണ്ടിരിക്കുന്നു.

ആഗോളസഭയുടെ ആരാമത്തിൽ സഭാ മാതാവിന്റെ തലോടൽ കഴിഞ്ഞ എൺപത്തിയാറു വർഷങ്ങളായി സമാധാനത്തിന്റേയും ഐക്യത്തിന്റേയും പരിലാളനകളേറ്റ് ജീവിക്കുന്ന മലങ്കര കത്തോലിക്കരായ നമുക്ക് അഭിവന്ദ്യ തെയേഫിലോസ് പിതാവ് ഒരു ഇതിഹാസമാണ്. അറിയാതെ കടന്നുവരുന്ന അലസതയും ആലസ്യവും കൈവെടിയാനുള്ള ആവേശമാണ് പിതാവ്. സുവിശേഷത്തിലെ കടുകുമണിയായും ഉപ്പായും ജീവിക്കാനുള്ള പ്രചോദനമാണ് പിതാവ്. ദൈവത്തെ ഓർമ്മിപ്പിക്കുന്ന സാന്നിദ്ധ്യമായി പിതാവ് നമുക്കു മുന്നിൽ നിലകൊള്ളുന്നു. തന്റെ ഗുരുവിന്റെ ശബ്ദം അവസാനവാക്കായി കരുതി ഗുരുതുല്യനായി ജീവിച്ച് ഗുരുവിനുതന്നെ ജീവിതം സമർപ്പിച്ച ഈ വിശ്വാസതേരാളിയുടെ പ്രസാദപൂർണ്ണമായ ജീവീത സൗരഭ്യം ഹൃദ്യവും ആസ്വാദ്യകരവുമാണ്. സത്യവാനും ഉന്നത ഗോപുരമായി നിലകൊള്ളുന്ന പിതാവിന്റെ ജീവിതതേജസ്സ് മലങ്കര സുറിയാനി കത്തോലിക്കാ മക്കൾക്ക് എക്കാലവും കോട്ടയും കാവലുമായിരിക്കട്ടേ.

■



# തിരുവല്ല അതിരൂപതയുടെ അടിത്തറ ഉറപ്പിച്ച ശ്രേഷ്ഠാചാര്യൻ

# മാർ തെയോഫിലോസ്



**ഫാ. ചെറിയാൻ താഴമൺ**
(സി.ഇ.ഒ. ദീപിക)

**ആമുഖം**

മധ്യതിരുവിതാംകൂറിലെ ജനങ്ങൾക്ക് ബഹുവിധ ശുശ്രൂഷകൾ നൽകിക്കൊണ്ട് പരിലസിക്കുന്ന തിരുവല്ലാ അതിരൂപതയുടെ ആദ്യ അധ്യക്ഷനായിരുന്ന പുണ്യശ്ലോകനായ കളപ്പുരയ്ക്കൽ യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ ജനനത്തിന്റെ ശതോത്തര രജതജൂബിലി വർഷത്തിൽ (ജനനം: 26-02-1981) അദ്ദേഹത്തിന്റെ മരണത്തിന്റെ പ്ലാറ്റിനം ജൂബിലിയും (മരണം: 27-06-1956) കടന്നുവന്നിരിക്കുന്നു. ആളും അർത്ഥവും തുലോം തുഛവും എതിരാളികളുടെ എതിർപ്പുകൾ അതിശക്തവുമായിരുന്ന കാലത്ത് നവജാതയായ തിരുവല്ലാ രൂപതയ്ക്ക് അടിസ്ഥാനം ഇടുവാൻ ദൈവത്താൽ നിയുക്തനായത് അഭിവന്ദ്യ തെയോഫിലോസ് തിരുമേനി ആയിരുന്നു. പരിശുദ്ധ കത്തോലിക്കാ സഭയുടെ കാനോനകളും സംവിധാനങ്ങളും അധികാരഘടനകളും പ്രവർത്തന ശൈലികളും അപരിചിതങ്ങളായിരുന്ന അദ്ദേഹത്തിന് ഈ ദൗത്യം ഏറെ ശ്രമകരമായിരുന്നു. സഭാശാസ്ത്രപരമായും വിശുദ്ധ ഗ്രന്ഥപരമായും ചരിത്രപരമായും യേശു




ക്രിസ്തു സ്ഥാപിച്ച അപ്പസ്തോലിക കൂട്ടായ്മയുടെ പൂർണത പത്രോസിന്റെ പിൻഗാമിയായ റോമിലെ പരിശുദ്ധ മാർപാപ്പാ നേതൃത്വം നൽകുന്ന സാർവത്രിക സഭയാണ് എന്ന തിരിച്ചറിവാണ് ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തയോടൊപ്പം പുനരൈക്യ തീരുമാനത്തിൽ ഉറച്ചു നിൽക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. താപസനും സന്യാസിയുമായിരുന്ന അദ്ദേഹത്തിന്റെ ഏക കൈമുതലായിരുന്ന, '**ദൈവസേവനത്തെക്കാൾ അത്യുത്തമം ദൈവസമ്പാദനമാണ്**' എന്ന തന്റെ ഗുരുവിന്റെ ആത്മിക ദർശനത്തിൽ ഉറച്ചുനിന്നുകൊണ്ട് സഭയെ പണിയുവാനായിരുന്നു അദ്ദേഹത്തിന്റെ ശ്രമം.

എട്ടു പതിറ്റാണ്ടുകൾക്കു മുമ്പ് അദ്ദേഹം സ്ഥാപിച്ച ബലിഷ്ഠമായ അടിത്തറമേലാണ് തിരുവല്ലാ രൂപത വളർന്ന് അതിരൂപതയായും ബത്തേരി, മൂവാറ്റുപുഴ, പുത്തൂർ രൂപതകൾ ഉൾക്കൊള്ളുന്ന പ്രോവിൻസായും രൂപപ്പെട്ടത്. അഞ്ചോ ആറോ വർഷം മാത്രം നേരിട്ട് നേതൃത്വം നൽകിയിട്ട് അദ്ദേഹം തിരശീലയ്ക്ക് പിന്നിലേക്ക് മാറി എങ്കിലും പ്രബലമായ പല സമുദായങ്ങളുടെയും സഭാവിഭാഗങ്ങളുടെയും ശക്തമായ സാന്നിധ്യവും ഭരണകേന്ദ്രങ്ങളും ഉള്ള തിരുവല്ലായിൽ സേവനമേഖലയിൽ മുൻനിരയിൽ സ്ഥാനം ഉറപ്പിക്കാൻ തക്ക ശക്തിയും ഊർജവും നേടാൻ തിരുവല്ലാ അതിരൂപതയ്ക്ക് സാധ്യമായതിന്റെ രഹസ്യം മാർ തെയോഫിലോസ് മെത്രാപ്പോലീത്ത പാകിയ അടിസ്ഥാനമാണെന്നതിൽ സംശയമില്ല. അദ്ദേഹത്തിന്റെ നേതൃത്വത്തിന്റെ സവിശേഷതകൾ എന്തായിരുന്നു? അദ്ദേഹം നൽകിയ അടിസ്ഥാനത്തിന്റെ പ്രത്യേകതകൾ എന്തൊക്കെ ആയിരുന്നു? അന്വേഷണം ആരംഭിക്കാം.

## ഉൾക്കാഴ്ച നൽകുന്ന മൂന്ന് ഉദ്ധരണികൾ

അഭിവന്ദ്യ യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ ജനനത്തിന്റെ ശതോത്തര രജതജൂബിലി വർഷാരംഭത്തോടനുബന്ധിച്ച് നമ്മുടെ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവാ **2015 മേയ് 20-ന് CPL3/2015 ആയി പുറപ്പെടുവിച്ച ഇടയലേഖന**ത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: ".... മധ്യതിരുവിതാംകൂറിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് ശക്തമായ അടിസ്ഥാനം ഉറപ്പിക്കുവാൻ ദൈവം '**തന്റെ ഭക്തനായ**' മാർ തെയോഫിലോസ് പിതാവിനെ ഉപകരണമാക്കി. അനേകായിരങ്ങൾ മാനസാന്തരപ്പെട്ട് സുവിശേഷം സ്വീകരിക്കുകയും പുനരൈക്യപ്പെട്ട് സാർവത്രിക സഭാകൂട്ടായ്മയിലേക്ക് വരികയും ചെയ്തുകൊണ്ടിരുന്നു. അവർക്കാവശ്യമായ ഇടവക സംവിധാനങ്ങളും പള്ളികളും സ്വരുക്കൂട്ടുന്നതിനും പൗരോഹിത്യ ശുശ്രൂഷകൾക്കാവശ്യമായ വൈദികരുടെ സേവനം ലഭ്യമാക്കുന്നതിനും രൂപതയ്ക്കാവശ്യമായ ഭരണകേന്ദ്രം ഉണ്ടാക്കുന്നതിനും കാനൻ നിയമപ്രകാരമുള്ള ഭരണസംവിധാനങ്ങൾ ക്രമീകരിക്കുന്നതിനും ഇന്നത്തെ എം.സി.എ.യുടെ ആദ്യരൂപമായ 'വിശ്വാസസാക്ഷ്യസംഘം' എന്ന അല്മായ സംഘടന രൂപപ്പെടുത്തുന്നതിനും അദ്ദേഹം കാണിച്ച ദീർഘവീക്ഷണവും നേതൃപാടവവും ചരിത്രത്തിന്റെ ഭാഗമാണ്. ദീർഘകാലം നേതൃത്വം നൽകാൻ ശാരീരിക ആരോഗ്യം അദ്ദേഹത്തെ അനുവദിച്ചില്ലെങ്കിലും ഇപ്പോൾ സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ സ്ഥിതി ചെയ്യുന്ന സ്ഥലവും പ്രഥമ കത്തീഡ്രൽ ദൈവാലയവും പുഷ്പഗിരി മെഡിക്കൽ കോളജും അനുബന്ധ സ്ഥാപനങ്ങളും സ്ഥിതി ചെയ്യുന്ന സ്ഥലവും ചെറുപുഷ്പഗിരി അരമനയും വൈദിക പരിശീലനത്തിന് മൈനർ സെമിനാരിയും തിരുവല്ലാ ബഥനി ആശ്രമം സ്ഥിതി ചെയ്യുന്ന സ്ഥലവും ആദ്യം അവിടെ ആരംഭിച്ച ദിവ്യരക്ഷകാശ്രമവും ദശകങ്ങൾ പിന്നിട്ടിട്ടും വിശ്വാസികളുടെ എണ്ണം പതിന്മടങ്ങ് വർധിച്ചിട്ടും ആവശ്യത്തിന് സ്ഥലസൗകര്യവും ഉറപ്പുമുള്ള തോട്ടഭാഗം, വെണ്ണിക്കുളം, അയിരൂർ തുടങ്ങിയ പള്ളികളും തിരുവല്ലായിലെ സെന്റ് ജോസഫ് പ്രിന്റിംഗ് ഹൗസും ഇന്നും അദ്ദേഹത്തിന്റെ ശുശ്രൂഷാ കാലത്തെ തേജോമയമായി നിലനിർത്തുന്നു. ശാരീരിക അനാരോഗ്യം മൂലം ഔദ്യോഗിക ശുശ്രൂഷയിൽ നിന്ന് വിരമിച്ച് വിശ്രമജീവിതം നയിച്ചിരുന്ന അദ്ദേഹം തപസിലും പ്രാർത്ഥനയിലും പുലർത്തിയിരുന്ന ചിട്ടയും നിഷ്ഠയും മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് ഇന്നും ആത്മീക ഊർജദായകമായിരിക്കുന്നു" (പേജ് 3-4). മലങ്കര പുനരൈക്യ സംഭവത്തിന്റെ ഇരുപതാം വാർഷികത്തോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച '**പുനരൈക്യ സ്മരണാകിരണങ്ങൾ**' എന്ന സ്മരണികയിൽ മാർ തെയോഫിലോസ് തിരുമേനിയെക്കുറിച്ച് ഫാ. ജോൺ ഒ.ഐ.സി എഴുതിയ ലേഖനത്തിൽ നിന്ന് ഒരു ഭാഗം കൂടി ഉദ്ധരിച്ചുകൊണ്ട് മുമ്പോട്ടു നീങ്ങാം. "പുനരൈക്യത്തിന്റെ പ്രാരംഭകാലത്ത് വന്ദ്യ തിരുമേനി അനുഭവിച്ചിട്ടുള്ള ക്ലേശങ്ങൾ വാചാമഗോചരമത്രെ. ബന്ധുക്കൾ ശത്രുക്കളായി. അനുഭാവികൾ അകന്നവരായി. എവിടെയും ബഥനിക്കാർക്കെതിരായി ദൂഷണങ്ങളെ കേൾപ്പാനുള്ളൂ. ഈ എതിർപ്പിന്റെയെല്ലാം കേന്ദ്രമായ തിരുവല്ലാ പട്ടണം തിരുമേനിയുടെ ആസ്ഥാനവും. ഈ സാഹചര്യത്തിലും പരമകാരുണികനായ ദൈവത്തിലുള്ള വിശ്വാസം തിരുമേനിയെ അക്ഷോഭ്യനായി നിലനിർത്തി. അവിടുത്തെ സൗമ്യതയും വിനയവും എതിർപ്പിനെ ശമിപ്പിക്കുകയും ചെയ്തു. തന്നെ സമീപിക്കുന്ന ഏവരിലും ബഹുമാനാദരങ്ങൾ ഉദ്ദീപിപ്പിക്കുവാൻ പര്യാ

പ്തമായ വർത്തനരീതി ഈ കാലത്ത് അവിടുത്തേക്ക് എത്ര മാത്രം സഹായകമായിരുന്നു എന്നു പറഞ്ഞറിയിക്കേണ്ടതില്ല. ദൈവാനുഗ്രഹത്താലും തിരുമേനിയുടെ നിസ്തന്ദ്രപരിശ്രമത്താലും തിരുവല്ലാ രൂപത ദൈനംദിനം അഭിവൃദ്ധി പ്രാപിച്ചുവന്നു. തിരുവല്ല, നിരണം, കവിയൂർ, കല്ലൂപ്പാറ, വെണ്ണിക്കുളം, അയിരൂർ ആദിയായ പ്രധാന കേന്ദ്രങ്ങളിലെല്ലാം പള്ളികൾ സ്ഥാപിക്കപ്പെട്ടു. ബഥനി മഠം, ബഥന്യാശ്രമം, പെറ്റി സെമിനാരി, സെന്റ് ജോസഫ് പ്രസ്, സ്കൂളുകൾ ആദിയായ പൊതുസ്ഥാപനങ്ങളും വന്ദ്യ തിരുമേനിയുടെ അവിശ്രമപരിശ്രമത്തിന്റെ സാക്ഷികളായി ഉയർന്നുവന്നു" (പേജ് 26). **മാർ തെയോഫിലോസ് ജന്മശതാബ്ദി സ്മരണികയിൽ** ബാർ ഈത്തോ കാശീറോ വി. ജോർജ് ഇരുമേട വന്ദ്യ തിരുമേനിയെ ചികിത്സിച്ച ഡോ. ശങ്കരപ്പിള്ള അദ്ദേഹത്തെക്കുറിച്ച് പറഞ്ഞ ചില കാര്യങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു ഉദ്ധരണി: "നിങ്ങളുടെ തിരുമേനിയെ രോഗിയായി നിങ്ങൾ കാണുകയാണ്. സാധാരണ മനുഷ്യരുടെ ദൃഷ്ടിയിൽ ഇപ്രകാരം തോന്നാമെങ്കിലും എനിക്ക് ഒരു ചികിത്സകൻ എന്ന നിലയിൽ മനസിലാക്കുവാൻ സാധിച്ചു, അദ്ദേഹം ഒരു പുണ്യപുരുഷനാണെന്ന്. അദ്ദേഹം എപ്പോഴും ദൈവത്തോടു സമ്പർക്കം പുലർത്തിക്കൊണ്ട് ഒരു പ്രത്യേക ലോകത്തിൽ എന്നവണ്ണം ജീവിച്ചുകൊണ്ടിരിക്കുകയാണ്. ദൈവവുമായുള്ള ധ്യാനബന്ധത്തിനു കോട്ടം വരത്തക്കവണ്ണം നിങ്ങൾ ആരെങ്കിലും അദ്ദേഹത്തെ സമീപിച്ചാൽ അദ്ദേഹം അസ്വസ്ഥനാകുന്നു എന്നേയുള്ളൂ.... പ്രാർത്ഥനാനിരതനായി ഈശ്വരസാന്നിധ്യത്തിൽ അങ്ങേയറ്റം ആഹ്ലാദിച്ചുകഴിയുന്ന ആ വന്ദ്യ തിരുമേനിയെപ്പറ്റി അദ്ദേഹത്തിന്റെ കാലശേഷം ഭരണങ്ങാനത്തെ അൽഫോൻസാമ്മയെപ്പോലെ നിങ്ങൾക്കു ബോധ്യപ്പെട്ടുകൊള്ളും" (പേജ് 99). തിരുവല്ലാ അതിരൂപതയുടെ അടിത്തറ ആഴത്തിൽ ഉറപ്പിക്കുന്നതിന് സഹായിച്ചത് അഭിവന്ദ്യ തിരുമേനിയുടെ വ്യക്തിത്വത്തിന്റെയും ജീവിതത്തിന്റെയും പ്രത്യേകതകളായിരുന്നു എന്നു മുകളിൽ കണ്ട ഉദ്ധരണികൾ വ്യക്തമാക്കുന്നു.

## വൈദികപരിശീലനം പ്രധാനം

ഹയരാർക്കിയും രൂപതയും നിലവിൽ വരുന്നതിന് മുമ്പുതന്നെ അദ്ദേഹത്തിന്റെ ശ്രദ്ധ ഭാവിവൈദികരുടെ പരിശീലനകാര്യത്തിലായിരുന്നു എന്നത് ആകസ്മികമല്ല. പരിശുദ്ധ കത്തോലിക്കാ സഭയുടെ ചിട്ടയായ വൈദിക പരിശീലനം നേടി ആധ്യാത്മിക ജീവിതത്തിലും ബൗദ്ധികതലത്തിലും ഔന്നത്യം പുലർത്തുന്നവരും തീക്ഷ്ണരുമായ യുവവൈദികർ പുനരൈക്യ പ്രേഷിത ശുശ്രൂഷയ്ക്ക് അനിവാര്യമാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞിരുന്നു. പുനരൈക്യ സംഭവത്തിനുശേഷം ഒരു വർഷം തികയുന്നതിനു മുമ്പുതന്നെ, **1931 സെപ്റ്റംബർ എട്ടാം തീയതി,**




**തിരുവല്ലാ മൈനർ സെമിനാരി ആരംഭിച്ചു. അതായിരുന്നു മലങ്കര സഭയിലെ ആദ്യത്തെ മൈനർ സെമിനാരി.** സെന്റ് ജോൺസ് കത്തീഡ്രൽ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് 1931-ൽ ആരംഭിച്ച മൈനർ സെമിനാരിയാണ് പിന്നീട് ചെറുപുഷ്പഗിരി അരമനയ്ക്ക് സമീപത്തേക്കും കാലാന്തരത്തിൽ മേരിഗിരിയിലേക്കും മാറ്റി സ്ഥാപിച്ചത്. മൈനർ സെമിനാരിയുടെ തുടക്കത്തിനും നടത്തിപ്പിനും സീറോ മലബാർ സഭയിൽ നിന്നും പ്രത്യേകിച്ച് കർമ്മലീത്താ സന്യാസ സഭയിൽ നിന്നും (CMI) പ്രഗത്ഭരും പണ്ഡിതരും പരിശുദ്ധരുമായ വൈദികരുടെ സേവനം ലഭ്യമാക്കുവാനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ബഹു. ജേക്കബ് വെള്ളരിങ്ങാട്ട്, ബഹു. ദൊമിയാനോസ് (ഡാമിയൻ TOCD), ബഹു. നോർബർട്ട് (TOCD) എന്നിവരുടെ സേവനങ്ങൾ സ്മർത്തവ്യമാണ്. ബഹു. ഡാമിയൻ അച്ചന്റെയും ബഹു. നോർബർട്ട് അച്ചന്റെയും സേവനങ്ങൾ ലഭ്യമാക്കുവാൻ കർമ്മലീത്താ സന്യാസ സഭയുടെ പ്രിയോർ ജനറാളിന് മാർ തെയോഫിലോസ് തിരുമേനിയും വികാരി ജനറാൾ മോൺ. സക്കറിയാസ് വാച്ചാപ്പറമ്പിലും എഴുതിയിട്ടുള്ള കത്തുകൾ സെമിനാരി സ്ഥാപനത്തിന് അഭിവന്ദ്യ തിരുമേനി എത്രമാത്രം പ്രാധാന്യം നൽകിയിരുന്നു എന്നതിന്റെ തെളിവാണ്. ചെറുപുഷ്പഗിരിയിലെ സെമിനാരിയുടെ കെട്ടിടം പണികൾക്ക് മേൽനോട്ടം വഹിച്ചതും ബഹു. ഡാമിയനച്ചനായിരുന്നു. *(cf. 13-12-1933, 25-02- 1934, 07-06-1934, 21-07-1936, 28-05-1937, 08-09-1938 തീയതികളിൽ മോൺ. സക്കറിയാസ് വാച്ചാപ്പറമ്പിലും 04-07-1934 അഭിവന്ദ്യ മാർ തെയോഫിലോസ് തിരുമേനിയും കർമ്മലീത്താ സന്യാസ സഭയുടെ പ്രിയോർ ജനറാളിന് എഴുതിയ കത്തുകൾ).* തിരുവല്ലാ മൈനർ സെമിനാരിയിൽ പരിശീലനവും പഠനവും നടത്തിയ നൂറുകണക്കിന് ബഹു. വൈദികരാണ് തിരുവല്ലാ അതിരൂപതയുടെ വളർച്ചയുടെയും ശുശ്രൂഷകളുടെയും ശക്തി എന്നറിയുമ്പോഴാണ് സെമിനാരി തുടങ്ങുന്നതിന് അഭിവന്ദ്യ മാർ തെയോഫിലോസ് തിരുമേനി കാട്ടിയ മുൻഗണനയുടെ പ്രാധാന്യം നാം തിരിച്ചറിയുന്നത്. ക്രാന്തദർശിയായ മാർ ഈവാനിയോസ് തിരുമേനി പോലും തിരുവനന്തപുരം അതിരൂപതയിൽ മൈനർ സെമിനാരി ആരംഭിക്കുന്നതിന് മുമ്പ്, അതും ഹയരാർക്കിയും രൂപതാ ക്രമീകരണവും ഉണ്ടാകുന്നതിന് മുമ്പ്, തിരുവല്ലായിൽ മൈനർ സെമിനാരി ആരംഭിച്ച മാർ തെയോഫിലോസ് പിതാവിന്റെ വീക്ഷണം എത്രയോ മഹത്തരം.

## വൈദികർക്ക് തുടർ പരിശീലനം

ഭാവിവൈദികരുടെ രൂപീകരണത്തിൽ മാത്രമല്ല, യാക്കോബായ സഭയിൽ നിന്നും പുനരൈക്യത്തിലൂടെ പരിശുദ്ധ കത്തോലിക്കാ സഭയിലേക്കുവന്ന ബഹു. വൈദികരുടെ ആത്മികവും അജപാലനപ

രവും ദൈവശാസ്ത്രപരവുമായ രൂപീകരണത്തിലും അഭിവന്ദ്യ പിതാവ് അതീവശ്രദ്ധ പുലർത്തിയിരുന്നു. പുനരൈക്യപ്പെടുന്ന വൈദികർക്ക് ചെത്തിപ്പുഴ കർമ്മലീത്താ കൊവേന്തയിൽ താമസിച്ച് പരിശീലനം നേടുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തിരുന്നതിനു പുറമേ ബഹു. വൈദികർക്ക് തുടർപരിശീലനമായി ക്ലാസുകളും ധ്യാനങ്ങളും നൽകുന്നതിനായി പണ്ഡിതരായ കർമ്മലീത്താ വൈദികരുടെ സേവനവും അദ്ദേഹം തേടിയിരുന്നതായി രേഖകളും കത്തിടപാടുകളും വെളിവാക്കുന്നുണ്ട്. കത്തോലിക്കാ സഭയുടെ പ്രവർത്തനരീതികൾ പരിചയമില്ലാതിരുന്ന പുനരൈക്യപ്പെട്ട ബഹു. വൈദികർക്ക് ലഭ്യമാക്കിയ ഈദൃശ്യപരിശീലനങ്ങളാണ് തിരുവല്ലാ രൂപതയുടെ അടിത്തറ ബലിഷ്ഠമാക്കുവാൻ അഭിവന്ദ്യ തിരുമേനിയെ സഹായിച്ചത്. *(cf. മാർ തെയോഫിലോസ് തിരുമേനി 28-02-1931നും, 23-05-1031-നും കർമ്മലീത്താ സന്യാസ സഭയുടെ പ്രിയോർ ജനറാളിന് എഴുതിയ കത്തുകൾ).*



1931 സെപ്റ്റംബർ 21-ന് ബഹു. വൈദികർക്കു വേണ്ടി അദ്ദേഹം പുറപ്പെടുവിച്ച ഇടയലേഖനം വിശുദ്ധ ജീവിത്തെപ്പറ്റിയും ആരാധനാ ജീവിതത്തെക്കുറിച്ചും ഉത്ബോധിപ്പിക്കുന്നത് ശ്രദ്ധിക്കുക: "വൈദികരായ നാം നമ്മുടെ കർത്താവിന്റെ പ്രതിപുരുഷന്മാരും അവിടുത്തേക്ക് വേണ്ടിയുള്ളവരും അവിടുത്തോട് അനുരൂപപ്പെട്ടുകൊണ്ട് അവിടുത്തെ ആദർശങ്ങൾ ജനങ്ങളെ പഠിപ്പിക്കേണ്ടവരുമത്രെ. ഒന്നാമതായി നിങ്ങളിൽതന്നെ ജീവിതവിശുദ്ധി വരുത്തുവാൻ പ്രത്യേകം ശ്രദ്ധ പതിക്കുവിൻ, അന്യരെ വിശുദ്ധിയിലും സുകൃതത്തിലും അഭ്യസിപ്പിക്കേണ്ടവരായ നിങ്ങൾ സ്വയം ശുദ്ധീകരിച്ച് പുണ്യപൂർണതയ്ക്കായി പരിശ്രമിക്കാതിരിക്കുന്ന പക്ഷം നിങ്ങളുടെ പ്രവൃത്തി കുരുടൻ കുരുടനെ വഴികാട്ടുന്നതുപോലെ വ്യർഥവും നാശകരവും ആയിത്തീരുമല്ലോ". ലൗകികകാര്യങ്ങളിൽ വച്ചുപുലർത്തേണ്ട ചിട്ടകളെക്കുറിച്ചും പ്രതിവാര കുമ്പസാരത്തെക്കുറിച്ചും കൂദാശകളുടെ അനുഷ്ഠാനങ്ങളെക്കുറിച്ചും യാമനമസ്കാരങ്ങളെക്കുറിച്ചും പള്ളിഭരണം, പ്രസംഗം, കുട്ടികളുടെ മതബോധനം, കുമ്പസാരം, നോമ്പ്, പ്രേഷിതവൃത്തി എന്നീ കാര്യങ്ങളെക്കുറിച്ചുമെല്ലാം വ്യക്തമായി അദ്ദേഹം പ്രബോധിപ്പിക്കുന്നു. പുനരൈക്യത്തിന്റെ ആരംഭനാൾ മുതൽ ബഹു. വൈദികർ പുലർത്തിയ ജീവിതചിട്ടയും നിഷ്ഠയും പ്രേഷിത തീക്ഷ്ണതയും രൂപതയുടെ അടിസ്ഥാനം ഉറപ്പിക്കുന്നതിന് ഉതകി എന്നതിൽ സംശയമില്ല.

## സന്യാസത്തിന്റെ ശക്തി രൂപതയ്ക്ക് ഊർജമായി

ബഥനി സന്യാസ സമൂഹത്തിലെ അംഗവും പ്രഥമഗുരുവുമായിരുന്ന അദ്ദേഹത്തിന് സന്യാസത്തിന്റെ ശക്തിയും അതുവഴി സഭയ്ക്കും സമൂഹത്തിനും ലഭിക്കുന്ന നന്മകളും സുവ്യക്തമായിരുന്നു. പുനരൈക്യപ്പെട്ട ബഥാന്യരുടെ സാന്നിധ്യവും സേവനവും തിരുവനന്തപുരം അതിരൂപതയിൽ മാത്രമായി പരിമിതപ്പെട്ട സാഹചര്യത്തിൽ തിരുവല്ലായിലും ഒരു ആശ്രമം ആരംഭിക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു. അതിൻപ്രകാരം കർമ്മലീത്താ സന്യാസ സഭയുടെ മലങ്കര സുറിയാനി പതിപ്പായ ഒരു ആശ്രമം തിരുവല്ലായിൽ സ്ഥാപിക്കുന്നതിനെക്കുറിച്ച് 1933 ജൂൺ 22-ാം തീയതി പ്രിയോർ ജനറാൾ ഫാ. ജോൺ TOCDയ്ക്ക് അദ്ദേഹം എഴുതുകയുണ്ടായി. പിന്നീട് ബഥനിയുടെ തന്നെ ഒരു ഭവനം തിരുവല്ലായിൽ സ്ഥാപിക്കുന്നതിനും അവിടെ പരിശീലകനായി ഒരു കർമ്മലീത്താ വൈദികനെ ലഭ്യമാക്കണമെന്നും 1934 ജൂലൈ 9-ന് അന്നത്തെ പ്രിയോർ ജനറാൾ ഫാ. സിൽവസ്റ്റർ TOCDയ്ക്ക് എഴുതുകയുണ്ടായി. 1934 ഓഗസ്റ്റ് എട്ടാം തീയതി കൂടിയ കർമ്മലീത്താ സന്യാസ ആശ്രമ കൗൺസിലിൽ തിരുവല്ലായിൽ ആരംഭിക്കുന്ന ബഥനി ആശ്രമത്തിലേക്ക് ആശ്രമഭരണത്തിനും നവസന്യാസികളുടെ പരിശീലനത്തിനുമായി രണ്ട് ബഹു. വൈദികരുടെ സേവനം ലഭ്യമാക്കുവാൻ തീരുമാനിച്ചതായി രേഖകൾ വ്യക്തമാക്കുന്നുണ്ട്. സെന്റ് ജോൺസ് കത്തീഡ്രലിന്റെ മുറ്റത്തുണ്ടായിരുന്ന കെട്ടിടത്തിൽ 1934 ഡിസംബർ 11-

ന് അന്നത്തെ ഡെലഗേറ്റ് അപ്പ സ്തോലിക്ക മോസ്റ്റ് റവ. ഡോ. ലിയോ പി. കിയർക്കിൾസ് 'ദിവ്യരക്ഷ കാശ്രമം' എന്ന പേരിൽ ആശ്രമം ആരം ഭിച്ചു. കാലാന്തരത്തിൽ പ്രസ്തുത ആശ്രമം തുകലശേരിയിലേക്ക് മാറ്റി സ്ഥാപിച്ചു. അതാണ് ഇന്നത്തെ തിരുവല്ലാ ബഥനി ആശ്രമമായി വളർന്നത്. അങ്ങനെ സന്യാസികളുടെ തപസും പ്രാർത്ഥനയും സേവനവും തിരുവല്ലാ രൂപ തയ്ക്ക് അടിസ്ഥാന ഊർജമായി.




## സന്യാസിനികളുടെ സാന്നിധ്യത്തിന്റെ ശക്തി

പുനരൈക്യാനന്തരം ബഥനി വൈദികരുടെ സാന്നിധ്യവും ശുശ്രൂഷകളും തിരുവനന്തപുര ത്തേക്കു മാത്രമായി പരിമിതപ്പെട്ടതുപോലെ ബഥനി സന്യാസിനികളുടെയും സാന്നിധ്യവും സേവനവും തിരുവല്ലായിൽ ലഭ്യമല്ലാതെ വന്ന സാഹചര്യത്തിൽ അതുവരെ സിസ്റ്റേഴ്സ് നടത്തിയിരുന്ന സഭാപ്ര വർത്തനങ്ങൾ ബലഹീനമാകാൻ തുടങ്ങി. ബഹു. സിസ്റ്റേഴ്സിന്റെ സേവനം തിരുവല്ലായിൽ കൂടി ലഭ്യ മാക്കണമെന്ന് മാർ തെയോഫിലോസ് പിതാവ് മാർ ഈവാനിയോസ് പിതാവിനോട് ആവശ്യപ്പെട്ടുകൊ ണ്ടിരുന്നെങ്കിലും അസന്നിഗ്ധമായ മറുപടി ലഭിക്കു കയുണ്ടായില്ല. കാരണം, തിരുവല്ലായിൽ നിന്ന് ഒരി ക്കൽ തിരുവനന്തപുരത്തേക്ക് പോയ സിസ്റ്റേഴ്സിന് തിരുവല്ലായിലേക്കു മടങ്ങുവാനുള്ള വൈമനസ്യമാ യിരുന്നു. ഈ പശ്ചാത്തലത്തിൽ രൂപതയുടേതായി ഒരു മഠം തുടങ്ങുവാൻ മാർ തെയോഫിലോസ് പിതാവ് ആഗ്രഹിക്കുകയും അതിൻപ്രകാരം 1934 ഓഗസ്റ്റ് 25-ന് ചേർന്ന രൂപതാ കൗൺസിൽ തീരു മാനിക്കുകയും ചെയ്തു. ഈ തീരുമാനം അറിഞ്ഞ മാർ ഈവാനിയോസ് പിതാവ് തിരുവല്ലായിൽ സിസ്റ്റേഴ്സിന്റെ സേവനം ലഭ്യമാക്കേണ്ടതിന്റെ ആവശ്യം സിസ്റ്റേഴ്സിനെ അറിയിച്ചതിന്റെ ഫലമായി സിസ്റ്റർ ഹൂബാ തിരുവല്ലായിലേക്ക് വരുവാൻ തയാ റായി. സിസ്റ്റർ ബ്രുക്സായും ഒപ്പം പോരുവാൻ തയാ റായി. 1936 ജൂൺ 16-ന് അവർ തിരുമൂലപുരത്ത് പഴയ ഭവനത്തിലെത്തി പ്രവർത്തനം ആരംഭിച്ചു. അന്നു മുതലുള്ള ബഥനി സിസ്റ്റേഴ്സിന്റെ പ്രവർത്ത നങ്ങൾ തിരുവല്ലാ രൂപതയ്ക്ക് ശക്തമായ അടിത്തറ ഉറപ്പിക്കുന്നതിനും ബത്തേരി, മൂവാറ്റുപുഴ പ്രോവിൻസുകൾക്കുകൂടി ജന്മമേകി ബത്തേരി, മൂവാ റ്റുപുഴ, പുത്തൂർ രൂപതകൾക്കുകൂടി ആത്മിക അടി ത്തറ നൽകത്തക്ക വിധത്തിൽ വളർന്നു വിക സിക്കുന്നതിനും ഇടയായി. മാർ തെയോഫിലോസ് പിതാവിന്റെ ആത്മിക ദർശനസുകൃതംകൊണ്ട് തിരു വല്ലാ അതിരൂപതയ്ക്ക് ലഭിച്ച മറ്റൊരു സുകൃതം.

## അല്മായരുടെ പ്രേഷിത ശുശ്രൂഷയുടെ പത്തരമാറ്റ്

വൈദികരും സന്യസ്തരും മാത്രമല്ല, അല്മായരും സഭയിൽ ഒരുപോലെ പ്രധാനപ്പെട്ടവ രാണെന്നും അവർക്കും നല്ല രൂപീക രണം ലഭ്യമാക്കുകയും അവരെയും പുന രൈക്യ പ്രേഷിത ശുശ്രൂഷയിൽ പങ്കു ചേർക്കുകയും അവശ്യം ആവശ്യവുമാ ണെന്ന് അദ്ദേഹം ചിന്തിച്ചിരുന്നു. രണ്ടാം വത്തി ക്കാൻ സുന്നഹദോസ് അല്മായരുടെ പ്രേഷിത ദൗത്യത്തെക്കുറിച്ച് ആലോചിക്കുന്നതിന് ദശക ങ്ങൾക്കു മുമ്പ് അതേക്കുറിച്ച് വ്യക്തമായി ചിന്തിച്ച വനായിരുന്നു മാർ തെയോഫിലോസ് തിരുമേനി. അല്മായരുടെ രൂപീകരണത്തിനും പ്രേഷിത ശുശ്രൂഷകളുടെ ക്രോഡീകരണത്തിനുമായി ഉചിത മായ ഒരു സംവിധാനം ഉണ്ടാകണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. അതിന്റെ ഫലമാണ് '**കത്തോലിക്കാ സാക്ഷ്യസംഘം**' (**The Catholic Evidence Guild**). 1934 ഡിസംബർ 3-ന് ഔദ്യോഗികമായി ആരംഭിച്ച 'കത്തോലിക്കാ സാക്ഷ്യസംഘം' ഇന്നത്തെ നമ്മുടെ 'സുവിശേഷ സംഘ'ത്തിന്റെ മുന്നോടിയായിരുന്നു എന്ന് അവയുടെ നിയമാവ ലികൾ നോക്കിയാൽ വ്യക്തമാകും. 'കത്തോലിക്കാ സാക്ഷ്യസംഘം' ഒരു അല്മായ സംഘടന എന്നതിൽ ഉപരിയായി ഒരു 'സംഘമായിരുന്നു'. കൃത്യമായ ജീവിത ചിട്ടകളും പ്രാർത്ഥനാശൈ ലിയും ആത്മീയ ക്രമങ്ങളും പ്രവർത്തനപദ്ധതി കളും ഉള്ള സംഘമായിരുന്നു. സാക്ഷ്യസംഘാംഗ ങ്ങൾ പ്രേഷിത ശുശ്രൂഷയിൽ വ്യാപൃതരുമായി രുന്നു. സംഘത്തിന്റെ ദശവത്സര റിപ്പോർട്ട് അനു സരിച്ച് അവർ 230 സ്ഥലങ്ങളിൽ 921 പ്രസംഗയോ ഗങ്ങൾ നടത്തിയതായും 43608 പേർ അതിൽ സംബന്ധിച്ചിരുന്നതായും ശ്രോതാക്കളുടെ 466 സംശയങ്ങൾക്ക് രേഖാമൂലം മറുപടി നൽകിയ തായും 30000 ഗ്രന്ഥങ്ങളും ലഘുലേഖകളും അച്ച ടിച്ച് വിതരണം ചെയ്തതായും മനസിലാക്കാം. സംഘാംഗങ്ങൾ ഒരു വർഷം നീണ്ടുനിൽക്കുന്ന പഠ നപരിശീലന പദ്ധതിയിൽ പങ്കെടുക്കണമായിരുന്നു. നോമ്പനുഷ്ഠിച്ചും പ്രാർത്ഥിച്ച് ഒരുങ്ങിയും ആധ്യാ ത്മിക ഉപദേഷ്ടാവിന്റെ മുമ്പിൽ പ്രസംഗം അവത രിപ്പിച്ച് അനുവാദം വാങ്ങിയുമാണ് അംഗങ്ങൾ പ്രസംഗങ്ങൾ നടത്തിയിരുന്നത്. പരിശീലനം വിജ യകരമായി പൂർത്തിയാക്കിയവരെ മാത്രമാണ് രൂപ താധ്യക്ഷൻ കൈവയ്പു നൽകി സാക്ഷ്യസംഘ ത്തിൽ അംഗങ്ങളായി ചേർത്തിരുന്നത്. സാക്ഷ്യാം ഗങ്ങൾ യോഗസ്ഥലത്തേക്ക് കുരിശിന്റെ പിന്നിൽ അണിനിരന്ന് പ്രാർത്ഥനയോടെ പ്രദക്ഷിണമായി ട്ടാണ് പോയിരുന്നത്. പ്രസംഗയോഗം നടക്കുമ്പോൾ ഏതാനും അംഗങ്ങൾ പ്രസംഗകനുവേണ്ടി വിശുദ്ധ കുർബാനയുടെ മുമ്പാകെ പ്രാർത്ഥനയിലായി രിക്കും. സംഘത്തിന്റെ നേതൃത്വം അല്മായർക്കു തന്നെയായിരുന്നു. സംഘത്തിന്റെ ഡയറക്ടർ പോലും അല്മായനായിരുന്നു. പ്രഥമ ഡയറക്ടർ മാരേട്ട് ഫിലിപ്പോസ് ജഡ്ജിയായിരുന്നു. പ്രവർത്ത

നത്തിന് ആവശ്യമായ പണം അവർതന്നെ കണ്ടെത്തുകയും കൃത്യമായ വരവ് ചെലവ് കണക്ക് സൂക്ഷിക്കുകയും പ്രവർത്തന റിപ്പോർട്ടും കണക്കും എല്ലാ വർഷവും പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരുന്നു. ചങ്ങനാശേരി, കോട്ടയം, തിരുവനന്തപുരം അതിരൂപതകളിലും പ്രസംഗയോഗങ്ങൾ നടത്തുവാൻ സാക്ഷ്യസംഘാംഗങ്ങൾ ക്ഷണിക്കപ്പെട്ടിരുന്നു. 'കത്തോലിക്കാ സാക്ഷ്യസംഘം' തിരുവല്ലാ രൂപതയുടെ അടിത്തറ ആഴത്തിൽ ഉറപ്പിക്കുവാൻ ഗൗരവമായ പങ്കുവഹിച്ചു എന്നതിൽ സംശയമില്ല. *(cf. കത്തോലിക്കാ സാക്ഷ്യസംഘാംഗങ്ങൾക്കു ചില പ്രായോഗിക നിർദേശങ്ങൾ. ഒന്നാം ഭാഗം ഒന്നാം പതിപ്പ്, കൊല്ലവർഷം 1110 (AD1934).*

*2). A. Philipose M.A, B.L (Director) The Catholic Evidence Guild In the Diocese of Tiruvalla, History of its origin and it's first year's work, Tiruvalla, 1936.*

*3). വി.എ. വർഗീസ് B.A, L.T, തിരുവല്ലാ കാത്തലിക് സാക്ഷ്യസംഘം പത്താമത്തെ വാർഷിക റിപ്പോർട്ട്, തിരുവല്ലാ 1945.*

*4). ഫാ. ജോർജ് വി. പാലത്തിങ്കൽ, 'നല്ല ഇടയൻ' മാർ തെയോഫിലോസ് ജന്മശതാബ്ദി സ്മരണിക. തിരുവല്ല. 1991, (പേജ് 84).*

അല്മായർക്ക് ആഴത്തിലുള്ള പരിശീലനം ലഭ്യമാക്കി പുനരൈക്യ പ്രേഷിത ശുശ്രൂഷയിൽ ഉൾചേർക്കുക മാത്രമല്ല, സഭയുടെ ഉത്തരവാദിത്വപൂർണമായ പല സ്ഥാനങ്ങളിലും അവരെ നിയമിക്കുകയും ചെയ്തിരുന്നു. കത്തോലിക്കാ സാക്ഷ്യസംഘത്തിന്റെ ഡയറക്ടർ മാരേട്ട് എ. ഫിലിപ്പോസ് ജഡ്ജിയായിരുന്നു. 1932 ഒക്ടോബർ 13-ാം തീയതിയിലെ 8-ാം നമ്പർ ഉത്തരവ് പ്രകാരം ശ്രീ. സി.ഐ. ഫിലിപ്പോസിനെ അരമന കച്ചേരിയുടെ ക്ലർക്കായി നിയമിച്ചിരുന്നു. ആധ്യാത്മികവും സഭാത്മകവുമായ പരിശീലനം ലഭിച്ചിരുന്ന തീക്ഷ്ണമതികളായ അല്മായരുടെ ഒരു നീണ്ടനിരതന്നെ അന്ന് പുനരൈക്യ പ്രേഷിത ശുശ്രൂഷയ്ക്ക് മുന്നണി പോരാളികളായി തിരുവല്ലായിൽ ഉണ്ടായിരുന്നു. തിരുവല്ലാ അതിരൂപതയുടെ ബലവത്തായ അടിത്തറ ഉറപ്പിക്കപ്പെട്ടതിന്റെ മറ്റൊരു കാരണം.

## നിയതമായ നിയമാവലി നൽകിയ അടിത്തറ

മലങ്കര സുറിയാനി കത്തോലിക്കാ ഹയരാർക്കിയും തിരുവല്ലാ രൂപതയും സ്ഥാപിച്ചുകൊണ്ടുള്ള കല്പന റോമിൽ നിന്നും ലഭിച്ചു കഴിഞ്ഞപ്പോൾ (11-06-1932) രൂപതയുടെ ഔദ്യോഗിക ഉദ്ഘാടനത്തിനും പ്രഥമ അധ്യക്ഷനായുള്ള തന്റെ സ്ഥാനാരോഹണത്തിനും (06-11-1933) മുമ്പു തന്നെ ഇടവകഭരണവും വരുമാനക്രമവും സംബന്ധിച്ച നിയമങ്ങൾ ക്രോഡീകരിക്കുവാൻ മാർ തെയോഫിലോസ് തിരുമേനി കാട്ടിയ താല്പര്യം ശ്രദ്ധേയമാണ്. പുനരൈക്യ പ്രേഷിത ശുശ്രൂഷയുടെ തിരക്കുകളോ ഭാരങ്ങളോ എതിരാളികളുടെ എതിർപ്പുകളോ പ്രകോപനങ്ങളോ ഒന്നും ഈ കാര്യത്തിൽ അദ്ദേഹത്തിന് പ്രതിബന്ധങ്ങളായിരുന്നില്ല. കത്തോലിക്കാ സഭയുടെ കാനോനകൾ സംബന്ധിച്ച് വലിയ പരിജ്ഞാനമില്ലാതിരുന്നതിനാൽ സീറോ മലബാർ സഭയിൽ നിന്ന് ബഹു. സക്കറിയാസ് വാച്ചാപ്പറമ്പിൽ, ബഹു. ജേക്കബ് വെള്ളരിങ്ങാട്ട് തുടങ്ങിയ പണ്ഡിതരായ വൈദികരുടെ സഹായം അദ്ദേഹം തേടുകയുണ്ടായി. 1932 ഒക്ടോബർ 13-ാം തീയതി നിലവിൽ വന്ന രൂപതയുടെ പ്രഥമ കൗൺസിലിൽ അവരെ രണ്ടുപേരെയും ആലോചനാ സംഘാംഗങ്ങളായി ഉൾപ്പെടുത്തുകയും ചെയ്തു. കത്തോലിക്കാ സഭയുടെ



കാനോനകളും പൗരസ്ത്യ സഭാപാരമ്പര്യങ്ങളും മലങ്കരയുടെ പൈതൃകങ്ങളും സാമൂഹിക ചരിത്ര പശ്ചാത്തലങ്ങളും എല്ലാം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നിയമാവലിയാണദ്ദേഹം ക്രോഡീകരിച്ചത്. ആരംഭം മുതൽ രൂപതയും ഇടവകകളും നിയമവിധേയമായും ചിട്ടയായും പ്രവർത്തിക്കണമെന്നും ഇടവക സംവിധാനങ്ങൾ നിയമാനുസരണമായി രൂപപ്പെടണമെന്നും അദ്ദേഹം ആഗ്രഹിക്കുകയും നിഷ്കർഷിക്കുകയും ചെയ്തിരുന്നു. രൂപതാ കൗൺസിലിന്റെ 1933 മാർച്ച് 14ന് കൂടിയ രണ്ടാമത്തെ സമ്മേളനത്തിൽ 'പള്ളിഭരണം', 'വരുമാന ക്രമം' എന്നിവ സംബന്ധിച്ച നിർദേശങ്ങൾ ചർച്ച

ചെയ്ത് അംഗീകരിക്കുകയും 1933 ഏപ്രിൽ 16-ാം തീയതി മുതൽ നടപ്പിലാക്കുകയും ചെയ്തു. വിവാഹം സംബന്ധിച്ച് ക്രോഡീകരിച്ച നിയമാവലി 1933 മേയ് 12-ന് നടപ്പിൽ വരുത്തി. *(cf. തിരുവല്ലാ ഭദ്രാസന ഇടവക-സഭാനിബന്ധനകൾ. 1. പള്ളിഭരണം, 2. വരുമാനക്രമം, 3. വിവാഹം. ബഥനി പ്രസ്, തിരുവല്ലാ 1933).* മാർ തെയോഫിലോസ് മെത്രാപ്പോലീത്താ ക്രോഡീകരിച്ച് നടപ്പിൽ വരുത്തിയ നിയമാവലിയാണ് രൂപതയുടെ ശക്തമായ നൈയാമിക അടിത്തറ ഉറപ്പിക്കുവാൻ സഹായിച്ചത്. മാർ സേവേറിയോസ്, മാർ അത്തനാസിയോസ്, മാർ യൂഹാനോൻ, മാർ തിമോത്തിയോസ്, മാർ ക്ലീമീസ് എന്നീ മെത്രാപ്പോലീത്താമാർ അവരുടെ നേതൃത്വകാലത്ത് നിയമാവലിയിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ട്. സഭ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തപ്പെട്ടതിനും (10-02- 2005) സഭയുടേതായ പ്രത്യേക കാനോൻ നിയമം ക്രോഡീകരിക്കപ്പെട്ട് നിലവിൽ വന്നതിനും (10-03- 2012) ശേഷം തിരുവല്ലാ അതിരൂപതയുടെ നിയമാവലിയും വരുമാനക്രമവും നവീകരിച്ച് മാർ കൂറിലോസ് മെത്രാപ്പോലീത്താ നടപ്പിലാക്കുകയുണ്ടായി (2013 മാർച്ച് 25). പുതിയ നിയമാവലിയുടെയും അടിസ്ഥാനങ്ങൾ മാർ തെയോഫിലോസ് മെത്രാപ്പോലീത്താ ക്രോഡീകരിച്ച് നിലവിൽ വരുത്തിയ നിയമാവലി ആണെന്ന് അറിയുമ്പോഴാണ് അദ്ദേഹം നിലവിൽ വരുത്തിയ രൂപതാ നിയമാവലി രൂപതയുടെ അടിസ്ഥാനം ഉറപ്പിക്കുന്നതിൽ എത്രമാത്രം സഹായകരമായിരുന്നു എന്ന് തിരിച്ചറിയുന്നത്.

### പൗരസ്ത്യ പാരമ്പര്യങ്ങൾക്ക് പ്രാമുഖ്യം

റോമിലേക്കും യൂറോപ്പിലെ പുണ്യസ്ഥലങ്ങളിലേക്കും മാർ തെയോഫിലോസ് തിരുമേനി നടത്തിയ യാത്രയും തീർത്ഥാടനവും പരിശുദ്ധ കത്തോലിക്കാ സഭയിലെ വിവിധ സന്യാസ സമൂഹങ്ങളെയും ഭക്താഭ്യാസങ്ങളെയും പ്രേഷിത സംഘടനകളെയും പാശ്ചാത്യസഭയെതന്നെയും കൂടുതൽ അടുത്തും ആഴത്തിലും അറിയുവാൻ സഹായിച്ചു. കത്തോലിക്കാ സഭയുടെ ആത്മികവും ശുശ്രൂഷാപരവുമായ ഊർജത്തിന്റെ രഹസ്യങ്ങൾ അദ്ദേഹത്തിന് അടുത്ത് മനസിലാക്കുവാൻ സാധിച്ചു. പാശ്ചാത്യസഭയിൽ കണ്ട പല നല്ലകാര്യങ്ങളും ഭക്താഭ്യാസങ്ങളും പ്രവർത്തനങ്ങളും പ്രാർത്ഥനകളും തിരുവല്ലാ രൂപതയിൽ സ്വാംശീകരിക്കുവാൻ അദ്ദേഹം താല്പര്യപ്പെട്ടു. എന്നാൽ, അവയൊക്കെ പൗരസ്ത്യ സഭകളുടെ പാരമ്പര്യങ്ങൾക്കും ശൈലികൾക്കും ചേർന്ന വിധത്തിലായിരിക്കണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. പാശ്ചാത്യ സഭാപശ്ചാത്തലത്തിൽ രൂപപ്പെട്ട സ്ലീബാപാത ഭക്തജീവിതത്തിന് ഉപകാരപ്രദമായി അദ്ദേഹം കണ്ടിരുന്നു, എന്നാൽ അത് അന്ത്യോക്യൻ ആരാധനയുടെ പശ്ചാത്തലത്തിൽ രൂപപ്പെടുത്തിയാണ് അദ്ദേഹം നടപ്പിൽ വരുത്തിയത് *(സ്ലീബാനുഗമനം, അഥവാ സ്ലീബാപാത) എം.എസ് പ്രസ് തിരുവല്ല 1933, 2. ഫാ. മത്തായി കടവിൽ ഒ.ഐ.സി. 'മാർ തെയോഫിലോസ് തിരുമേനിയും ആരാധനാ ജീവിതവും' മാർ തെയോഫിലോസ് ജന്മശതാബ്ദി സ്മരണിക. തിരുവല്ലാ, 1991. പേജ് 43, 44).*




### അടിസ്ഥാന സൗകര്യ ക്രമീകരണങ്ങൾ

ആത്മികവും ആരാധനാപരവും അജപാലനപരവുമായ അടിത്തറ പാകിയതിനുശേഷമാണ് സംവിധാനാത്മകവും സംഘടനാപരവും ഭൗതികവുമായ അടിസ്ഥാന ക്രമീകരണങ്ങളിലേക്ക് അദ്ദേഹം ശ്രദ്ധ തിരിച്ചത്. അവിടെയും അദ്ദേഹം ഉറപ്പായ അടിത്തറയാണിട്ടത്. രൂപതാ ആസ്ഥാനം സ്ഥാപിക്കാനായി ചെറുപുഷ്പഗിരിക്കുന്നും അവിടെ ഉറപ്പുള്ള അരമനയും ആശ്രമം സ്ഥാപിക്കാനായി തുകലശേരിയിലെ ഭൂമിയും അവിടെ ആശ്രമവും, പ്രധാന പുത്തൻകൂർ കേന്ദ്രങ്ങളിൽ പള്ളികൾ പണിയാൻ സ്ഥലവും; കവിയൂർ, വെണ്ണിക്കുളം, അയിരൂർ തുടങ്ങിയ സ്ഥലങ്ങളിൽ ബലവത്തായ പള്ളികളും മുദ്രാലയ പ്രേഷിത മേഖലയിൽ സെന്റ് ജോസഫ് പ്രിന്റിംഗ് ഹൗസും ചുരുങ്ങിയ കാലത്തിനുള്ളിൽ അദ്ദേഹം തുടക്കമിട്ടത് ശക്തമായ പുനരൈക്യമുന്നേറ്റങ്ങൾക്കാണ്. തിരുവല്ലാ അതിരൂപതയുടെ അടിത്തറ ശക്തമാക്കുന്നതിൽ ഇവയൊക്കെ വഹിച്ച പങ്ക് പകൽ പോലെ വ്യക്തം.

### ഉപസംഹാരം

ജീവിതകാലത്തുതന്നെ 'വിശുദ്ധൻ' എന്ന് അനേകർ വിളിച്ചിരുന്ന അഭിവന്ദ്യ യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ ഇടയനേതൃത്വം അതിരൂപതയായി വളർന്ന തിരുവല്ലാ രൂപതയ്ക്ക് ബലവത്തായ അടിസ്ഥാനം ഉറപ്പിക്കുവാൻ എപ്രകാരം ഇടയാക്കി എന്നും അതിനായി അദ്ദേഹം എന്തൊക്കെയാണ് ചെയ്തതെന്നുമാണ് നാം കണ്ടത്. പുതിയ രൂപതകൾ നിലവിൽ വരുമ്പോൾ ബ്രഹ്മാണ്ഡങ്ങളായ ഭദ്രാസനകേന്ദ്രങ്ങളും ഭദ്രാസനദൈവാലയങ്ങളും സ്ഥാപനങ്ങളും പണിയുവാൻ വെമ്പൽകൊള്ളുന്ന ഇന്നത്തേതിൽ നിന്നും വളരെ വ്യത്യസ്തമായിരുന്നു അദ്ദേഹത്തിന്റെ ശൈലി. വൈദികരും വൈദികാർഥികളും സന്യസ്തരും അല്മായരുമൊത്തുള്ള സഭയെ പണിയുകയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം, സ്ഥാപനങ്ങളായിരുന്നില്ല. തിരുവല്ലാ അതിരൂപതയുടെ വളർച്ചയുടെയും ബഹുമുഖ ശുശ്രൂഷകളുടെ ശാക്തീകരണത്തിന്റെയും അടിസ്ഥാനം ആരംഭത്തിൽ അഭിവന്ദ്യ മാർ തെയോഫിലോസ് മെത്രാപ്പോലീത്ത ഉറപ്പിച്ച ബലവത്തായ അടിത്തറയാണെന്നതിൽ സംശയമില്ല. കാലം അതു നമ്മെ കൂടുതൽ ബോധ്യപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ■



# തപോവിശുദ്ധിയുടെ കർമ്മബലം

ആത്മനൈർമ്മല്യത്തിന്റെ വെണ്ണിലാവ് മലങ്കരസഭയുടെ മണിമുറ്റത്ത് വാരിത്തൂകിയ യാക്കൂബ് മാർ തെയോഫിലോസ് എന്ന താപസൻ ഒന്നേകാൽ നൂറ്റാണ്ടിന്റെ ജന്മസ്മരണകളിൽ ചൈതന്യവത്തായി പരിശോഭിക്കുകയാണ്. ദൈവഭക്തൻ എന്നർത്ഥമുള്ള തെയോഫിലോസ് എന്ന നാമം അദ്ദേഹത്തിൽ അർത്ഥപൂർണ്ണമായി ഇണങ്ങിനിൽക്കുന്നു.

ഒളശ്ശയിലെ കളപ്പുരയ്ക്കൽ തറവാട്ടിൽനിന്നും ആവാഹിച്ച ഭക്തിചൈതന്യം ആ ജീവിതത്തിൽ ക്രമാനുഗതമായ വികാസം നേടുന്നതായി നാം കാണുന്നു. യാമങ്ങൾ തോറുമുള്ള കുടുംബപ്രാർത്ഥനകളിൽനിന്നു ലഭിച്ച ആത്മീയബലം, ആ മിഷനറിയുടെ പാദങ്ങളെ ദൈവോന്മുഖമാക്കി. ഒന്നിലധികം 'ദൈവവിളികൾ' ആ ഭവനത്തിൽനിന്നുണ്ടായി. ബഥനി സന്ന്യാസിനീമഠത്തിലെ ആദ്യത്തെ പത്തു സുകൃതിനികളിൽ ഒരുവളായിരുന്ന മദർ സൈബാർ, തെയോഫിലോസ് പിതാവിന്റെ സഹോദരിയാണ്. ബഥനി സന്ന്യാസാശ്രമത്തിലെ ആദ്യത്തെ മൂന്ന് അംഗങ്ങളിൽ ഒരുവനും ആശ്രമത്തിന്റെ ആദ്യഗുരുനാഥനുമായിരുന്നു മാർ തെയോഫിലോസ്.

പഠിക്കാൻ മിടുക്കനായിരുന്ന കെ. എ. യാക്കോബ്, എം.ഡി. സെമിനാരി ഹൈസ്കൂളിൽ ഉപരിപഠനത്തിനു ചേർന്നു. പ്രിൻസിപ്പൽ ആയിരുന്ന എം. എ. അച്ചൻ എന്ന പുണ്യഗുരുവിന്റെ മുറിയിൽ താമസിച്ചുകൊണ്ടുള്ള ഈ പഠനകാലം യാക്കോബിന്റെ ഭക്തിഭാവത്തെ ഉജ്വലമാക്കി. പഠനം തികച്ച് അതേ കലാലയത്തിൽ അദ്ധ്യാപകനായിരിക്കുമ്പോഴും യാക്കോബിന്റെ മനസ്സ് ഗുരുവായ എം. എ. അച്ചൻ അനുവർത്തിച്ചുപോന്ന പരസേവനത്തിന്റെ വഴികളിലായിരുന്നു. സ്വജീവി



പീറ്റർ സി. ഏബ്രഹാം

തത്തിന്റെ മാർഗ്ഗദീപമായി ഉള്ളിൽ പ്രതിഷ്ഠിച്ചുവച്ചിരുന്ന എം. എ. അച്ചൻ, സെറാമ്പൂർ സർവ്വകലാശാലാ പ്രൊഫസറായി യാത്രതിരിക്കവെ അദ്ധ്യാപന ജോലി രാജിവച്ച് കൂടെ ഇറങ്ങിത്തിരിക്കുകയായിരുന്നു യാക്കോബും. മലങ്കരയിൽനിന്നും ഇരുപതിൽപ്പരം യുവാക്കളെ ഉപരിപഠനത്തിനായി സെറാമ്പൂരിലേക്ക് എം. എ. അച്ചൻ കൊണ്ടുപോയെങ്കിലും ആ ശിഷ്യ സംഘത്തിൽ എന്തുകൊണ്ടും ഒന്നാമൻ യാക്കോബ് ആയിരുന്നു. സകല സൽകൃത്യങ്ങളിലും മാതൃകയായിരുന്ന യാക്കോബിനെ സർവ്വരും സാക്ഷ്യപ്പെടുത്തി



യത് 'മാലാഖാ സദൃശ്യനായ ആൾ' (An angelic man) എന്നായിരുന്നു. മധുര ശബ്ദത്തിനുടമയായിരുന്ന അദ്ദേഹം നേതൃത്വം നൽകിപ്പോന്ന യാമപ്രാർത്ഥനകളും നമസ്കാരങ്ങളും സ്വർഗ്ഗീയമായ അനുഭൂതി നിറഞ്ഞവയായിരുന്നു. ബലിയേക്കാൾ ശ്രേഷ്ഠമെന്ന് ക്രിസ്തുനാഥൻ തന്നെ സാക്ഷ്യപ്പെടുത്തിയ അനുസരണം എന്ന പുണ്യത്തിന്റെ വിളനിലമായിരുന്നു അദ്ദേഹം. അതുകൊണ്ടാണ് മാർ ഈവാനിയോസ്




തിരുമേനി 'ഗിരിദീപം' എന്ന ആത്മകഥയിൽ തന്റെ ഈ പ്രിയശിഷ്യനെപ്പറ്റി ഇപ്രകാരം എഴുതിയത്; "പ്രകൃത്യാ സൗമ്യശീലനും വിനീതബുദ്ധിയും ഏതു കാര്യത്തിലും നമ്മോടൊത്ത് സഹകരിപ്പാനും ബുദ്ധിമുട്ടാനും സന്നദ്ധനുമായി കാണപ്പെട്ട അദ്ദേഹം...." എന്നാണ്.

പരിശുദ്ധാത്മാവിന്റെ വരദാനങ്ങളായി വേദപുസ്തകം എണ്ണിപ്പറയുന്ന ഗുണഗണങ്ങളെല്ലാം തന്നെ ആ ജീവിതത്തിൽ പ്രതിഫലിച്ചിരുന്നു. പിതാവ് കോപിച്ച് ആരും കണ്ടിട്ടില്ല. സൗമ്യത ആ പെരുമാറ്റത്തിൽ തുടിച്ചുനിന്നിരുന്നു. പരസേവനത്തിനായി സദാ സജ്ജമായിരുന്നു ആ ഹൃദയം. പുഞ്ചിരിച്ചുകൊണ്ടേ സംസാരിച്ചിരുന്നുള്ളൂ. ധ്യാനവേളകളിൽ പിതാവിന്റെ ഗാത്രം നിശ്ചേഷ്ടമായിരുന്നു, പ്രതിമ കണക്കേ.

ദീർഘമായ ധ്യാനത്തിൽ പോലും അദ്ദേഹം ഇരിക്കുമായിരുന്നില്ല; മുട്ടിന്മേൽ നിൽക്കുകതന്നെയാവും. ജീവിക്കുന്ന വിശുദ്ധനെന്നു പരക്കെ പറയപ്പെട്ടിരുന്ന തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ ജനാവലി ദൈവദർശന സായൂജ്യം നേടിയുന്നു എന്നുപറഞ്ഞാൽ അതിശയോക്തിയില്ല. ആരാധക ഹൃദയങ്ങളെ സ്വർഗ്ഗത്തോളം ഉയർത്താൻ പ്രാപ്തമായിരുന്നു ദിവ്യത്വം തുളുമ്പുന്ന ആ ബലിതർപ്പണം. അതുകൊണ്ടാണ് ഹൈചർച്ചുകാരനായ ഇർവിൻ പ്രഭു, മഹാരാജാവിനെ സന്ദർശിക്കാൻ തിരുവനന്തപുരത്ത് ഒരു ഞായറാഴ്ചയിൽ വന്നപ്പോൾ അവിടെയുള്ള സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ ദിവ്യബലി യർപ്പിക്കാൻ വന്ദ്യപിതാവിനെ തന്നെ നിയോഗിച്ചത്. ഭക്തിസാന്ദ്രമായ ഈ ബലിയർപ്പണത്തിൽ മനംകുളിർത്ത പ്രഭു, പിതാവിനെ അഭിനന്ദിക്കുകയുണ്ടായി. ഇക്കാര്യം അന്ന് പത്രവാർത്തയാവുകപോലും ചെയ്തു.

സെറാമ്പൂരിൽ കെ. എ. യാക്കോബ് ഉപരിപഠനം വിജയകരമായി തുടരുന്നതിനിടയിലായിരുന്നു എം. എ. അച്ചന്റെ അവിടെനിന്നുള്ള രാജിയും പടിയിറക്കവും. സർവ്വസംഗപരിത്യാഗിയായി വനാന്തരത്തിൽ പർണ്ണാശ്രമം കെട്ടി ധ്യാനലീനനായി ജീവിക്കുവാനുള്ള പുറപ്പാടാണ് അതെന്നറിഞ്ഞിട്ടും കൂടെ ഈ പ്രിയ ശിഷ്യനും സ്വമേധയാ ഇറങ്ങിത്തിരിച്ചു. നിധി മറഞ്ഞുകിടക്കുന്ന വയലുവാങ്ങാൻ തന്റെ സർവ്വസമ്പാദ്യങ്ങളും വിറ്റ വിവേകിയെപ്പോലെയായിരുന്നു അദ്ദേഹവും. വനാന്തരത്തിൽ ആശ്രമസ്ഥനായി ഒരു വ്യാഴവട്ടം ദീർഘിച്ച താപസകാലത്ത് ബഥനിയുടെ ഈ പ്രഥമഗുരു, ത്യാഗനിർഭരമായ ദിനചര്യകളിലൂടെയാണ് കടന്നുപോയത്. ആശ്രമത്തിലെ പാചകം വരെയുള്ള സർവ്വജോലികളും പുഞ്ചിരിക്കുന്ന മുഖത്തോടെ നിർവ്വഹിക്കുവാൻ അദ്ദേഹം ഉത്സാഹിച്ചിരുന്നു.

മാർ ഈവാനിയോസ് പിതാവ് കത്തോലിക്കാസഭാ പുനരൈക്യത്തിനുവേണ്ടി 400 ഏക്കർ മുണ്ടൻമല നിരുപാധികം ഉപേക്ഷിച്ചിറങ്ങിയപ്പോൾ അന്ന് ബഥനിയുടെ മെത്രാനായി വാഴിക്കപ്പെട്ടിരുന്ന തെയോഫിലോസ് പിതാവും കൂടെയിറങ്ങി. പുനരൈക്യാനന്തരം തിരുവല്ലാ രൂപത 1932–ൽ രൂപംകൊണ്ടപ്പോൾ അവിടെ നിയമിതനായ തെയോഫിലോസ് പിതാവിന് അരമന ഉണ്ടായിരുന്നില്ല. പരിമിത സൗകര്യങ്ങൾ മാത്രമുണ്ടായിരുന്ന ഒരു വാടകവീട്ടിലാണ് അദ്ദേഹം അന്നു കഴിഞ്ഞിരുന്നത്. എന്നാൽ പിന്നീട് ദൈവം അദ്ദേഹത്തിന് ചൂണ്ടിക്കാട്ടിക്കൊടുത്ത പോറ്റി മഠം വകസ്ഥലവും ചെറുപുഷ്പഗിരിയും മറ്റും വിലയ്ക്കെടുത്ത് തിരുവല്ലാ രൂപതയ്ക്ക് അദ്ദേഹം അടിത്തറയൊരുക്കി. അതിലുപരി, പരിപാവനത്വമുള്ള തന്റെ ജീവിതമാതൃക വഴിയാണ് തിരുമേനി തന്റെ രൂപതയ്ക്ക് വലിയ സംഭാവനകൾ പ്രദാനം ചെയ്തത്. പരിശുദ്ധ കന്യകാമാതാവിന്റെ ഉത്തമഭക്തനായിരുന്ന പിതാവ് 'മർത്തമറിയ സംഘം' എന്നൊരു ആത്മീയ മുന്നേറ്റത്തിന് തുടക്കമിട്ടു. എല്ലാ ശനിയാഴ്ചകളിലും ദൈവമാതൃധ്യാനങ്ങളോടെയായിരുന്നു പരിപാടികൾ. അതുപോലെതന്നെ കുട്ടികളുടേതായ ഒരു ആത്മീയ ഗായകസംഘവും പിതാവ് രൂപീകരിച്ചു. സുറിയാനിയിൽനിന്നും ആരാധനാഗീതങ്ങളും മറ്റും പിതാവ് നല്ല മലയാളത്തിൽ മൊഴിമാറ്റം ചെയ്തു. ഇന്ന് നാം ഉപയോഗിക്കുന്ന 'ഹാശാഗാനങ്ങൾ' അങ്ങനെ ലഭിച്ചവയാണ്. 'ശ്ലീബാനുഗമനം' എന്ന ശീർഷകം നൽകി പിതാവ് കുരിശിന്റെ വഴി എന്നൊരു പുസ്തകവും, രക്ഷണീയ വർഷമായ 1933 –ൽ പ്രസിദ്ധീകരിച്ചു. സഹനാർദ്രമായ സ്വന്തം ജീവിതത്തോട് സമരസപ്പെടുത്തിക്കൊണ്ടുള്ള രചനയായിരുന്നു 'ശ്ലീബാനുഗമനം'. തോമസ് അകംബിസിന്റെ വിശ്വോത്തരമായ ക്രിസ്താനുകരണം പരിഭാഷയും പിതാവിന്റെ വിലപ്പെട്ട സംഭാവന തന്നെ.

ആദ്യമായി നടത്തിയ പിതാവിന്റെ വിദേശയാത്രകളെപ്പോലും ആത്മീയ പരിപോഷണത്തിനുള്ള ഉപാധിയെന്ന വിധം അദ്ദേഹം മാറ്റുകയായിരുന്നു. പരിശുദ്ധ II –ാം പീയൂസ് മാർപ്പാപ്പായെ സന്ദർശിച്ച ശേഷം അദ്ദേഹം നേരെ ലൂർദിലേക്കാണ് പോയത്. പരിശുദ്ധ മാതാവ് ബർണ്ണദീത്താ എന്ന കർഷക ബാലികയ്ക്ക് 18 തവണ പ്രത്യക്ഷപ്പെട്ട പുണ്യസ്ഥലമാണ് ലൂർദ്. ലിസ്യൂ എന്ന പാവനദേശത്തും ചെന്ന് അവിടെ കർമ്മലീത്താ മഠത്തിലുള്ള വിശുദ്ധ കൊച്ചുത്രേസ്യായുടെ കബറിടത്തിലും പ്രാർത്ഥിച്ചു. വിശുദ്ധയുടെ സഹോദരിയായ മദർ ആഗ്നസിൽനിന്നും കൊച്ചുത്രേസ്യാ പുണ്യവതിയുടെ തിരുശേഷിപ്പും ഏറ്റുവാങ്ങിക്കൊണ്ടായിരുന്നു പിതാവിന്റെ മടക്കയാത്ര.

മെത്രാൻ എന്ന നിലയിൽ കർമ്മ നിരതമായിരുന്ന കാലഘട്ടത്തേക്കാൾ ഏറെക്കാലം രോഗാവസ്ഥയിൽ ആ പുണ്യതാതനു കഴിയേണ്ടിവന്നു. സഹനാർദ്രമായ ഒരു താപസകാലമായിരുന്നു അത്. രോഗാധിക്യത്താൽ ബോധം മറഞ്ഞിരുന്ന വേളകളിൽ പോലും ആ അധരങ്ങൾ സംസാരിച്ചിരുന്നത് സന്ന്യാസത്തെപ്പറ്റിയും ആരാധനയെപ്പറ്റിയുമായിരുന്നു. സഭാതലവൻ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് കൂടെയിരുന്ന് പ്രാർത്ഥിച്ചുകൊണ്ടിരിക്കവേയാണ് തെയോഫിലോസ് പിതാവ് കാലം ചെയ്തത്. അക്ഷരാർത്ഥത്തിൽ ആടുകൾക്കുവേണ്ടി സ്വജീവനർപ്പിച്ച ആ നല്ലിടയൻ കാലത്തെ അതിജീവിച്ച് മലങ്കരയുടെ തിരുമുറ്റത്ത് നറുനിലാവ് വർഷിച്ചുകൊണ്ടേയിരിക്കുന്നു. ■



**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്ത ദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ലിജോ അരീയ്ക്കൽ**



**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്ത ദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**സ്നേഹ റോസ് മാത്യു**



# കാണാപ്പുറങ്ങൾ




സബ് ജില്ലാ കലോത്സവം നടക്കുകയാണ്. സ്റ്റേജ് അഞ്ചിൽ ചെണ്ടമേളം സകല മേളങ്ങളോടുംകൂടി അരങ്ങേറുന്നുണ്ട്. അഭൂതപൂർവ്വമായ തിരക്കാണവിടെ. മറ്റു സ്റ്റേജുകളിൽ ഉണ്ടായിരുന്നവർ കൂടി അവിടേക്ക് ഓടിയെത്തിയിട്ടുണ്ട്. അത്രയ്ക്ക് ആവേശവും നിലവാരവുമുണ്ട് ഓരോ ടീമിന്റെയും പ്രകടനത്തിന്. ഓരോന്നും ഒന്നിനൊന്ന് മെച്ചം. നട്ടുച്ചയുടെ ചൂടൊക്കെ നിലാവു പോലെയാണ് എല്ലാവർക്കും അനുഭവപ്പെടുന്നതെന്ന് തോന്നി. അത്രമാത്രം ആസ്വദിച്ചാണ് ഓരോരുത്തരുടെയും ഇരിപ്പ്.

പെട്ടെന്നാണ് സദസ്സിൽനിന്ന് ഒരു മർമ്മരം ശ്രദ്ധയിൽപ്പെട്ടത്. എന്തോ പ്രശ്നമുണ്ടെന്ന് തോന്നി. അങ്ങുമിങ്ങും നോക്കിയെങ്കിലും കാര്യമെന്താണെന്നു പിടികിട്ടിയില്ല. എല്ലാവരും സ്റ്റേജിലേക്ക് നോക്കുന്നതു കണ്ടപ്പോൾ കുഴപ്പം അവിടെത്തന്നെയെന്ന് ഊഹിച്ചു. മത്സരത്തിൽ പങ്കെടുത്തുകൊണ്ടിരുന്ന കുട്ടികളെ നോക്കി. തകർപ്പൻ പ്രകടനമാണവർ കാഴ്ചവയ്ക്കുന്നത്. പിന്നെന്താ കുഴപ്പം. ഇങ്ങനെ വിചാരിച്ച് തല പുകയ്ക്കുമ്പോഴാണ് അടുത്തിരുന്ന അദ്ധ്യാപികയുടെ മുറുമുറുപ്പ് കാതുകളിലേക്കെത്തിയത്. “ഈ കുട്ടികളെന്താ നിർത്താത്തത്?” ഓ, അപ്പോഴതാണ് കാര്യം. അവർക്ക് അനുവദിക്കപ്പെട്ട സമയം തീർന്നിരിക്കുന്നു.

എന്നാൽ അത് വെറുമൊരു മുറുമുറുപ്പല്ലെന്ന് താമസിയാതെ മനസ്സിലായി. ഒരാളൊഴികെ ടീമിലുള്ള മറ്റ് കുട്ടികളെല്ലാം അസ്വസ്ഥരാണ്. ആ ഒരാളാകട്ടെ മറ്റെല്ലാം മറന്ന് ഒരു നിർവൃതിയിലെന്നവണ്ണം




**സി. എലൈസ്മേരി ചേറ്റാനി FCC**

ആവേശത്തോടെ കൊട്ടുകയാണ്. എല്ലാവരും അസ്വസ്ഥരായിട്ടും അവൻ മാത്രം ഇതൊന്നും അറിയുന്ന മട്ടില്ല. കേഴ്‌വിക്കാരുടെ ഇടയിൽനിന്നും ഒരു പറ്റം വിദ്യാർത്ഥികൾ പല ആംഗ്യങ്ങളും കാണിക്കുന്നുണ്ട്. അവരുടെ കൂട്ടുകാരാണ് സ്റ്റേജിൽ. ആ കുട്ടി അതൊന്നും കാണുന്നതേയില്ല. പ്രസന്നതയും പ്രസാദവും നിറഞ്ഞ, നല്ല തൃപ്തിയാർന്ന മുഖത്തോടെ അവൻ കൊട്ടിക്കയറുമ്പോൾ പാവം കൂട്ടുകാരെന്തു ചെയ്യും? വിധികർത്താക്കളും ആകെ അമ്പരപ്പിലാണ്. ഏതായാലും പതിനേഴാമത്തെ മിനിറ്റിൽ ആ കുട്ടിയൊഴികെ ടീമിലുള്ളവരെല്ലാം ചെണ്ടകൊട്ടു നിർത്തി. പെട്ടെന്ന് വന്ന നിശ്ശബ്ദതയിൽ അവൻ ഒന്നു പകച്ചതുപോലെ.

എല്ലാവരെയും നോക്കി വളരെ നിഷ്കളങ്കമായി ചിരിച്ച് അവനും കൂട്ടുകാരോടൊപ്പം പുറത്തേക്ക് ഇറങ്ങി. ഏറ്റവും നല്ല പ്രകടനം ആ ടീമിന്റേതായിരുന്നുവെന്നതിന് സംശയമൊന്നുമില്ല. എന്നാൽ ഫലപ്രഖ്യാപനം വന്നപ്പോൾ അവർക്ക് സെക്കന്റ് ബി ഗ്രേഡുകൊണ്ട് തൃപ്തിപ്പെടേണ്ടി വന്നു. പ്രകടനം എത്ര മെച്ചപ്പെട്ടതായിരുന്നുവെങ്കിലും സമയക്ലിപ്തത പാലിക്കാനായില്ല എന്നത് കുറവുതന്നെയെന്ന് വിധികർത്താക്കൾ തീർത്തുപറഞ്ഞു. അവർ പറയുന്നതിലും കാര്യമുണ്ട്. ഏതിനും ചില നിയമങ്ങളും ചട്ടങ്ങളുമൊക്കെ പാലിച്ചേ പറ്റൂ.

എന്നാൽ മറ്റൊരു കാര്യമാണ് എന്നെ അത്ഭുതപ്പെടുത്തിയത്. സാധാരണയായി ഫലപ്രഖ്യാപനം ഉണ്ടാകുമ്പോൾ വലിയ കൂവലും ബഹളവുമൊക്കെ പതിവാണ്. ചുരുങ്ങിയ പക്ഷം ജയിക്കുന്ന ടീമെങ്കിലും ആവേശലഹരിയിൽ കൂവും. എത്രയോ കലോത്സവങ്ങളും വിജയങ്ങളും കണ്ടിരിക്കുന്നു! കുട്ടികളുടെ ആഹ്ലാദപ്രകടനത്തിൽ അവരോടൊപ്പം ആർപ്പുവിളിക്കാനും കയ്യടിക്കാനും കൂടിയിരിക്കുന്നു! പക്ഷേ ഇവിടെ ഒന്നും സംഭവിച്ചില്ല. ഒരു ശ്മശാന മൂകത മാത്രം. ഞാൻ ആ കുട്ടികളെ നോക്കി. വിജയിച്ച ടീം അവരോടൊപ്പമുണ്ട്. ഫസ്റ്റ് എ ഗ്രേഡുകാരും സെക്കന്റ് ബി ഗ്രേഡുകാരുമൊക്കെ ആ ഒരൊറ്റക്കുഞ്ഞിന്റെ ചുറ്റുമാണ്. അവനാകട്ടെ ഒന്നും മിണ്ടാതെ തല താഴ്ത്തി നിൽക്കുന്നു. കാര്യമെന്തന്നറിയാൻ അവരുടെ അടുത്തെത്തിയപ്പോഴാണ് ഞെട്ടിക്കുന്ന ആ വിവരം മനസ്സിലായത്. ആ കുട്ടി ഭിന്നശേഷിയുള്ളവനാണ്. ബൗദ്ധികശേഷി കുറവുള്ളവനെങ്കിലും അവന് ചെണ്ട കൊട്ടാൻ നന്നായറിയാം. എന്നാൽ കൃത്യസമയത്ത് അത് നിർത്താനറിയില്ല. വാസ്തവത്തിൽ പല ടീമുകൾ അന്ന് മത്സരത്തിൽ പങ്കെടുത്തെങ്കിലും അവന്റെ മിന്നും പ്രകടനത്തിന്റെ അരികെ എത്താൻപോലും മറ്റുള്ളവർക്കായില്ല. നന്ദുവായിരുന്നു - അതാണവന്റെ പേര് - അന്നത്തെ താരം. പക്ഷേ, പറഞ്ഞിട്ട് കാര്യമില്ലല്ലോ.

അവന്റെ മുഖത്തേക്ക് നോക്കിയപ്പോൾ ഞെട്ടിപ്പോയി. ആ കണ്ണുകൾ നിറഞ്ഞിരിക്കുന്നു. സ്വന്തം ടീമിന്റെ പരാജയത്തിന് താൻ കാരണമായി എന്ന് മനസ്സിലാക്കിയ സങ്കടമാണത്. ഒരു നിശാശലഭത്തിന്റെ ദുർബലവും വേദനാപൂർണ്ണവുമായ ചിറകടിയെ ഓർമ്മിപ്പിച്ചു ആ കണ്ണുനീർ. കാരണമുണ്ട്, അവനായിരുന്നു ആ ടീമിന്റെ ലീഡർ. അപ്പോൾ ആ സങ്കടത്തിന് തീവ്രതയേറും. ശരിക്കും അത് കണ്ണുനീരല്ല, ഹൃദയം ഉരുകിയിറങ്ങുന്ന ലാവയാണെന്ന് തോന്നി. എല്ലാം മനസ്സിലായില്ലെങ്കിലും ചിലതൊക്കെ മനസ്സിലാക്കാൻ ബൗദ്ധികക്ഷമത കുറഞ്ഞവർക്കും സാധിക്കും. ഓരോരോ പ്രതിസന്ധികളും സമ്മർദ്ദങ്ങളുമൊക്കെ, പാകമാകാത്ത ആ മനസ്സിനെയും ഉലയ്ക്കുന്നുണ്ടെന്നർത്ഥം.

എന്തു പറഞ്ഞാണ് അവരെ ആശ്വസിപ്പിക്കുക. 'സാരമില്ല' എന്ന ഉപയോഗിച്ചുപയോഗിച്ച് മുനതേഞ്ഞ ആ പഴയ ആശ്വാസവാക്ക് നാവിൻതുമ്പിലെത്തിയതാണ്. പിന്നെ വിചാരിച്ചു, വേണ്ട. വാക്കുകൾകൊണ്ട് അവരുടെ ആ മൗനസാന്ത്വനത്തെ നശിപ്പിക്കേണ്ട. ചില നേരം മൗനം തന്നെയാണ് നല്ലതെന്നോർത്ത് ഞാൻ പിൻവാങ്ങി. എന്നാൽ കണ്ണീരണിഞ്ഞ, വാടിയ ആ മുഖം ഒരുപാട് രാത്രികളിൽ എന്നെ വേദനിപ്പിച്ചു. എന്റെ ഉറക്കം കെടുത്തിയെന്നുതന്നെ പറയാം. പാവം കുട്ടി! അവൻ തോറ്റവനാണ്, എല്ലാവിധത്തിലും. ഇനിയും അവൻ തോറ്റുകൊണ്ടേയിരിക്കും. നമ്മുടെ ഗാർഹിക സാമൂഹിക പരിസരങ്ങളിൽ അവഗണിക്കപ്പെടുകയും തിരസ്കരിക്കപ്പെടുകയും ചെയ്യുന്ന എത്രയോ പേരുടെ പ്രതിനിധിയാണവൻ. അറിവും കഴിവും കാര്യപ്രാപ്തിയുമുള്ളവരുടെ ലോകത്ത് അവനെപ്പോലുള്ളവർക്ക് ജയിക്കാനാവില്ല. എന്തൊക്കെയായാലും ശാരീരിക വൈഷമ്യങ്ങൾ നേരിടുന്നവരെക്കാൾ പിന്നിലാണവർ.

എന്നാൽ നന്ദു തോറ്റവനല്ല എന്ന് ഞാൻ എന്നോടുതന്നെ പറയുന്നുണ്ടായിരുന്നു. ബുദ്ധി അല്പം കുറവുണ്ട്. ശരിതന്നെ. എങ്കിലും അവൻ വിജയിക്കുകയായിരുന്നു. കാരണം അവനും ചില കഴിവുകളൊക്കെയുണ്ട്. ഓരോ വിദ്യാർത്ഥിയുടെയും കഴിവുകളും അഭിരുചിയും വ്യത്യസ്തമാണെന്നു മാത്രം. കൂട്ടുകാരോടൊപ്പം എത്ര ദിവസത്തെ പരിശീലനം നടത്തിയിട്ടാണ് അവൻ അത്ര മനോഹരമായ പ്രകടനം കാഴ്ചവെച്ചതെന്നോർത്തപ്പോൾ അഭിമാനം തോന്നി. ഒരു നേതാവിന്റെ ഉത്തരവാദിത്വം അവൻ നന്നായി നിറവേറ്റി. അതുകൊണ്ടുതന്നെ അവൻ ജേതാവാണ്. കൈയെത്തും ദൂരത്ത് സമ്മാനം നഷ്ടപ്പെട്ടിരിക്കാം. എന്നാലും അതൊരു നഷ്ടമല്ല, പത്തരമാറ്റ് തിളക്കമുള്ള വിജയമാണ്. നിശ്ചയമായും അവന്റെ ആത്മവിശ്വാസത്തിന്റെ ഗ്രാഫ് ഈ ദിവസങ്ങളിൽ കുറച്ചെങ്കിലും ഉയർന്നിട്ടുണ്ടാവുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമായി ശാരീരിക, മാനസിക, പരിമിതികളുള്ളവരെയും മുഖ്യധാരയിലേക്ക് കൊണ്ടുവരാനുള്ള ശ്രമങ്ങൾ ഇന്ന് ധാരാളമായി നടക്കുന്നുണ്ട്. മറ്റുള്ളവരോടൊപ്പം ക്ലാസിൽ ഇരിക്കുവാനും പഠിക്കുവാനും പരീക്ഷ എഴുതുവാനുമൊക്കെ നിയമം മൂലം അനുവദിക്കുന്നുമുണ്ട്. നല്ല കാര്യമാണ്. എന്നാൽ ഇങ്ങനെയുള്ള ചില വേദനകൾകൂടി അവരെ കാത്തിരിക്കുന്നുണ്ടെന്ന് നമ്മൾ ഓർമ്മിക്കുന്നില്ല. ഒരു കാലത്ത് വൈകല്യമെന്ന് കരുതിയതിനെ നമ്മളിന്ന് 'ഭിന്നശേഷി'യെന്ന ഓമനപ്പേരിൽ വിളിച്ചാലും കാര്യങ്ങൾക്ക് വലിയ മാറ്റമുണ്ടെന്ന്

തോന്നുന്നില്ല. ഒരു വ്യക്തിയെന്ന നിലയിൽ അവർ എത്രമാത്രം പരിഗണിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യുന്നുവെന്നത് ചിന്തിക്കേണ്ട കാര്യമാണ്.

പരീക്ഷയെക്കുറിച്ച് ചിന്തിച്ചപ്പോഴാണ് മറ്റൊരു കാര്യം ഓർമ്മ വന്നത്. സാധാരണ കുട്ടികളുടെ കൂടെ ഇരുന്ന് പഠിച്ച്, മറ്റാരുടെയൊക്കെയോ സഹായത്താൽ പരീക്ഷയെഴുതി പാസ്സാകാനുള്ള 'ഭാഗ്യവും' ഇങ്ങനെയുള്ള കുഞ്ഞുങ്ങൾക്കുണ്ട്. അതും അവർക്കൊരു ഭാരമാണെന്ന് നമ്മൾ മനസ്സിലാക്കുന്നില്ല. ഭാരത്തെക്കാളുപരി അതൊരു അപമാനമാണെന്നാണ് എനിക്കു തോന്നിയിട്ടുള്ളത്. സ്വന്തം പേരെഴുതാൻകൂടി അറിയാത്തവർക്കും ജയിക്കാനുള്ള മാർക്കൊക്കെ കിട്ടും. എന്നിട്ടോ? അതാണ് നമ്മൾ ചിന്തിക്കേണ്ടത്. മറ്റുള്ളവരുടെ ഔദാര്യത്താൽ ജയിച്ച മാർക്ക് ഷീറ്റുകൊണ്ട് എത്ര പേർക്ക് പ്രയോജനമുണ്ടാകുന്നു എന്നതാണ് പ്രധാനം. അതൊരിക്കലും അവരുടെ നേട്ടമാണെന്ന് അഭിമാനിക്കാനുമാവില്ലല്ലോ.

അതുപോലെതന്നെ പരീക്ഷയെന്ന കടമ്പ ഇവരെ സംബന്ധിച്ച് എത്ര ക്ലേശകരമാണെന്ന് നമ്മൾ മനസ്സിലാക്കുന്നില്ല. ശരിക്കും അതൊരു സാഹസിക യജ്ഞമാണ്. സഹായി പറയുന്നതുപോലും മനസ്സിലാകാതെ മിഴിച്ചിരിക്കുന്ന കുഞ്ഞുങ്ങളെയും കണ്ടിരിക്കുന്നു. അവരും ജയിക്കുന്നുണ്ട് പരീക്ഷയിൽ. പ്ലസ് ടു ക്ലാസിൽ രണ്ടു വർഷമിരിക്കുന്നതുതന്നെ പലപ്പോഴും പലർക്കും വളരെ പ്രയാസമാണ്. അപ്പോഴല്ലേ പരീക്ഷയെന്ന ബാലികേറാമല? ഈ കുഞ്ഞുങ്ങൾക്ക് പരീക്ഷയിൽനിന്ന് വിടുതൽ നൽകി ഗ്രേഡ് നിശ്ചയിച്ച് കോഴ്സ് സർട്ടിഫിക്കറ്റ് നൽകിയാൽ എന്താ കുഴപ്പം എന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്. അവരുടെ ആത്മാഭിമാനമെങ്കിലും നഷ്ടപ്പെടാതിരിക്കുമല്ലോ. പഠനത്തിലും മറ്റു പല കാര്യങ്ങളിലും അവർ ഏറെ പുറകിലാണെങ്കിലും ശാരീരിക മാനസിക ന്യൂനതകൾക്കുപരി അവരുടെ ആത്മവിശ്വാസത്തെ മറ്റേതെല്ലാം തരത്തിൽ നമുക്ക് വർദ്ധിപ്പിക്കാൻ കഴിയും.

ഇങ്ങനെ ചില ചിന്തകൾ പങ്കുവെക്കുമ്പോൾതന്നെ എന്നെ അത്ഭുതപ്പെടുത്തുന്നൊരു കാര്യമിതാണ്. കാര്യവിവരവും ബുദ്ധിയുമുള്ള കുട്ടികളെക്കാൾ കരുതലും സ്നേഹവും ആർദ്രതയുമൊക്കെ ദൈവത്തിന്റെ ഈ മക്കൾക്ക് കൂടുതലുണ്ട്. ഒന്നാലോചിച്ചാൽ ശരിക്കും അവർ ദൈവത്തിന്റെ മക്കൾ തന്നെ. കാരണം എല്ലാവരും മത്സരത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ഇങ്ങനെയുള്ളവരുടെ മനസ്സിൽ ആ ഒരു വികാരം ഒട്ടുമില്ലെന്നതാണ് സത്യം. എല്ലാവരോടും, എല്ലാറ്റിനോടും സ്നേഹം മാത്രം. അതെ, അവരുടെ ലോകത്ത് സ്നേഹം മാത്രമേയുള്ളൂ എന്ന് ഓർമ്മിപ്പിക്കുന്ന എത്രയെത്ര അനുഭവങ്ങൾക്ക് സാക്ഷ്യം വഹിച്ചിരിക്കുന്നു.



ബുദ്ധിയുള്ള മക്കൾ അതിസാമർത്ഥ്യക്കാരായി പഠിച്ച് പുറത്തുപോകുമ്പോൾ അത്രയൊന്നും പഠിക്കാത്ത ഇത്തരം 'ഭോഷന്മാരായ' കുട്ടികളാണ് അദ്ധ്യാപകരെയും മാതാപിതാക്കളെയും ജീവജാല

ങ്ങളെയുമൊക്കെ സ്നേഹിക്കുന്നതെന്ന് എത്രയോ തവണ തോന്നിയിരിക്കുന്നു. ഒരു ദിവസം ലീവായിരുന്നാൽ പിറ്റേന്ന് ഗേറ്റിലെത്തുമ്പോഴേക്കും ഓടിവന്ന് അന്വേഷിക്കുന്ന മക്കൾ! മുഖത്ത് അല്പം ക്ഷീണം കണ്ടാൽ 'എന്തുപറ്റിയെന്ന്' അത് തിരിച്ചറിയുന്ന കാവൽമാലാഖമാർ! സഹജീവിസ്നേഹം, പ്രകൃതിയോടും ജീവജാലങ്ങളോടുമുള്ള കരുണ തുടങ്ങിയവയൊക്കെ മറ്റാരേക്കാളും കൂടുതലുള്ളത് അവർക്കാണ്. കൂട്ടിൽ നിന്നു വീണുപോയ അണ്ണാൻകുഞ്ഞിനെ പന്തുപോലെ തട്ടിക്കളിച്ച 'മിടുക്കന്മാരിൽ' നിന്ന് രക്ഷിച്ചെടുത്ത് വളർത്താൻ കൊണ്ടുപോയ കുട്ടിയെ എങ്ങനെ മറക്കാനാണ്.

എന്തൊക്കെപ്പറഞ്ഞാലും ഒരു മൗലിക പ്രതിഭയെ കണ്ടെത്തുന്നതിൽ നമ്മുടെ ഔപചാരിക വിദ്യാഭ്യാസം ചിലപ്പോഴെങ്കിലും പരാജയപ്പെടുന്നുണ്ടെന്നാണ് തോന്നുന്നത്. പരിഷ്കാരങ്ങൾ പല രീതിയിൽ നടക്കുന്നുണ്ടെങ്കിലും പലരുടെയും കഴിവുകൾ നേരാംവണ്ണം തിരിച്ചറിയാനോ യഥാകാലം പ്രോത്സാഹിപ്പിക്കേണ്ടതുപോലെ പ്രോത്സാഹിപ്പിക്കാനോ നമുക്ക് സാധിക്കുന്നില്ല. നമ്മുടെ ഭൂതക്കണ്ണാടികൾക്കോ അളവുകോലുകൾക്കോ ഇണങ്ങുന്ന കുറച്ചുപേർ വിജയിക്കുന്നുണ്ടാകാം. എല്ലാവർക്കും കഴിവുകൾ വ്യത്യസ്തമായിരിക്കെ ഒരേ പരീക്ഷ നടത്തി അവരിൽ ചിലരെ മിടുക്കരായും മറ്റു ചിലരെ കഴിവു കുറഞ്ഞവരായും കണ്ടെത്തുന്നത് ഒരു പോരായ്മയാണെന്നു തോന്നുന്നു. പരീക്ഷയിൽ തോറ്റവർ കൂലിപ്പണിക്കും കൃഷിപ്പണിക്കും ഇറങ്ങട്ടെ എന്നതാണ് പൊതുവെയുള്ള ചിന്ത. ഇതത്ര ശരിയായ കാഴ്ചപ്പാടാണെന്ന് പറയാനാവില്ല. ഐൻസ്റ്റീൻ, ക്ലാസിൽ കഴിവുകെട്ടവനായിരുന്നു. എന്നാൽ ആ കുട്ടിയുടെ കഴിവു തിരിച്ചറിയാൻ കഴിയാതിരുന്ന അദ്ധ്യാപകർക്കും വിദ്യാലയത്തിനുമൊക്കെ തെറ്റുപറ്റിയെന്ന് പിൽക്കാലം ഓർമ്മിപ്പിക്കുന്നുണ്ട്. അപമാനമെന്ന് കരുതിയ ആൾ ഒടുവിൽ എവിടെയെത്തിയെന്നോർക്കണം. അതെ, 'അരിപ്രാഞ്ചിയും' 'പ്രാഞ്ചിയേട്ട'ന്മാരുമൊക്ക നമ്മൾ കരുതുന്നതിലും വലിയവരാണ്. സംശയമൊന്നുമില്ല.

ഞാനിപ്പോൾ ക്രിസ്തുവിനെ ഓർമ്മിക്കുന്നു. മീൻ പിടിച്ചു നടന്ന കുറെ സാധുമനുഷ്യരോട് അവൻ പറഞ്ഞത് 'ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം' എന്നാണ്. ശ്രദ്ധയോടെയും ജാഗ്രതയോടെയും സ്നേഹത്തോടെയും ചേർത്തുപിടിച്ചപ്പോൾ അവർ ശരിക്കും മനുഷ്യരെ പിടിക്കുന്നവരായി എന്നതിന് ചരിത്രവും ലോകവും സാക്ഷി. മാത്രമല്ല, ഈ മനുഷ്യർ ലോകത്തെ കീഴ്മേൽ മറിക്കുന്നു എന്നാണ് അവരെപ്പറ്റിയുള്ള ഒരു സാക്ഷ്യം. അതാണ് കാര്യം. ഏതൊരു മനുഷ്യന്റെയും സാദ്ധ്യതയുടെ വിശാല ആകാശത്തേക്ക് കൂട്ടിക്കൊണ്ടുപോകാൻ ആരെങ്കിലുമുണ്ടാകണം. സ്നേഹസ്പർശമുള്ളൊരു കൈത്താങ്ങിൽ ഒരാൾ വിജയിക്കുമ്പോൾ ചില ജീവിതങ്ങൾക്ക് തെളിച്ചമില്ലാതാകുന്നത് അല്ലെങ്കിൽ തോൽക്കുന്നത് നിശ്ചയമായും അവരർഹിക്കുന്ന പരിഗണനയും പരിചരണവും കിട്ടാഞ്ഞിട്ടു തന്നെയാണ്.

ഓർത്തു നോക്കൂ, നമ്മുടെ മക്കളിൽ പലരും എവിടെ എത്താനുള്ളവരാണ്. ആരാകാനുള്ളവരാണ്. ജീവിതത്തിന്റെ കനൽവഴികളിൽ എരിഞ്ഞും കരിഞ്ഞും പോകാതെ അവർക്ക് വാത്സല്യത്തിന്റെയും കരുതലിന്റെയും കരുത്തുള്ള തണൽ നൽകാനാവുമോ? അതിനു മുമ്പ് ഒന്നു നിൽക്കൂ. മക്കളുടെ വഴിയേതെന്ന് നമ്മൾ മാത്രമല്ല, അവരുംകൂടി ഒന്നു കണ്ടെത്തിക്കോട്ടെ. വഴിയൊതുങ്ങി, വഴിയൊരുക്കാനാവുമോ? അതാണ് കാര്യം.

മാർട്ടിൻ ലൂഥർ കിംങ് തന്റെ വിശ്രുതമായ പ്രസംഗത്തിൽ പറഞ്ഞത് ഓർമ്മയുണ്ടല്ലോ: 'ഒരു ദിനം എന്റെ കുട്ടികൾ അവരുടെ തൊലിയുടെ നിറത്താലല്ല, സ്വഭാവത്തിന്റെ സത്തയാൽ വിലയിരുത്തപ്പെടുന്നതാണ് എന്റെ സ്വപ്നം.' നിറവും ജാതിയും മതവും ബുദ്ധിശേഷിയും മാനദണ്ഡമാക്കാതെ ഓരോ കുഞ്ഞും അവനായിരിക്കുന്നതുപോലെ, അംഗീകരിക്കപ്പെടുന്ന, തന്റെ ആത്മവിശ്വാസത്താൽ മറ്റുള്ളവർക്കും അഭയമേകുന്ന ഉജ്ജ്വല വ്യക്തിത്വത്തിലേക്ക് വളർന്നുയരുന്ന ആ നല്ല ദിനങ്ങളെ ഞാനും സ്വപ്നം കാണുന്നു. എന്താ, അത്തരമൊരു സ്വപ്നം സഫലമാക്കാൻ നമുക്ക് കഴിയില്ലെന്നുണ്ടോ? ■

## ഓർമ്മത്തിരുനാൾ

**ജൂൺ 27**



## അഭിവന്ദ്യ യാക്കോബ് മാർ തെയോഫിലോസ്

ആനുകാലികം



# കടിഞ്ഞാൺ ഇല്ലാത്ത സെൽഫി



ടോംസ് ആന്റണി

ന്യൂ ജനറേഷൻ സ്വായത്തമാക്കിയ പദമാണ് സെൽഫി. മൊബൈൽ ഫോണോ മറ്റ് ഡിജിറ്റൽ ക്യാമറ ഉപയോഗിച്ചോ സ്വന്തം ചിത്രം പകർത്തുന്നതിനെയാണ് 'സെൽഫി' എന്ന ഓമനപ്പേരിട്ട് വിളിക്കുന്നത്. ക്യാമറ സ്വന്തം കൈയ്യകലത്തിൽവച്ചോ, അല്ലെങ്കിൽ ഒരു സ്റ്റിക്ക് കൊണ്ടോ എടുക്കുന്ന ഫോട്ടോകളാണിവ. ഫെയ്സ് ബുക്കും വാട്ട്സ് അപ്പും ജനപ്രിയമായതോടെയാണ് സെൽഫിക്ക് ഇത്രയേറെ സ്വീകാര്യത ലഭിച്ചത്. സ്വന്തം സെൽഫി മാത്രമല്ല, ഗ്രൂപ്പ് സെൽഫി എടുക്കുന്നതും ഇന്ന് സാധാരണമാണ്.

നല്ല നിമിഷങ്ങൾ മനസ്സിൽ സൂക്ഷിക്കാൻ ആഗ്രഹിക്കുന്നവരാണ് നാമെല്ലാവരും. ആ നിമിഷങ്ങളുടെ ധന്യത പിന്നീട് ഉണർത്തുന്നതിന് അവയുടെ ചിത്രങ്ങൾക്കാവും. ഫോട്ടോകളോടുള്ള ഈ ഹരമാണ് ക്യാമറകളുടെ ലോകത്ത് നാം കാണുന്ന മാറ്റങ്ങൾക്കും സാങ്കേതിക വിദ്യകൾക്കും ആധാരം. കൊണ്ടുനടക്കാൻ ബുദ്ധിമുട്ടുണ്ടായിരുന്ന പഴയ ക്യാമറകളുടെ  ലോകത്തുനിന്നും വിരൽതുമ്പുകൊണ്ട് ചിത്രങ്ങൾ പകർത്താൻ കഴിയുന്ന നൂതന ക്യാമറകളിൽ എത്തിനിൽക്കുകയാണ് ഇന്നത്തെ ലോകം.

**ചരിത്രം**

1839 ൽ അമേരിക്കൻ ഫോട്ടോഗ്രാഫറായ റോബർ കൊർണേലിയസ് തന്റെ ക്യാമറയിലൂടെ സ്വയം പകർത്തിയതോടെയാണ് സെൽഫിയുടെ ചരിത്രം പിറക്കുന്നത്. 2010 ഓടെ വിലകുറഞ്ഞ മൊബൈൽ ഫോണിൽപോലും ക്യാമറ സൗകര്യം ലഭ്യമായിത്തുടങ്ങി. 2012 ൽ ഒരു ഓസ്ട്രേലിയൻ നാട്ടിൻപുറത്ത് 'സെൽഫി' പിറവിയെടുത്തു. ഒരു മൊബൈൽ ഫോണിൽ ഒരു ക്യാമറ എന്നത് മാറി ഫ്രണ്ട് ക്യാമറയും ബാക്ക് ക്യാമറയും അതോടെ വന്നുതുടങ്ങി. തുടക്കത്തിൽ ഫ്രണ്ട് ക്യാമറയ്ക്കു പ്രചാരം കുറവായിരുന്നു. എന്നാൽ സെൽഫിയുടെ വരവോടെ ഫ്രണ്ട് ക്യാമറ അരങ്ങ് അടക്കി വാണുതുടങ്ങി. പിന്നീട് കൂടുതൽ എം.പി. ഡൈമൻഷനോടുകൂടിയ ക്യാമറ ഫോണുകൾക്ക് ആവശ്യക്കാർ ഏറുകയും ചെയ്തു.

2014–ൽ സെൽഫി സ്റ്റിക്കും പുറത്തിറങ്ങി. സെൽഫി സ്റ്റിക്കിന്റെ അറ്റത്ത് മൊബൈൽ ഫോൺ ഘടിപ്പിച്ച് ഫോട്ടോ എടുക്കേണ്ട വ്യക്തിയുടെ നേരെ ഉയർത്തി സ്റ്റിക്ക് ഹാൻഡിലുള്ള ബട്ടൺ അമർത്തുകയേ വേണ്ടൂ. ഫോട്ടോ റെഡി. സെൽഫി സ്റ്റിക്കിനു പിന്നാലെ എത്തിയിരിക്കുന്നത് സെൽഫി സ്പൂണാണ്. ആഹാരം കഴിച്ചുകൊണ്ടുതന്നെ സെൽഫിയെടുക്കാനായി സ്റ്റിക്കിന്റെ മാതൃകയിൽ നിർമ്മിച്ചിരിക്കുന്നതാണ് സെൽഫി സ്പൂൺ.

മൂന്നു വർഷം മുൻപ് 2013 ന്റെ പദമായി ഓക്സ്ഫോർഡ് ഡിക്ഷണറിയിൽ തെരഞ്ഞെടുക്കപ്പെട്ട പദമാണ് സെൽഫി. ഫ്രാൻസിസ് മാർപ്പാപ്പയ്ക്കും ഒബാമയ്ക്കും നരേന്ദ്രമോഡിക്കും ഒപ്പം ക്ലിക്ക് ചെയ്ത സെൽഫികൾ നവമാധ്യമങ്ങളിൽ 'വൈറൽ' ആണ്. പെർഫെക്ട് 365 പോലുള്ള ആപ്പുകൾ ഉപയോഗിച്ച് സെൽഫി ആകർഷകമാക്കുന്നതും പതിവായി.

2014 ൽ ലോക ഭൗമദിനത്തോടനുബന്ധിച്ച് പതിനായിരക്കണക്കിന് സെൽഫികൾ കൂട്ടിച്ചേർത്ത് നാസ ഒരു മൊബൈൽ സെൽഫി പുറത്തിറക്കി.

മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നത് നമ്മുടെ രാജ്യത്താണ് എന്നത് ദുഃഖകരമാണ്. നമ്മുടെ രാജ്യത്തെ മരണകാരണങ്ങളുടെ പട്ടികയിൽ ഒരു പുതിയ പേരു കൂടി എഴുതപ്പെടുകയാണ് – സെൽഫി മരണങ്ങൾ. സാഹസികവും ആപൽക്കരവുമായ സെൽഫി ശ്രമങ്ങൾ ചിലരുടെ മരണത്തിനിടയാക്കിയതും പെർഫെക്ട് സെൽഫി എടുക്കാൻ ശ്രമിച്ച് പരാജയപ്പെട്ട ചിലർ ഇനി ജീവിച്ചിരിക്കേണ്ട എന്നു തീരുമാനമെടുത്തതുമൊക്കെ 'സെൽഫി' യുടെ പ്രയാണ വഴികളിലെ രസമില്ലാത്ത വാർത്തകളായി മാറി. സ്വന്തം ബാഹ്യരൂപത്തെപ്പറ്റി ചിലർക്കുണ്ടാകുന്ന അമിതമായ ആകുലതയുടെ രോഗലക്ഷണമായി 'സെൽഫി മാനിയ.'

കാമുകിയെ കൊന്നശേഷം ആ മൃതദേഹം വെച്ച് സെൽഫിയെടുത്ത് ഫെയ്സ്ബുക്കിൽ പോസ്റ്റ് ചെയ്യുന്നവരുടെ ലോകത്താണ് നാം ജീവിക്കുന്നത്. സെലിബ്രിറ്റികൾക്കുപോലും സ്വസ്ഥമായി നടക്കുവാൻ കഴിയുന്നില്ല. നവീന മാധ്യമങ്ങളിൽ സെൽഫിയിടാൻ ചിലർ കാണിക്കുന്ന താല്പര്യങ്ങൾ അതിസാഹസികമാണ്.



അതിൽ ഒരു പക്ഷേ താങ്കളും ഉണ്ടാകാം. എന്നാൽ സെൽഫിക്ക് ഇത്രയേറെ പ്രചാരമുണ്ടാകുവാൻ കാരണം എന്താണ്? മറ്റൊരാൾ എന്റെ ഫോട്ടോ എടുക്കുന്നതിനേക്കാൾ എനിക്കിഷ്ടപ്പെട്ട പോസുകളിൽ എന്റെ ഫോട്ടോ എടുക്കാം എന്നതാണ് ഇതിന്റെ പ്രത്യേകത. കൂടാതെ ഭയാശങ്കകളില്ലാതെ സ്വാതന്ത്ര്യത്തോടെ ഫോട്ടോ എടുക്കുകയും ചെയ്യാം.

**സെൽഫി ആപൽക്കരമാകുമ്പോൾ...!**

ഇന്ന് ലോകത്തിൽ ഏറ്റവും കൂടുതൽ സെൽഫി

സെൽഫി മോർഫുകൾ പെൺകുട്ടികളുടെ സൽപ്പേരിന് കളങ്കമായതും മറ്റുള്ളവർ എടുത്ത സെൽഫികളിൽ അറിയാതെ പെട്ട് ജീവിതം തകർന്ന പെൺകുട്ടികളും വിരളമല്ല.

പാലക്കാട് റെയിൽവേ സ്റ്റേഷനിൽ നിർത്തിയിട്ടിരുന്ന ട്രെയിനുമുകളിൽ കയറി സെൽഫിയെടുക്കാൻ ശ്രമിച്ച വിദ്യാർത്ഥികൾ റെയിൽവേ ഉദ്യോഗസ്ഥരുടെ തക്ക സമയത്തെ ഇടപെടൽ മൂലമാണ് രക്ഷപെട്ടത്. പുറപ്പെടാൻ നിന്നിരുന്ന ഗുഡ്സ് ട്രെയിനുമുകളിൽ വൈദ്യുതി ലൈനിൽ തട്ടുന്ന വിധത്തിലാണ് ഒൻപതു വിദ്യാർത്ഥികൾ നിന്നിരുന്നത്.

ട്രെയിനു മുകളിൽ കയറി സെൽഫിയെടുക്കാൻ ശ്രമിച്ച വാളയാർ സ്വദേശിയായ വിദ്യാർത്ഥി വൈദ്യുതി ലൈനിൽ നിന്നും ഷോക്കേറ്റു മരിച്ചത് കഴിഞ്ഞ വർഷമാണ്. സഞ്ചരിക്കുന്ന പാസഞ്ചർ ട്രെയിനു മുന്നിൽനിന്നും സെൽഫിയെടുക്കാൻ ശ്രമിച്ച യുവാക്കളെ അറസ്റ്റ് ചെയ്തത് ആലപ്പുഴയിൽ നിന്നാണ്.

മൊബൈലിൽ സ്വന്തം മരണം അഭിനയിക്കുന്നതിനിടെയാണ് അഭിലാഷ് എന്ന യുവാവ് കയർ കുരുങ്ങി മരിച്ചത്. ഫെയ്സ് ബുക്കിൽ അപ് ലോഡ് ചെയ്യാൻ വീട്ടിനുള്ളിൽ സ്വന്തം മരണം അഭിനയിക്കുന്നതിനിടെയായിരുന്നു അപകടം. നിറതോക്കുമായി സെൽഫിയെടുക്കാൻ ശ്രമിക്കുന്നതിനിടെ അബദ്ധത്തിൽ വെടിയേറ്റുമരിച്ച പത്തൊമ്പതുകാരനെയും ചരിത്രം മറന്നിട്ടില്ല. മോസ്കോയിൽ സെൽഫി എടുക്കാൻ മതിലുചാരി നിന്ന പെൺകുട്ടിയാണ് മതിലിടിഞ്ഞു മരിച്ചത്.

പാമ്പിനോടൊത്ത് സെൽഫിയെടുത്ത് പാമ്പിന്റെ കടിയേറ്റ് മരിച്ചവർ, അപകടങ്ങൾ സെൽഫിയിൽ പകർത്തി അപകടത്തിൽപ്പെട്ടവർ, നദീതീരത്ത് സെൽഫിയെടുത്ത് നദിയിൽപ്പെട്ടു മരിച്ചവർ, ഭൂകമ്പങ്ങളും അഗ്നിപർവ്വതങ്ങളും സെൽഫിയിലാക്കി സ്വയം നശിച്ചവർ, അതെ! സെൽഫി വിതച്ച അപകടങ്ങളുടെ 'വീര'കഥകൾ അനവധിയാണ്. മൃതപ്രാണനായി വഴിവക്കിൽ കിടക്കുന്നവരോടൊപ്പം സെൽഫിയെടുത്ത് 'ആഘോഷി'ക്കുന്നവരും വിരളമല്ല. അവരെ ആശുപത്രിയിലാക്കുവാനല്ല ഒരു സെൽഫിയുടെ സാദ്ധ്യതയാണ് ഇക്കൂട്ടർ എവിടെയും തിരയുന്നത്. 'സാഡിസം' എന്ന് മാത്രം ഇതിനെ വിളിക്കാനാവില്ല. അതിനുമേലെയുള്ള ധാർമ്മിക അപചയമാണിത്.


**സെൽഫിക്കു പിന്നിൽ**

മറ്റൊരാൾ നമ്മെ എങ്ങനെ കാണുന്നു എന്ന് ഓരോ വ്യക്തിക്കും ആഗ്രഹമുണ്ട്. അത് സാക്ഷാത്കരിക്കുവാൻ പറ്റുന്ന ഒരു പ്ലാറ്റ്ഫോമായിട്ടാണ് സെൽഫി പോസ്റ്റുകളെ കാണേണ്ടത്. അതിൽ പോസിറ്റീവും നെഗറ്റീവും ഉണ്ട്. ചിലർ മറ്റുള്ളവരുടെ ശ്രദ്ധ എപ്പോഴും ആകർഷിക്കുവാൻ ശ്രമിക്കുന്നവരാണ്. അവർ സെൽഫി എടുക്കുന്നത് മറ്റുള്ളവർക്കു വേണ്ടിയാണ്. ചിലരാകട്ടെ സെൽഫി എടുത്ത് മറ്റുള്ളവരേക്കാൾ സ്വയം ആസ്വദിക്കാൻ ഇഷ്ടപ്പെടുന്നവരാണ്.

ഇടയ്ക്കിടയ്ക്ക് ഫോട്ടോ എടുത്ത് പോസ്റ്റ് ചെയ്യുക, എത്ര എടുത്താലും മതിയാവില്ല എന്ന അവസ്ഥ വരിക, ലൈക്കും കമന്റും പോരാ എന്നു തോന്നുക, ഈ സ്വഭാവം സാമൂഹ്യബന്ധങ്ങളെയും ജീവിതത്തിന്റെ ബാക്കി പ്രവർത്തനങ്ങളെയുമെല്ലാം ദോഷകരമായി ബാധിക്കുമ്പോഴാണ് സെൽഫി ഒരു രോഗമായി മാറുന്നതെന്ന് പ്രമുഖ മനഃശാസ്ത്രജ്ഞനായ ഡോ. ടി. പി. സന്ദീപ് പറയുന്നു.

'അവനവനിസ'ത്തിന്റെ മറ്റൊരു രൂപമാണ് സെൽഫി. മനുഷ്യൻ ഇന്ന് സ്നേഹിക്കുന്നത് തന്നെ തന്നെയാണ്. സ്വയം ആരാധിക്കുന്നവനായി അവൻ അധഃപതിക്കുന്നു.

സെൽഫിയെക്കുറിച്ച് ഡിസംബറിൽ മാതൃഭൂമിയിൽ വന്ന 'എന്നെയാണെനിക്കിഷ്ടം' എന്ന ലേഖനത്തിൽ കൽപ്പറ്റ നാരായണൻ 'ആത്മ' പ്രദർശനത്തിലെയും 'ആത്മ' പ്രകാശനത്തിലെയും സെൽഫ് വ്യത്യസ്ഥമാണെന്ന് പറയുന്നുണ്ട്. 'സെൽഫി' ആത്മപ്രദർശനമാണ്. കവിതയെഴുതുന്നതും ലേഖനമെഴുതുന്നതും അലിവുകാട്ടുന്നതും ആത്മപ്രകാശനമാണ്. ബാഹ്യരൂപങ്ങൾക്ക് വലിയ പ്രാധാന്യം കല്പിക്കുന്ന ആധുനിക യുഗത്തിൽ കവിതയേക്കാൾ സെൽഫിക്കാണ് 'ലൈക്ക്' കിട്ടുക. കുഞ്ഞുണ്ണി മാഷ് ഒരിക്കൽ ഇങ്ങനെ പറഞ്ഞു: "എനിക്ക് എന്നെയാണിഷ്ടം, അപ്പോൾ അതുകഴിഞ്ഞിട്ടോ? അതിന് അത് കഴിയുന്നില്ലല്ലോ." അഹങ്കാരത്തിന്റെയും 'അവനവനിസ'ത്തിന്റെയും സെൽഫികൾക്ക് തടയിടാൻ നമുക്ക് കഴിയണ്ടേ? നമ്മുടെ മേലുള്ള നിയന്ത്രണം നമുക്ക് നഷ്ടമാകുന്നുവോ? ഉറക്കെ ചിന്തിക്കാൻ സമയമായി. ■



**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്ത ദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി**

## അഭിനന്ദനം



ബഥനി മിശിഹാനുകരണ സന്യാസിനി സമൂഹത്തിന്റെ തിരുവല്ല പ്രൊവിൻസിന്റെ. പ്രൊവിൻഷ്യൽ സുപ്പീരിയറായി തിരഞ്ഞെടുക്കപ്പെട്ട **റവ.സി. ലില്ലി ജോസ് എസ്.ഐ.സി.**യ്ക്ക് അതിരൂപതയുടെ പ്രാർത്ഥനാശംസൾ.

# പുഷ്പഗിരിയിലെ കോഴ്സുകൾ



## 1. MBBS & BDS

നമ്മുടെ മെഡിക്കൽ കോളജിൽ എം.ബി.ബി.എസിന് 100 സീറ്റും ദന്തൽ കോളജിൽ ബി.ഡി.എസിന് 50 സീറ്റും ആണ് അനുവദിച്ചിരിക്കുന്നത്. ആകെയുള്ള 100 സീറ്റുകളിൽ 50% സീറ്റിലേക്ക് കേരളാ ഗവൺമെന്റിനുവേണ്ടി കമ്മീഷണർ ഓഫ് എൻട്രൻസ് എക്സാമിനേഷൻസ് ആണ് അലോട്ട്മെന്റ് നടത്തുന്നത്. ഇതിന്റെ വിവരങ്ങൾ www.cee-kerala.org എന്ന വെബ്സൈറ്റിൽ നിന്നും ലഭ്യമാണ്. എം.ബി.ബി.എസിന് 15% NRI സീറ്റ് ആണ്. 35% സീറ്റിലേക്ക് അലോട്ട്മെന്റ് നടത്തുന്നത് കേരളാ ക്രിസ്ത്യൻ പ്രൊഫഷണൽ കോളജ് മാനേജ്മെന്റ് ഫെഡറേഷൻ (KCPCMF) ആണ്. ഇതിന്റെ വിവരങ്ങൾ www.kcpcmf.in എന്ന വെബ് സൈറ്റിൽനിന്നും ലഭ്യമാണ്. ഗവൺമെന്റ് സീറ്റിലും ഫെഡറേഷൻ അലോട്ട് ചെയ്യുന്ന സീറ്റിലും നിശ്ചിത സീറ്റ് (15+5 എണ്ണം) മലങ്കര കത്തോലിക്കാ സഭയിലെ കുട്ടികൾക്ക് നീക്കിവച്ചിട്ടുണ്ട്. ഫെഡറേഷൻ അലോട്ട് ചെയ്യുന്ന മലങ്കര കത്തോലിക്കാ സഭയിലെ കുട്ടികളുടെ സീറ്റുകളിൽ 5 എണ്ണത്തിലേക്ക് തിരുവല്ല അതിരൂപതയിലും മാവേലിക്കര, പത്തനംതിട്ട രൂപതകളിലുമുള്ള  മലങ്കര കുട്ടികളെ മാത്രമെ പരിഗണിക്കുകയുള്ളൂ. കേരള ഗവൺമെന്റ് അലോട്ട് ചെയ്യുന്ന മലങ്കര സഭയിലെ കുട്ടികളുടെ സീറ്റുകളിൽ എല്ലാ മലങ്കര രൂപതകളിലുമുള്ള കുട്ടികളെയും പരിഗണിക്കും. BDS ന്റെ 50% സീറ്റിൽ 25 സീറ്റ് കേരള ഗവൺമെന്റിനുവേണ്ടി കമ്മീഷണർ ഓഫ് എൻട്രൻസ് എക്സാമിനേഷൻസ് ആണ് അലോട്ട്മെന്റ് നടത്തുന്നത്. 8 സീറ്റ് NRI സീറ്റും ശേഷിക്കുന്ന 17 സീറ്റ് കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളജ് മാനേജ്മെന്റ് ഫെഡറേഷനുമാണ് (KCPCMF) അലോട്ട്മെന്റ് നടത്തുന്നത്. കമ്മീഷണർ ഓഫ് എൻട്രൻസ് എക്സാമിനേഷൻസ് അലോട്ട്മെന്റ് നടത്തുന്ന സീറ്റുകളിലും മാനേജ്മെന്റ് ഫെഡറേഷൻ അലോട്ട്മെന്റ് നടത്തുന്ന സീറ്റുകളിലും നിശ്ചിത ശതമാനം സീറ്റുകൾ മലങ്കര കത്തോലിക്കാ സഭയിലെ കുട്ടികൾക്കായി നീക്കിവച്ചിട്ടുണ്ട്. പ്രസ്തുത സീറ്റിലേക്ക് അപേക്ഷിക്കുമ്പോൾ ഇടവക വികാരിയുടെ കത്ത് വന്ദ്യപിതാക്കന്മാർ സാക്ഷ്യപ്പെടുത്തി അപേക്ഷാ ഫോമിന്റെ കൂടെ വയ്ക്കേണ്ടതാണ്. ഒപ്പം മലങ്കര കത്തോലിക്കാ സഭയുടെ സൺഡേ സ്കൂൾ 10–ാം ക്ലാസ് പാസായതിന്റെ സർട്ടിഫിക്കറ്റും സമർപ്പിക്കേണ്ടതാണ്.

## 2. MD/MS/PG Diploma

പുഷ്പഗിരിയിൽ 16 വിഷയങ്ങളിൽ MD/MS കോഴ്സുകളും 6 വിഷയങ്ങളിൽ PG Diploma Course ഉം നടത്തുന്നു. പുഷ്പഗിരിയിൽ നടത്തുന്ന ബിരുദാനന്തര ബിരുദ കോഴ്സുകളുടെ പേരുകളും, സീറ്റുകളും ചുവടെ ചേർക്കുന്നു.

1) MS Anatomy - 2
2) MD Pathology - 2
3) MD Physiology - 2
4) MD Pharmacology - 1
5) MD Microbiology - 2
6) MD General Medicine - 4
7) MD Paediatrics - 2
8) MD Psychiatry - 2
9) MD Dermatology, Venerology & Leprosy - 2
10) MD Radiodiagnosis - 2
11) MD (Community Medicine) - 4
12) MS General Surgery- 2
13) MS ENT - 2
14) MS Orthopaedics - 2
15) MS Obstetrics & Gynaecology - 2
16) MD Anesthesiology - 2
17) Diploma in Opthalmology (DO) - 1
18) Diploma in Psychiatric Medicine (DPM) - 2
19) Diploma in Child Health (DCH) - 2
20) Diploma in Anesthesiology (DA) - 2
21) Diploma in Dermatology, Venerology & Leprosy (DDVL) - 1
22) Diploma in Medical Radio Diagnosis (DMRD) - 2

ഈ കോഴ്സുകളിലേക്കുള്ള അടിസ്ഥാന യോഗ്യത MBBS ആണ്. All India PG Medical Entrance/ Kerala State PG Medical Entrance പാസായിട്ടുള്ളവർക്ക് അപേക്ഷിക്കാം. ഗവൺമെന്റും മാനേജ്മെന്റും ഈ സീറ്റുകളിലേക്ക് അലോട്ട്മെന്റ് നടത്തുന്നു. മാനേജ്മെന്റ് ഫോം www.kcpcmf.in എന്ന വെബ്സൈറ്റിൽനിന്നും ലഭ്യമാണ്.

### 3. DM, MCh

DM Cardiology - 1

DM Neurology - 1

M.Ch Neuro Surgery -1

കോഴ്സുകളിലേക്കുള്ള അഡ്മിഷൻ എൻട്രൻസ് ഈ വർഷം കേരള സ്റ്റേറ്റ് എൻട്രൻസ് കമ്മീഷണറുടെ നേതൃത്വത്തിലാണ് നടത്തുന്നത്. ഇതിന്റെ അടിസ്ഥാന യോഗ്യത MD/MS Degree ആണ്. പകുതി സീറ്റുകൾ ഗവൺമെന്റും ബാക്കി പകുതി മാനേജ്മെന്റ് ഫെഡറേഷനും ആണ് അലോട്ട്മെന്റ് നടത്തുന്നത്. മാനേജ്മെന്റ് അലോട്ട്മെന്റ് വിവരങ്ങൾ www.kcpcmf.in വെബ്സൈറ്റിൽനിന്നും ഗവൺമെന്റ് അലോട്ട്മെന്റിന്റെ വിവരങ്ങൾ www.cee-kerala.org/ www.dme.kerala.gov.in വെബ്സൈറ്റിൽനിന്നും ലഭ്യമാണ്.

### 4. MDS (Dental Science-PG)

പുഷ്പഗിരി ദന്തൽ കോളജിൽ അഞ്ചു വിഭാഗങ്ങളിലാണ് ബിരുദാനന്തര ബിരുദ കോഴ്സുകൾ നടക്കുന്നത്.

1. MDS (Oral & Maxillo Facial Surgery) - 2
2. MDS (Conservative Dentistry & Endodontics) - 3
3. MDS (Orthodontics) - 2
4. MDS (Prosthodontics) - 3
5. MDS (Periodontology) - 2

ഈ കോഴ്സുകളിലേക്ക് കേരള ഗവൺമെന്റും മാനേജ്മെന്റ് ഫെഡറേഷനുമാണ് അലോട്ട്മെന്റ് നടത്തുന്നത്. അടിസ്ഥാന യോഗ്യത BDS ആണ്. Kerala State PG Dental Entrance/All India PG Dental Entrance പാസ്സായിരിക്കണം.

### 5. B.Pharm & Pharm D.

B.Pharm ന് നമ്മുടെ ഫാർമസി കോളജിൽ 60 സീറ്റും Pharm D ക്ക് 30 സീറ്റും ആണ് അനുവദിച്ചിരിക്കുന്നത്. B.Pharm ന് ഗവൺമെന്റിന് നൽകിയിട്ടുള്ള 50% സീറ്റിലേക്ക് LBS Centre for Science and Technology (www. lbscentre.org) മുഖേനയാണ് ഗവൺമെന്റ് അലോട്ട്മെന്റ് നടത്തുന്നത്. മാനേജ്മെന്റിന്റെ 50% സീറ്റിലേക്ക് കേ രള സ്റ്റേറ്റ് ഫാർമസി കോളജ് അസോസിയേഷനാണ് (www.ksspcma.com) അലോട്ട്മെന്റ് നടത്തുന്നത്. 2 വിഭാഗങ്ങളിലും മലങ്കര കത്തോലിക്കാ സഭയിലെ കുട്ടികൾക്ക് നിശ്ചിത ശതമാനം സീറ്റ് നീക്കിവച്ചിട്ടുണ്ട്. Pharm Dക്ക് 30 സീറ്റാണുള്ളത്. അതിൽ 5 സീറ്റ് NRIയും ശേഷിക്കുന്ന 25 സീറ്റിലേക്ക് കേരള സ്റ്റേറ്റ് ഫാർമസി കോളജ് അസോസിയേഷനും ആണ് അലോട്ട്മെന്റ് നടത്തുന്നത്. ഇവിടെയും നിശ്ചിതശതമാനം സീറ്റ് മലങ്കര കത്തോലിക്കാ സഭയിലെ കുട്ടികൾക്ക് നീക്കിവച്ചിട്ടുണ്ട്. പ്രസ്തുത സീറ്റിലേക്ക് അപേക്ഷിക്കുമ്പോൾ സൺഡേ സ്കൂൾ 10–ാം ക്ലാസ് പാസ്സായതിന്റെ സർട്ടിഫിക്കറ്റും ഇടവക വികാരിയുടെ കത്തും വന്ദ്യപിതാക്കന്മാർ സാക്ഷ്യപ്പെടുത്തി അപേക്ഷാഫോമിന്റെ കൂടെ വയ്ക്കേണ്ടതാണ്. B.Pharm ന്റെയും Pharm D യുടെയും അപേക്ഷാ ഫോമുകൾ പുഷ്പഗിരി മെഡിസിറ്റിയിലുള്ള ഫാർമസി കോളജിൽ നിന്നും ലഭ്യമാണ്.

### 6. M.Pharm

പുഷ്പഗിരി ഫാർമസി കോളജിൽ മൂന്ന് വിഭാഗങ്ങളിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ നടക്കുന്നു. M. Pharm (Pharmaceutical Chemistry), M.Pharm (Pharmacology), M.Pharm (Pharmacy Practice) എന്നീ കോഴ്സുകളിൽ 18 സീറ്റുവീതം ഉണ്ട്. അടിസ്ഥാന യോഗ്യത B.Pharm ആണ്. GPAT പാസ്സായിട്ടുള്ള കുട്ടികൾക്ക് സ്റ്റൈപൻഡ് കിട്ടുന്നതായിരിക്കും. ഗവൺമെന്റും മാനേജ്മെന്റ് അസോസിയേഷനും (www.ksspcma.com) ആണ് അലോട്ട്മെന്റ് നടത്തുന്നത്.

### 7. B.Sc (Nursing)

B.Sc Nursing ന് നമ്മുടെ കോളജിൽ 50 സീറ്റാണുള്ളത്. ഇതിൽ 25 സീറ്റിൽ ഗവൺമെന്റും (www.lbscentre.org) ശേഷിക്കുന്ന 25 സീറ്റിൽ 8 സീറ്റ് NRI യും 17 സീറ്റിൽ നഴ്സിംഗ് അസോസിയേഷനും (www.amcsfnck.com) ആണ് അലോട്ട്മെന്റ് നടത്തുന്നത്. ഇവിടെയും നിശ്ചിത ശതമാനം സീറ്റ് മലങ്കര കത്തോലിക്ക സഭയിലെ തിരുവല്ല അതിരൂപതയിലും മാവേലിക്കര രൂപതയിലും പത്തനംതിട്ട രൂപതയിലും ഉൾപ്പെടുന്ന കുട്ടികൾക്ക് നീക്കിവച്ചിട്ടുണ്ട്. പ്രസ്തുത സീറ്റിലേക്ക് അപേക്ഷിക്കുമ്പോൾ ഇടവക വികാരിയുടെ കത്ത് വന്ദ്യപിതാക്കന്മാർ സാക്ഷ്യപ്പെടുത്തി അപേക്ഷാ ഫോമിന്റെ കൂടെ വയ്ക്കേണ്ടതാണ്. ഒപ്പം മലങ്കര കത്തോലിക്കാ സഭയുടെ സൺഡേ സ്കൂൾ 10–ാം ക്ലാസ് പാസായതിന്റെ സർട്ടിഫിക്കറ്റും സമർപ്പിക്കേണ്ടതാണ്.

### 8. M.Sc (Nursing)

പുഷ്പഗിരി നഴ്സിംഗ് കോളജിൽ 3 വിഷയങ്ങളിലാണ് ബിരുദാനന്തര ബിരുദ കോഴ്സുകൾ നടക്കുന്നത്. M.Sc. Medical Surgical Nursing, M.Sc.Child Health Nursing, M.Sc. Mental Health Nursing. ഗവൺമെന്റും മാനേജ്മെന്റ് അസോസിയേഷനും (www.amcsfnck.com) ആണ് അലോട്ട്മെന്റ് നടത്തുന്നത്. B.Sc. Nursing ആണ് അടിസ്ഥാന യോഗ്യത. അഡ്മിഷൻ സൂപ്പർ വൈസറി കമ്മിറ്റിയുടെ നേതൃത്വത്തിലുള്ള എൻട്രൻസ് പരീക്ഷ (Kerala State PG Nursing Entrance) എഴുതിയവർക്കേ ഈ കോഴ്സുകൾക്ക് ചേരുവാൻ അനുവാദമുള്ളൂ.

1. M.Sc Medical Surgical Nursing - 6
2. M.Sc Child Health Nursing - 3
3. M.Sc Mental Health Nursing - 4


### 9. Paramedical Course

D.D.T. (Diploma in Dialysis Technology)

D.D.T. യ്ക്ക് 10 സീറ്റുകൾക്കാണ് അനുമതി ലഭിച്ചിരിക്കുന്നത്. 5 സീറ്റുകൾ അലോട്ട് ചെയ്യുന്നത് Director of Medical Education നും 5 സീറ്റുകൾ അലോട്ട് ചെയ്യുന്നത് Institution നുമാണ്.

■


# കുരിശുമല ആശ്രമത്തിലേക്ക് സ്വാഗതം!!


ST. BENEDICT


ST. BERNARD

തിരുസഭയ്ക്കും മനുഷ്യസമുദായത്തിനും നൂറ്റാണ്ടുകളായി അതുല്യനേട്ടങ്ങൾ പ്രദാനം ചെയ്തിട്ടുള്ള ആദരണീയവും ആശ്രമാധിഷ്ഠിതവുമായ സന്യാസ ജീവിതരീതി പാശ്ചാത്യവും പൗരസ്ത്യവുമായ സഭകൾ അതിന്റെ ആദിമചൈതന്യത്തോടുകൂടി സംരക്ഷിക്കട്ടെ. അത് അധികമധികം ശോഭിക്കുകയും ചെയ്യട്ടെ ആശ്രമപരിധിയിൽ ഒതുങ്ങിനിന്നുകൊണ്ട് വിനീതവും അതേസമയം വിശിഷ്ടവുമായ ശുശ്രൂഷ ദൈവസന്നിധിയിൽ സമർപ്പിക്കുകയാണ് ആശ്രമസ്ഥരുടെ പ്രഥമവും പ്രധാനവുമായ ധർമ്മം. (Vatican II, Religious Life, 9)

ആർഷഭാരതപാരമ്പര്യത്തിനും ജീവിതരീതിക്കും മലങ്കര ആരാധനക്രമത്തിനും അനുരൂപമായി വി. ബെർണാഡിന്റെ ആദ്ധ്യാത്മികത പിന്തുടരുന്ന ഇന്ത്യയിലെ ഏക ട്രാപ്പിസ്റ്റ് സന്യാസാശ്രമത്തിൽ അംഗമായി ക്രിസ്തുവിനും തിരുസഭയ്ക്കും വേണ്ടി ലളിതനും ധ്യാനാത്മകവുമായ (Contemplative) സന്യാസജീവിതം നയിക്കുവാൻ താല്പര്യമുള്ള 20-നും 35-നും മദ്ധ്യേ പ്രായമുള്ളവരും SSLC എങ്കിലും വിദ്യാഭ്യാസയോഗ്യതയുള്ളവരുമായ യുവാക്കൾക്ക് വാഗമൺ കുരിശുമല ആശ്രമത്തിലേക്ക് സ്വാഗതം! കൂടുതൽ വിവരങ്ങൾക്ക് താഴെക്കാണുന്ന വിലാസത്തിൽ ബന്ധപ്പെടുകയോ നേരിൽ കാണുകയോ തെയ്യുക.



| | |
|---|---|
| Address | : Acharya, Kurisumala Ashram, Vagamon 685503, Kottayam, Kerala |
| Telephone | : 9961729917, 9744191029, 8281903158 |
| E-mail | : kurisumala1958@gmail.com |
| Website | : www.kurisumalaAshram.in |




# പ്ലസ്-ടുവിനുശേഷമുള്ള കോഴ്സുകൾ



**ബിനു കണ്ണന്താനം**
പേഴ്സണാലിറ്റി ഡെവലപ്മെന്റ്
ട്രെയ്നർ

പ്ലസ്ടു കഴിഞ്ഞാൽ ഒന്നുകിൽ ഡോക്ടറാകണം, അല്ലെങ്കിൽ എൻജിനീയറാകണം. ഇതിനുരണ്ടിനും സാധിച്ചില്ലായെങ്കിൽ നേഴ്സാകണം. ഇതാണ് ഇന്ന് വിദ്യാർത്ഥികളുടെയും മാതാപിതാക്കളുടെയും ചിന്ത. ജോലിസാദ്ധ്യതയുള്ള മറ്റനവധി കോഴ്സുകൾ നമ്മുടെ രാജ്യത്തുണ്ട് എന്നുള്ള കാര്യം പലരും മനസ്സിലാക്കുന്നില്ല. പ്ലസ് ടു ഫിസിക്സ്, കെമിസ്ട്രി, മാത്സ് എന്നീ വിഷയങ്ങൾക്ക് 50% മാർക്ക് ലഭിച്ച കുട്ടികൾക്ക് സ്പെഷ്യൽ ക്ലാസ്സ് റയിൽവേ അപ്രന്റീസ് (SCRA) പ്രവേശന പരീക്ഷയെഴുതാം. സെലക്ഷൻ കിട്ടിയാൽ പഠിക്കാൻ പ്രതിമാസം 9000/- രൂപ സ്റ്റൈപ്പന്റ് ലഭിക്കും. നാലുവർഷ പ്രോഗ്രാമാണ്. മെക്കാനിക്കൽ, ഇലക്ട്രിക്കൽ, എൻജിനീയറിംഗിൽ പരിശീലനത്തോടൊപ്പം ഇന്ത്യൻ റയിൽവേയിൽ ക്ലാസ്സ് വൺ ഓഫീസറാകുന്നതിനുള്ള നേതൃത്വ പാടവം നൽകുന്ന കോഴ്സാണ് ഇത്. വിവരങ്ങൾക്ക്: www.irimee.indianrailways.gov.in

വരുംവർഷങ്ങളിൽ ഇന്ത്യയിൽ ഏവിയേഷൻ രംഗത്ത് കൂടുതൽ അവസരങ്ങളുണ്ടാകും. വിമാന കമ്പനികൾ കൂടുതൽ ആഭ്യന്തര സർവ്വീസുകൾ ആരംഭിക്കുന്നു. ഫസ്റ്റ് ക്ലാസ്സ് ട്രെയിൻ യാത്രക്കാരെ ആകർഷിക്കത്തക്ക നിരക്കുകൾ വരുന്നതോടെ ഈ മേഖലയിൽ

വൻകുതിച്ചുചാട്ടത്തിന് സാദ്ധ്യതയുണ്ട്. എയർഹോസ്റ്റസ്, സ്റ്റുവാർഡ്, എയർക്രാഫ്റ്റ് എൻജിനീയർ, പൈലറ്റ്, ട്രാഫിക് കൺട്രോളർ, എയർപോർട്ട് മാനേജ്മെന്റ് തുടങ്ങി നിരവധി തൊഴിലവസരങ്ങളുണ്ട്. രണ്ടുവർഷമാണ് ഏവിയേഷൻ ഡിപ്ലോമാ കോഴ്സിന്റെ കാലയളവ്. എയർക്രാഫ്റ്റ് എൻജിനീയറിംഗ് നാലുവർഷ ബി. ടെക് കോഴ്സാണ്. തികഞ്ഞ ആത്മധൈര്യവും സാഹസികതയുമുള്ളവർ മാത്രമേ പൈലറ്റ് ജോലിക്ക് ശ്രമിക്കാവൂ. മറ്റുള്ളവരുമായി മാന്യമായി ഇടപെടാനും ന്യായമായ സൗന്ദര്യം ഉള്ളവരും 5 അടി 4 ഇഞ്ച് (160 സെ.മീ.) പൊക്കമുള്ളവരും എയർഹോസ്റ്റസ് ആകാൻ ശ്രമിച്ചാൽ മതി. ഡൽഹിയിലെ ഫ്ളയേഴ്സ് ഇന്റർനാഷണലിലും മുംബൈയിലെ ഇന്ത്യൻ ഏവിയേഷൻ അക്കാദമിയിലും ഈ കോഴ്സുകൾ ഉണ്ട്.

ഏതാനും വർഷങ്ങൾക്കകം ജലഗതാഗതത്തിൽ വൻ കുതിപ്പ് പ്രതീക്ഷിക്കാം. ഇന്ന് നിരവധി മാരിടൈ കോഴ്സുകളുണ്ട്. 60% മാർക്കോ ടെ പ്ലസ്ടുവിന് ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് പൂർത്തിയായവർക്ക് മാരിടൈ കോഴ്സിന് അപേക്ഷിക്കാം. കപ്പലുകളിൽ മറൈൻ എൻജിനീയർ, നാവിഗേറ്റിംഗ് ഓഫീസർ, റേഡിയോ ഓഫീസർ, ഡെക്ക്, എഞ്ചിൻ സർവ്വീസ് വിഭാഗത്തിലും മർച്ചന്റ് നേവി കോഴ്സ് പൂർത്തിയായവർക്ക് ജോലി സാദ്ധ്യതയുണ്ട്. മികച്ച ശമ്പളവും മർച്ചന്റ് നേവി നൽകുന്നു. മറൈൻ എൻജിനീയർക്ക് പ്രതിമാസം രണ്ടു ലക്ഷം രൂപയോളവും ഡെക്ക് കാഡറ്റകൾക്ക് എഴുപത്തി അയ്യായിരം രൂപയും പ്രതീക്ഷിക്കാം. ഇതുകൂടാതെ ലോകം മുഴുവൻ ചുറ്റിസഞ്ചരിക്കാനുള്ള അവസരവും വർഷത്തിൽ നീണ്ട അവധിയും ലഭിക്കും. കൊച്ചി, ചെന്നൈ, പൂനെ, വിശാഖപട്ടണം, എന്നിവിടങ്ങളിൽ മറൈൻ എൻജിനീയറിംഗിൽ ബി. ഇ., ബി. എസ്. സി. നോട്ടിക്കൽ സയൻസ്, ഷിപ്പിംഗ് മാനേജ്മെന്റിൽ എം. ബി. എ., മറൈൻ എൻജിനീയറിംഗിൽ ഡിപ്ലോമ കോഴ്സുകളും ഉണ്ട്.

മാരിടൈ കോഴ്സുകൾ നടത്തുന്ന നിരവധി സ്വകാര്യ സ്ഥാപനങ്ങൾ കേരളത്തിലുണ്ട്. ഇതിൽ പലതിനും ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗിന്റെ അംഗീകാരമില്ലാത്തതാണ്. അംഗീകാരമുള്ള സ്ഥാപനത്തിൽ മാത്രമേ ചേരാവൂ. 25 വയസ്സാണ് ഈ കോഴ്സിന് ചേരാനുള്ള ഉയർന്നപ്രായപരിധി.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് ടെക്നോളജി (IIST) യിൽ പ്ലസ്ടു കഴിഞ്ഞവർക്ക് ബി. ടെക്കിന് അപേക്ഷിക്കാം. പ്രവേശന പരീക്ഷയുണ്ട്. വിശദവിവരങ്ങൾക്ക് : www.iist.ac.in നോക്കുക. വളരെയേറെ തൊഴിൽ സാദ്ധ്യതയുള്ള ചാർട്ടേഡ് അക്കൗണ്ടൻസിക്ക് പ്ലസ്ടുക്കാർക്ക് പ്രവേശന പരീക്ഷയിലൂടെ അഡ്മിഷൻ ലഭിക്കും. വിവരങ്ങൾക്ക് : www.icai.org

തൊഴിൽ സാദ്ധ്യതയേറെയുള്ള മറ്റൊരു കോഴ്സാണ് കമ്പനി സെക്രട്ടറി. പ്ലസ്ടു കഴിഞ്ഞവർക്ക് മൂന്നര വർഷത്തെ പഠനം കൊണ്ട് കമ്പനി സെക്രട്ടറിഷിപ്പ് കോഴ്സ് പൂർത്തിയാക്കാം. വിവരങ്ങൾക്ക് : www.icsi.edu

നാഷണൽ ഡിഫൻസ് അക്കാഡമിയിൽ സൈന്യത്തിലേയ്ക്കുള്ള പരിശീലനത്തിനായി ഡിഗ്രി പ്രോഗ്രാമിന് ചേരാം. പ്രവേശന പരീക്ഷയിലൂടെയാണ് തെരഞ്ഞെടുക്കുന്നത്. കോഴ്സ് പൂർത്തിയാക്കിയവർക്ക് ആർമി, എയർഫോഴ്സ്, നേവി എന്നിവിടങ്ങളിൽ ജോലി ലഭിക്കും. വിവരങ്ങൾക്ക് : www.nda.ac.in

കേരള കാർഷിക സർവകലാശാല 2010 ൽ ആരംഭിച്ച അഞ്ചുവർഷത്തെ കോഴ്സാണ് മാസ്റ്റർ ഓഫ് സയൻസ് ഇൻ ക്ലൈമറ്റ് ചേഞ്ച് അഡാപ്റ്റേഷൻ



കോഴ്സ്. കാലാവസ്ഥാപഠനമാണ് ഈ കോഴ്സു കൊണ്ട് ഉദ്ദേശിക്കുന്നത്. പ്ലസ്ടു 60% മാർക്ക് ലഭിച്ച സയൻസ് വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷയിലൂടെയാണ് അഡ്മിഷൻ. വിവരങ്ങൾക്ക് : www.kau.edu

പ്ലസ്ടു 50% മാർക്കോടെ പാസ്സായവർക്ക്ഫാഷൻഡിസൈനിംഗ്, ഡിസൈനിംഗ് ടെക്നോളജി എന്നിവയിലുള്ള കോഴ്സിന് അപേക്ഷിക്കാം, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി എന്ന സ്ഥാപനത്തിന് 18 പഠന കേന്ദ്രങ്ങൾ ഇന്ത്യയിലുണ്ട്. കേരളത്തിൽ കണ്ണൂരാണ് ഈ സ്ഥാപനമുള്ളത്. പ്രവേശന പരീക്ഷയിലൂടെയാണ് നാലുവർഷത്തെ ഡിഗ്രി കോഴ്സായ BF Tech. പ്രവേശനം ലഭിക്കുന്നത് കാമ്പസ് ഇന്റർവ്യൂ വഴി മുഴുവൻ കുട്ടികൾക്കും പ്ലേസ്മെന്റ് ലഭിക്കും. ഉയർന്ന വേതനവും ലഭിക്കും, ■

# അമ്മ മനസ്സ്



**സി. ഗ്ലാഡിസ് ഒ. എസ്.എസ്.**

സ്വർഗ്ഗത്തിൽനിന്ന് ഭൂമിയിലേക്ക് പതിച്ച ദൈവത്തിന്റെ പൂന്തോട്ടത്തിലെ മനോഹരമായ പുഷ്പങ്ങളാണ് ഓരോ പെൺകുട്ടികളും. ഒരു പെൺകുഞ്ഞ് ഭൂമിയിലേക്ക് പിറന്നുവീഴുന്നത് നാളെയുടെ നല്ല അമ്മയാകുക എന്ന ദൗത്യവുമായാണ്. ജോനാഥ് കപ്പുച്ചിൻ എന്ന വൈദികന്റെ 'പാദുകം' എന്ന പുസ്തകത്തിൽ ഇപ്രകാരം പറയുന്നു:

"പൂവ് ദൈവത്തോട് പരാതിപ്പെട്ടു
എനിക്ക് ഒരമ്മയെ വേണം
ദൈവം പറഞ്ഞു: നീ കരയുക
കാരണം ഒരായുസ്സിന്റെ മുഴുവൻ കണ്ണുനീരും
ചേർത്തുവയ്ക്കുമ്പോഴാണ്
ഒരമ്മയുണ്ടാകുന്നത്."

നമ്മുടെ ദേവാലയങ്ങളിൽ ഏറ്റവും കൂടുതൽ പ്രാർത്ഥനയുടെ കണ്ണുനീർ വീഴുന്ന ഇടം നമ്മുടെ അമ്മമാർ മുട്ടുകുത്തുന്ന ഇടം ആണ്. കണ്ണുനീരുകൊണ്ട് അളന്നാൽ അവരോളം വേദനാജനകമായ ജന്മം ഭൂമിയിൽ ഉണ്ടാവില്ല. ഹൃദയം പിളർന്ന കണ്ണുനീർ പ്രാർത്ഥനയുമായി മക്കളുടെ വഴികളിൽ അനുഗ്രഹ കടാക്ഷമായി പരിണമിക്കുന്നവർ. അമ്മയുടെ കരുതലോട് സൗഹൃദത്തിന്റെ കരുതലുമായി നമ്മെ തേടിയെത്തുന്ന എത്ര പെൺസുഹൃത്തുക്കൾ. ഓരോ പെൺകുട്ടിയുടെയും സൗഹൃദം ഹൃദയത്തിൽ സൂക്ഷിക്കുമ്പോൾ അമ്മയുടെ സ്നേഹത്തിന്റെ കാരുണ്യവും കരുതലും സുരക്ഷിതത്വവും പ്രണയവും സ്നിഗ്ദ്ധതയും സൗഹൃദവുമാണ് നാം ഹൃദയത്തിൽ ഏറ്റുവാങ്ങുന്നത്.

അമ്മ മനസ്സിൽ കലുഷിതമായ കടൽ അലയടിക്കുമ്പോഴും ഉള്ളിൽ സ്നേഹത്തിന്റെ സംഗീതം ഉയരുന്നുണ്ട്. പ്രശസ്ത കവയത്രി സുഗതകുമാരിയുടെ സ്ത്രീപർവ്വം എന്ന കവിതയിൽ ഭാര്യ, മാതാവ് എന്ന പദവികളുടെ ഉത്തരവാദിത്വങ്ങൾ ചെയ്ത് ജീവിക്കുന്ന സ്ത്രീയുടെ ചോദ്യങ്ങളും ഉത്തരങ്ങളും അസാധാരണമായ അനുഭവങ്ങളിൽനിന്ന് ഉരുത്തിരിയുന്ന നിലപാടുകളും എടുത്തുകാട്ടുന്നു. ജീവിതപ്രാരാബ്ധതയിൽ മക്കൾക്കും ഭർത്താവിനും സമൂഹത്തിനും മുൻപിൽ

"മക്കൾക്ക് നേരമായ് വളരുവാൻ
നിശ്ചലം നിൽക്കുകയോ? നൂറു പണികളില്ലേ
മുറിവേറ്റു വീണുകിടന്നൊരു വാടിയ
ചിരിയൊന്നെടുത്തു ഞാൻ ചൂടി വീണ്ടും"
വിൽപ്പനക്കാരനോട് സ്ത്രീ:
"ഉണ്ടോ മുഖം മൂടി?"
വിൽപ്പനക്കാരൻ:
"കൊള്ളാം അതല്ലാതെ എന്തുണ്ടിവിടെ,
എന്താണു വേഷം?"
സ്ത്രീ:
"ആഹ്ലാദ സൗഭാഗ്യപൂർണ്ണയായ്
വാണിടും വീട്ടമ്മതൻ മുഖം മൂടി."

അങ്ങനെ പലതരം മുഖംമൂടികളണിഞ്ഞ് പ്രാരാബ്ധതയുടെ നടുവിലും കരുതലിന്റെ കരമായി മാറുന്നു എന്റെ അമ്മമാർ...

അമ്മയെ സ്നേഹിക്കാത്തവർക്ക്, അമ്മയിൽനിന്ന് സ്നേഹം കിട്ടാത്തവർക്ക്, ആരെയും അകമഴിഞ്ഞ് സ്നേഹിക്കാനാവില്ല.



അമ്മയുടെ ചിറകിൻകീഴിൽ അഭയം തേടുന്ന കോഴിക്കുഞ്ഞിന് അറിയാം ഗരുഡന്റെ കാഴ്ചയെത്താത്ത സ്വർഗ്ഗത്തിന്റെ മുദ്രവച്ച് അടയ്ക്കപ്പെട്ട രക്ഷാസങ്കേതമാണ് അമ്മയെന്ന്. പെയ്ത് തീരാത്ത മഴപോലെയും, ഒഴുകി തീരാത്ത പുഴപോലെയും, സ്നേഹം നൽകുന്ന സ്ത്രീ.

അമ്മമാർ നാം മറന്നുപോകുമ്പോഴും ഓർത്തിരുന്ന് നമുക്കായി പ്രാർത്ഥിക്കുന്നവർ. സ്നേഹത്തിന്റെ പരിഭവങ്ങൾ കാത്തുസൂക്ഷിക്കുന്നവർ.

ഈ ആധുനിക യുഗത്തിൽ കാഴ്ചകൾക്കു മുകളിൽ ചാടിവീഴുന്ന പിഴച്ച കണ്ണുകൾ, ശബ്ദങ്ങൾക്കു പിറകെ പാഞ്ഞുചെല്ലുന്ന വരുതികെട്ട കാതുകൾ, രുചിഭേദങ്ങളുടെ തടവറയിൽ തളച്ചിടുന്ന നാക്ക്, എല്ലാ ഗന്ധങ്ങൾക്കു നേർക്കും തുറന്നിരിക്കുന്ന മൂക്ക്, എല്ലാ സ്പർശങ്ങളെയും വലിച്ചെടുത്ത് വരട്ടുന്ന തൊലി, വേണ്ടതും വേണ്ടാത്തതും മനസ്സിലാക്കുന്ന മനസ്സ്, മുകളിൽ വട്ടമിട്ട് പറക്കുന്ന ആർത്തിപ്പക്ഷി ഇവയുടെ അടിമയായി കഴിയുന്ന നാം എങ്ങനെ അമ്മയുടെ, സ്ത്രീയുടെ മനസ്സ് തിരിച്ചറിയും? ഹൃദയതൊട്ടിലിൽ ഒരുണ്ണിയെപ്പോലെ ഇന്നു നമ്മെ താരാട്ടുപാടിയുറക്കുന്ന അമ്മമാരുടെ സ്നേഹം...

അമ്മേ...

വിദ്വേഷകലുഷിതമായ ഇടനാഴികളിൽനിന്ന് വാക്കുകളുടെയും നോട്ടത്തിന്റെയും വസൂരിയിൽനിന്നും, കണ്ണാടിയുടെ വ്യാമോഹങ്ങളിൽനിന്നും, നാഴികമണിയുടെ ഭീഷണിയിൽനിന്നും, തസ്തികയുടെ തരംതിരിവുകളിൽനിന്നും അക്ഷരങ്ങളുടെയും അക്കത്തിന്റെയും ബലാത്സംഗത്തിൽനിന്നും ഒരു നിമിഷം മോഷ്ടിച്ചെടുത്തു ഞാൻ എത്തിയിരിക്കുന്നു പരിഗണനയുടെ അളവു തൂക്കങ്ങളില്ലാത്ത നിന്റെ സ്നേഹം അനുഭവിക്കാൻ...

ഈ ലോകത്തിൽ മറ്റ് ആരെയുംകാൾ ഒരു വ്യക്തിയെ മനസ്സിലാക്കുന്ന, സ്വാധീനിക്കുന്ന വ്യക്തി അമ്മയാണ്. ആ അമ്മയുടെ ഹൃദയം പിളരുന്ന കണ്ണുനീർ പ്രാർത്ഥനകൾ മക്കൾക്ക് അനുഗ്രഹമാകുന്നു. വെന്തുപാകമാകുന്ന ഓരോ അരിമണിയുടെ പിന്നിലും അഗ്നിയായി എരിയുന്നവൾ... അമ്മ. നല്ല സ്ത്രീ - നല്ല അമ്മ - നല്ല കൂട്ടുകാരി - നല്ല പ്രണയിനി അതുകൊണ്ടാവാം പ്രശസ്ത എഴുത്തുകാരി മീര തന്റെ ആരാച്ചാർ എന്ന നോവലിൽ സ്ത്രീത്വത്തെ രേഖപ്പെടുത്തിയിരിക്കുന്നത്, പുരുഷൻ തന്നെ സ്നേഹിക്കുന്നവരെ മാത്രം സ്നേഹിക്കുമ്പോൾ, നല്ല സ്ത്രീകൾ തന്നെ വേദനിപ്പിക്കുന്നവരെക്കൂടി സ്നേഹിക്കുന്നുവെന്ന്. മാറ്റമില്ലാത്ത സ്നേഹസൗഹൃദമാണ് സ്ത്രീ സൗഹൃദം. സത്യസന്ധമായ സ്നേഹം ചൊരിയുന്ന സ്ത്രീയുടെ കണ്ണുനീർ ഒരിക്കലും ശാപമാകാതിരിക്കട്ടെ.

എത്രയോ നല്ല പെൺസുഹൃത്തുക്കൾ, നല്ല അമ്മമാർ, അവർ വർണ്ണശോഭയില്ലാത്ത നിഴലുകൾ ആയിരിക്കാം. എങ്കിലും നാം നിശ്ചലം ആകുംവരെ നമുക്കൊപ്പം ഉണ്ടാകുമവർ. അമ്മ നന്നായാൽ മറ്റെല്ലാം നന്നായി. അമ്മ പഠിപ്പിക്കുന്ന പാഠങ്ങളേ നമ്മുടെ ജീവിതയാത്രയിൽ തണൽ വിരിച്ച് നിൽക്കുകയുള്ളൂ. പ്രാർത്ഥിക്കാൻ, ഇല്ലായ്മയുടെ മുൻപിൽ തലയുയർത്തി നിൽക്കാൻ, സ്നേഹിക്കാൻ, പങ്കുവയ്ക്കാൻ എല്ലാം... അച്ഛൻ മറന്നുപോകുന്ന കാര്യങ്ങൾ ഓർത്തുവയ്ക്കുന്ന നന്മയുടെ തണൽ വൃക്ഷങ്ങൾ...അങ്ങനെ സ്നേഹത്തിന്റെ പര്യായമായ എത്രയോ അമ്മമാർ... ■



*തിരുവല്ല അതിരൂപതയിലെ അഭിവന്ദ്യ പിതാവും വൈദികരും 2016 ഏപ്രിൽ 11 -ാം തീയതി ഗോവയിലെ വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ ഭൗതീക ശരീരം സൂക്ഷിച്ചിരിക്കുന്ന കത്തീഡ്രലിൽ വിശുദ്ധ കുർബ്ബാന അർപ്പിച്ചപ്പോൾ.*

# ഇടയശബ്ദം 4-ാം പേജ് തുടർച്ച

ദോഷമാണ് വരുന്നത്. ജനങ്ങൾ തെരഞ്ഞെടുത്തു കഴിഞ്ഞാൽ പിന്നെ ജനപ്രതിനിധികൾ എല്ലാവരുടേതുമാണ് എന്നത് മറക്കരുത്.

കഴിഞ്ഞ തവണ സൂചിപ്പിച്ച ഒരു കാര്യംഒന്നുകൂടി അടിവരയിട്ടു പറയണം എന്ന് തോന്നുന്നു. തെരഞ്ഞെടുപ്പിൽ ഒഴുകുന്ന പണവും മറ്റു സ്വാധീനങ്ങളും, തീർച്ചയായും നിയന്ത്രണവിധേയമാക്കണം. പട്ടിണിക്കോലങ്ങൾക്ക് ഇപ്പോഴും പഞ്ഞമില്ലാത്ത ഈ നാട്ടിൽ ഇത്രയും പണം ഈ കാര്യങ്ങൾക്കുവേണ്ടി കളയാനുണ്ടോ? ധൂർത്ത് ചെയ്യാൻ കഴിയുമോ? പ്രചരണ കോലാഹലം കൊണ്ടല്ല എതിരാളിയെ തോല്പിക്കേണ്ടത്; കുത്സിതമായ മാർഗ്ഗത്തിലൂടെയും അല്ല. മറിച്ച് ആശയംകൊണ്ടും, വികസന സ്വപ്നങ്ങൾക്കൊണ്ടും, ധാർമ്മിക നിലപാടുകൾകൊണ്ടും സർവ്വോപരി ജനാധിപത്യത്തെ മുറുകെ പിടിക്കുന്നതുകൊണ്ടും ആയിരിക്കണം. അപരന്മാരെ നിർത്തുന്നതും ആർക്കും മത്സരിക്കാമെന്നും മറ്റുമുള്ളവ മാറ്റിയെഴുതപ്പെടണം. കെട്ടിവച്ച തുക പോകുക എന്നതിലുപരി ഭീമമായ തുക ചെലവു വരുന്ന പ്രക്രിയയ്ക്ക് തത്തുല്യമായ പരിഹാരംകൂടി ഇവരുടെ പക്കൽനിന്നും ഈടാക്കേണ്ടതാണ്. നിഷേധാത്മക വോട്ട് (NOTA) രേഖപ്പെടുത്താൻ സംവിധാനമുള്ളപ്പോൾ ഇത്തരത്തിൽ ജനാധിപത്യത്തെ അവഹേളിക്കുന്നത് അവസാനിപ്പിക്കണം.


പാലാ രൂപതയുടെ സഹായമെത്രാൻ, അൽഫോൻസാമ്മയുടെ കുടുംബാംഗം ഇതാ ഒരു ചരിത്രപുരുഷനായിരിക്കുന്നു. അഭിവന്ദ്യ മുരിക്കൻ പിതാവ് ജീവിച്ചിരിക്കേത്തന്നേ വൃക്ക ദാനത്തിന് തയ്യാറായതിൽ സഭയൊന്നാകെ സന്തോഷിക്കുന്നു. ജീവിച്ചിരിക്കുമ്പോൾതന്നെ ഇപ്രകാരമുള്ള ഒരു വലിയ സാക്ഷ്യം നിർവഹിച്ച അഭിവന്ദ്യ പിതാവ് ജീവിതത്തെ ഏറ്റം വലിയ സുവിശേഷമാക്കി മാറ്റിയിരിക്കുന്നു. ഇത് അനേകർക്ക് ഒരു വലിയ മാതൃകയാണ്. പാലാ കൺവൻഷനിൽ ബഹു. ചിറമേൽ അച്ചൻ ഉയർത്തിയ വെല്ലുവിളി കാരുണ്യ വർഷത്തിൽ ശിരസാവഹിച്ച് ദൈവസ്നേഹത്തിന്റെയും മതമൈത്രിയുടെയും അഗ്നിയിൽസ്ഫുടം ചെയ്ത ജീവിതമാതൃക തീർച്ചയായും ഇനിയുള്ള നാളുകളിൽ സംസാരവിഷയമാകും. അനേകർ ഈ രീതിയിൽ സഹകരിക്കുവാൻ മുമ്പോട്ടു വരും. എന്നാൽ ഛേദമില്ലാത്ത ഉപകാരം ചെയ്യാൻ നാമെന്തിന് ഇനിയും മടിക്കുന്നു. മസ്തിഷ്കമരണം സംഭവിച്ചു എന്നു മനസ്സിലായാൽ അവയവങ്ങൾ ദാനം ചെയ്യാൻ നാം ഒരുങ്ങണം; മറ്റുള്ളവരെ ഒരുക്കണം. **'മണ്ണിനല്ല; പിന്നെയോ മനുഷ്യന്'** എന്ന സമീപനം നമുക്ക് സ്വീകരിക്കാം. പിതാവിന്റെ ആരോഗ്യത്തിനും വൃക്ക സ്വീകരിക്കുന്ന സൂരജിന്റെ ആരോഗ്യത്തിനുംവേണ്ടി പ്രാർത്ഥിക്കുന്നു.

പുതിയ സ്കൂൾ വർഷത്തിന് ആരംഭം കുറിക്കാൻ പോകുന്നു. പുതിയ സ്കൂളും പുതിയ കൂട്ടുകാരും പുതിയ അദ്ധ്യാപകരും ഒക്കെ ഒരുങ്ങിക്കഴിഞ്ഞു. ഇവിടെ അദ്ധ്യാപകർ ഉൾപ്പെടെയുള്ള എല്ലാവരും പുതിയ ശൈലികൾ സ്വീകരിക്കാൻ നിർബന്ധിക്കപ്പെടുന്നു. വിദ്യാഭ്യാസം എന്നത് സമൂഹസൃഷ്ടിക്കുവേണ്ടിയാണെന്നുള്ള തിരിച്ചറിവുണ്ടാകണം. അത് സാംസ്കാരികമത ജനാധിപത്യമൂല്യങ്ങൾ പരിപോഷിപ്പിക്കുവാൻ മതിയായവയാകണം. കൂട്ടത്തിൽ ഇരിക്കുന്ന വിദ്യാർത്ഥി/നിയെ സ്വന്തംപോലെ കരുതുവാനുള്ള മനഃസ്ഥിതി വിദ്യാഭ്യാസം വഴി സംജാതമാകണം. കുട്ടികളുടെ മനസ്സിൽ ജാതീയ-മത വൈരങ്ങൾ കുത്തിവയ്ക്കാൻ ശ്രമിക്കരുത്. നന്മ ചെയ്യുവാനും നന്മയെ ആശ്ലേഷിക്കുവാനും അവരെ പ്രാപ്തരാക്കണം. പ്രകൃതിയെ സംരക്ഷിക്കുവാനും കൃഷിയോട് ആഭിമുഖ്യം പുലർത്തുവാനും നമ്മുടെ വളരുന്ന ജനതതിയെ പരിശീലിപ്പിക്കണം. തീർച്ചയായും നൂതനസാങ്കേതിക വിദ്യകൾ കുട്ടികൾക്ക് ആവേശം പകരുന്നതാണ്. അവരുടെ അന്വേഷണത്വരയെയും കണ്ടുപിടിക്കുവാനുള്ള ജിജ്ഞാസയെയും തൊട്ടുണർത്തുവാൻ കലാലയ അന്തരീക്ഷത്തിനു കഴിയണം. പ്രകൃതിയെ ചൂഷണം ചെയ്യുന്നതിനു പകരം പ്രകൃതി തരുന്നവയെ ക്രിയാത്മകമായും ദീർഘകാലത്തേക്കും ഉള്ള വിഭവമായി മാറ്റണം. ദർശനങ്ങളില്ലാത്ത നേതാക്കളും അദ്ധ്യാപകരും, തങ്ങൾ ആണ് കുട്ടികളുടെ മുമ്പിലെ തടസ്സങ്ങൾ എന്ന് സ്വയം തിരിച്ചറിയണം. ആത്മീകവും ബൗദ്ധികവും കായികവും വൈകാരികവുമായ വളർച്ച പ്രാപിക്കുവാനുള്ള ഒരു വത്സരമായി 2016-17 അദ്ധ്യയന വർഷം പരിണമിക്കട്ടെ! ●



*തിരുവല്ല മേഖലയിലെ മാതൃ മഹോത്സവത്തിൽ ഇടവക തലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ പെരിങ്ങര സെന്റ് മേരീസ് ഇടവക അംഗങ്ങൾക്ക് വികാരി ജനറാൾ മോൺ. ആന്റണി ചെത്തിപ്പുഴ ട്രോഫിയും പ്രശസ്തിപത്രവും നൽകുന്നു. സി. ടെസ്. ഒ. എസ്. എസ്, റവ.ഡോ. തോമസ്കുട്ടി പതിനെട്ടിൽ, ഫാ. കുര്യൻ കിഴക്കേക്കര, ഫാ. പ്രദീപ് വാഴത്തറമലയിൽ, ഫാ. സന്തോഷ് അഴകത്ത് തുടങ്ങിയവർ സമീപം.*





**ആദരവ്** : *സാമൂഹ്യ സേവന രംഗത്ത് പ്രവർത്തിക്കുന്നവരെ ആദരിക്കുന്നതിനായി കേരള സോഷ്യൽ സർവ്വീസ് ഫോറം (കെ.എസ്.എസ്.എഫ്) നല്കിയ അവാർഡുകൾ അഭി. ഫിലിപ്പോസ് മാർ സ്തേഫാനോസ് പിതാവിൽ നിന്നും തിരുവല്ല അതിരൂപതയിലെ ബോധനയിലെ പ്രവർത്തകർ സ്വീകരിച്ചപ്പോൾ.*



*2016 ഏപ്രിൽ 30-ാം തീയതി സെന്റ്. ജോൺസ് മെത്രാപ്പോലീത്തൻ കത്തിഡ്രലിൽ വച്ച് നടത്തപ്പെട്ട അതിരൂപത മാതൃസംഗമം തിരുവല്ലാ അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് പിതാവ് ഉദ്ഘാടനം ചെയ്യുന്നു.*

## വിവാഹ ഒരുക്ക സെമിനാർ 2016

**സ്ഥലം: ശാന്തിനിലയം, തിരുവല്ല.**


**ഫോൺ 0469-2603968, 9446270259, 9895556074**

**തീയതി: ജൂൺ 7, 8, 9 – 21, 22, 23**

**ജൂലൈ 5, 6, 7 – 19, 20, 21**

**നിർദ്ദേശങ്ങൾ**

- സെമിനാറിൽ പങ്കെടുക്കുന്നവർ മൂന്ന് ദിവസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യണം.
- സെമിനാർ ചൊവ്വാഴ്ച രാവിലെ 9.00 ന് ആരംഭിച്ച് വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കും.
- സെമിനാറിൽ പൂർണ്ണമായും പങ്കെടുക്കുന്നവർക്ക് മാത്രമേ സർട്ടിഫിക്കറ്റ് നല്കുകയുള്ളൂ.
- രജിസ്ട്രേഷൻ ഫീസ് 1000 രൂപയായിരിക്കും. പങ്കെടുക്കുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രവും 2 ഫോട്ടോയും കൊണ്ടുവരണം.
- സെമിനാറിന്റെ അവസാന ദിവസമായ വ്യാഴാഴ്ച 2 മണിക്ക് വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി പ്രത്യേക ക്ലാസ് ഉണ്ടായിരിക്കുന്നതാണ്. ഇതിൽ എല്ലാ മാതാപിതാക്കളും നിർബന്ധമായും പങ്കെടുക്കണം.



## യൂദാശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**മേഴ്സി തോമസ്**



# പ്രബോധനം

## തിരുവചനത്തിന്റെ പുനർവായന

**മാതൃസമാജങ്ങളിലും കുടുംബകൂട്ടായ്മകളിലും വായനയ്ക്കും പഠനത്തിനും ...**

### പെന്തിക്കോസ്തിക്കുശേഷം മൂന്നാം ഞായർ
### യോഹ. 6:56 – 69 ജൂൺ 5

പെന്തിക്കൊസ്തിക്കുശേഷമുള്ള മൂന്നാമത്തെ ഞായറായ ഇന്ന് പരിശുദ്ധ സഭ വിചിന്തനത്തിനായി നമുക്ക് നൽകുന്ന ഭാഗം വി. യോഹന്നാന്റെ സുവിശേഷത്തിൽ യേശു നിത്യജീവനെക്കുറിച്ച് പഠിപ്പിക്കുന്ന ഭാഗമാണ്. പെന്തിക്കൊസ്തി തിരുനാളിലൂടെ നാം പരിശുദ്ധാത്മാവിനെ സ്വീകരിച്ച് പരിശുദ്ധാത്മാവിനാൽ നിറഞ്ഞിരിക്കുന്ന കാലഘട്ടത്തിൽ യേശു നമ്മെ പഠിപ്പിക്കുന്നു, അവന്റെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്യുന്നവർക്ക് നിത്യജീവനുണ്ട്. അവർ മരിച്ചാലും ജീവിക്കും.

നിത്യജീവനെപ്പറ്റി നമ്മുടെ കർത്താവ് വാചാലനായി സംസാരിക്കുന്ന വേദഭാഗമാണ് യോഹന്നാൻ ശ്ലീഹായുടെ സുവിശേഷം 6– ാം അദ്ധ്യായം. ഈ ലോക ജീവിതം നിലനിർത്താനുള്ള അപ്പം വർദ്ധിപ്പിച്ച് നൽകിയതിനുശേഷം വീണ്ടും അതിനായി അവനെ അവരെ സമീപിച്ചവരെ മുൻനിർത്തിയാണ് കർത്താവ് അനശ്വരമായ അപ്പത്തിനുവേണ്ടി അദ്ധ്വാനിക്കുവാൻ ആഹ്വാനം ചെയ്യുന്നത്. ഈ അപ്പത്തിന്റെ പ്രത്യേകതയായി കർത്താവ് പറയുന്നത് ഇത് ഭക്ഷിക്കുന്നവൻ ഒരിക്കലും മരിക്കുകയില്ല എന്നാണ്. ഇതിനെ സമർത്ഥിക്കുവാനായി യേശു ഒരു ലോജിക് ഉപയോഗിക്കുന്നുണ്ട്.

- ജീവിക്കുന്നവനായ പിതാവ് എന്നെ അയച്ചു.
- ഞാൻ പിതാവ് മൂലം ജീവിക്കുന്നു
- എന്നെ ഭക്ഷിക്കുന്നവൻ ഞാൻ മൂലം ജീവിക്കും.

നിത്യജീവന്റെ സ്രോതസ്സ് പിതാവായ ദൈവമാണ്. ഈ നിത്യജീവൻ ക്രിസ്തുവിലൂടെ നാം സ്വീകരിക്കുന്നു. ഇതാണ് നാം ഏറ്റുപറയുന്നത് ആകാശത്തിനും ഭൂമിക്കും മദ്ധ്യേ നമുക്കുള്ള ഏക മദ്ധ്യസ്ഥൻ ക്രിസ്തുവാണെന്ന്. നാമേവരും ജീവിക്കുന്നത് ക്രിസ്തുമൂലമാണ്. എന്നാൽ നമ്മുടെ ജീവിതം കണ്ടാൽ തോന്നും ക്രിസ്തു ജീവിക്കുന്നത് നാം മൂലമാണെന്ന്.

കർത്താവിന്റെ ശരീര രക്തങ്ങൾ സ്വീകരിക്കുന്നവന് നിത്യജീവൻ ഉണ്ട് എന്ന് കർത്താവ് പഠിപ്പിക്കുമ്പോൾ നാം മനസ്സിലാക്കേണ്ടത് നമ്മുടെ ആത്മാവ് നിത്യജീവനിലേക്ക് പ്രവേശിക്കുന്നു എന്നാണ്. ഹൈന്ദവ പാരമ്പര്യത്തിൽ നാം 'ജീവൻ മുക്തി' വിദ്വേഷ മുക്തി എന്ന സംജ്ഞകൾ പഠിക്കുന്നുണ്ട്. മുക്തി നേടേണ്ടവർ പുനർജന്മത്തിലേക്കും, മുക്തി നേടിയവർ ഈശ്വരനിൽ ലയിച്ച് ചേരുകയും ചെയ്യുന്ന അവസ്ഥ. ക്രിസ്തു നമ്മെ പഠിപ്പിക്കുന്നു, നാം അവന്റെ ശരീരരക്തങ്ങൾ യോഗ്യതയോടെ സ്വീകരിക്കുമ്പോൾ നാം അവനിൽ ലയിച്ച് ചേരുന്നു. അല്ലെങ്കിൽ അവൻ മൂലം നാം ജീവിക്കുന്നു.

ക്രിസ്തു നമ്മെ പഠിപ്പിക്കുന്നു, ശരീരം ഒന്നിനും ഉപകരിക്കുന്നില്ല, ആത്മാവാണ് ജീവൻ നൽകുന്നത്. അതുകൊണ്ട് ആത്മാവിനുവേണ്ട പോഷണം നൽകുവിൻ എന്ന്. ആത്മാവിന്റെ പോഷണമാണ് കർത്താവിന്റെ ശരീര രക്തങ്ങൾ. അതായത് അവൻ നമുക്കായി ഒരുക്കിയിരിക്കുന്ന പരി. കുർബ്ബാന. ഈ പരി. കുർബ്ബാന അവൻ നമുക്ക് ഒരുക്കിയിരിക്കുന്നത് കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനും നിത്യജീവനും വേണ്ടിയാണ്.

പ്രിയമുള്ളവരെ, നമുക്ക് ഒരു നിമിഷം ചിന്തിക്കാം, നമ്മുടെ ജീവിതത്തെപ്പറ്റി. എല്ലാ പരി. കുർബ്ബാനയിലും നാക്കുനീട്ടി ഈ നിത്യജീവന്റെ ഭക്ഷണം നാം സ്വീകരിച്ചിട്ടും എന്തേ നമ്മുടെ ജീവിതങ്ങൾ ക്രിസ്തുവിൽ ലയിക്കുന്നില്ല? ഇന്ന് നാമെല്ലാവരും ആൾദൈവങ്ങളാകാനുള്ള നെട്ടോട്ടത്തിലാണ്. ഞാനാണ് എല്ലാം, ഞാനില്ലെങ്കിൽ ഒന്നുമില്ല എന്ന് ചിന്തിക്കുമ്പോൾ നാം ഈ ശീല് ഒന്നോർക്കുന്നത് നല്ലതാണ്. "ആകെ അല്പനേരം മാത്രം എന്റെ യാത്ര തീരുവാൻ." ഈ യാത്രകൊണ്ട് അവസാനിക്കുന്ന ശരീരത്തിന്റെ സുഖത്തിനും സൗന്ദര്യത്തിനും വേണ്ടി നാം എന്തുമാത്രം സമയമാണ് ചെലവഴിക്കുക, എന്തുമാത്രം തത്രപ്പാടുകളാണ് നടത്തുക. എന്നാൽ എന്റെ ദൈവത്തിൽ എത്തിച്ചേരേണ്ട ആത്മാവിനുവേണ്ടി നാം എന്തു ചെയ്യുന്നു? മുഴുവൻ കുർബ്ബാനയിൽ സംബന്ധിക്കുവാൻപോലും പലപ്പോഴും നമുക്ക് നേരമില്ല. ട്യൂഷന്റെയും എൻട്രൻസ് കോച്ചിംഗിന്റെയും മറ്റ് പല കാര്യങ്ങളുമായി നമ്മുടെ സമയങ്ങൾ ചെലവഴിക്കുമ്പോൾ ആഴ്ചയിൽ ഒരു ദിവസമെങ്കിലും ആത്മീയപോഷമത്തിനുവേണ്ടി നാം ആഗ്രഹിക്കാറുണ്ടോ? പ്രിയമുള്ളവരെ, ലോകോന്മുഖതയിൽ നിന്നും മാറി ദൈവോന്മുഖതയിൽ ജീവിക്കുവാൻ നമുക്ക് സാധിക്കണം. അപ്പോഴാണ് നിത്യജീവന്റെ വഴികൾ നമ്മുടെ മുൻപിൽ തുറക്കപ്പെടുന്നത്. നമുക്ക് പ്രാർത്ഥിക്കാം, പ്രവർത്തിക്കാം, ദൈവം അനുഗ്രഹിക്കട്ടെ.

***ഫാ. ഓസ്റ്റിൻ ജോൺ തെക്കേതിൽ***

## പെന്തിക്കൊസ്തിക്കുശേഷം നാലാം ഞായർ ലൂക്കോ. 27:36

പെന്തിക്കൊസ്തിക്കുശേഷം കടന്നുവരുന്ന നാലാം ഞായറാഴ്ചയായ ഇന്ന് സഭാമാതാവ് നമുക്ക് വിചിന്തനത്തിനായി നൽകുന്ന വേദഭാഗം വി. ലൂക്കോസിന്റെ സുവിശേഷം ആറാം അദ്ധ്യായം 27 മുതൽ 36 വരെയുള്ള തിരുവചനങ്ങളാണ്. തിന്മയെ നന്മകൊണ്ട് ജയിക്കുവാൻ കർത്താവ് നമ്മെ പഠിപ്പിക്കുന്നു.

അപ്പസ്തോലന്മാരെ തെരഞ്ഞെടുത്തതിനു ശേഷം കർത്താവ് തന്റെ ശിഷ്യന്മാർ എപ്രകാരമായിരിക്കണമെന്ന് പഠിപ്പിക്കുന്നതാണ് വേദഭാഗം. മലമുകളിൽ കയറി അപ്പസ്തോലന്മാരെ തെരഞ്ഞെടുത്ത് അവരോടൊപ്പം സമതലത്തിൽ ഇറങ്ങി പഠിപ്പിക്കുന്നു ക്രിസ്തു ശിഷ്യൻ എപ്രകാരമാകണമെന്ന്. പഴയ നിയമത്തിന്റെ പ്രതികാര നിയമത്തെ യേശു ദുർബലപ്പെടുത്തുകയാണിവിടെ (പുറ. 21:26....). സ്നേഹത്തിന്റെ പുതിയ മാനങ്ങൾ ക്രിസ്തു പഠിപ്പിക്കുന്നു. മറ്റുള്ളവർ നമ്മോട് എന്ത് ചെയ്യുവാൻ നാം ആഗ്രഹിക്കുന്നുവോ അത് മറ്റുള്ളവർക്ക് ചെയ്തുകൊടുക്കുവാനാണ് ക്രിസ്തു പഠിപ്പിക്കുന്നത്. ലോകത്ത് പുലരാനാഗ്രഹിക്കുന്ന നന്മയെ സ്വന്തം ജീവിതത്തിന്റെ ശൈലിയാക്കി മാറ്റാനാണ് ക്രിസ്തു ആവശ്യപ്പെടുന്നത്. തിന്മയെ തിന്മകൊണ്ട് നേരിട്ടാൽ അരാജകത്വമാണ് ഫലമെന്ന് ക്രിസ്തു പഠിപ്പിക്കുന്നു.

ശത്രുക്കളെ സ്നേഹിക്കുവാൻ കഴിയാത്ത ആദ്ധ്യാത്മികതയിൽ ക്രിസ്തീയമായി യാതൊന്നുമില്ല എന്ന് ക്രിസ്തു പഠിപ്പിക്കുന്നു. അത്തരം പ്രകടനം വെറും കച്ചവടമാണ്. പ്രതിഫലം ഇച്ഛിച്ച് ചെയ്യുന്ന പ്രവർത്തികൾ വെറും ലൗകികമാണ്. ലൗകിക വ്യാപാരങ്ങൾ ദൈവികമാകുന്നത് പ്രതിഫലം ഇച്ഛിക്കാതെ പ്രവർത്തിക്കുമ്പോഴും, ശത്രുക്കളെ സ്നേഹിക്കുമ്പോഴുമൊക്കെയാണ്. നിഷ്ക്കാമ്മ കർമ്മം ഇതായിരിക്കണം ക്രിസ്തുശിഷ്യന്റെ സാക്ഷ്യം.

ലോകമല്ല നമുക്ക് പ്രതിഫലം നൽകേണ്ടത് പ്രത്യുത ദൈവമാണ് എന്ന ചിന്ത ക്രിസ്തു നമുക്ക് നൽകുന്നു. അത്യുന്നതന്റെ പുത്രന്മാരാകുവാൻ നാം ഇപ്രകാരം ജീവിക്കണം എന്ന് ക്രിസ്തു പഠിപ്പിക്കുന്നു. ത്യജിച്ചുകൊണ്ട് ഭുജിക്കുവാൻ നമുക്ക് സാധിക്കണം. ഇപ്രകാരം മറ്റുള്ളവരോട് സ്നേഹപൂർവ്വം പെരുമാറി സ്നേഹത്തിന്റെ മൂർത്തിഭാവമായ കരുണയിലേക്ക് നമ്മൾ വളരണം എന്ന് ക്രിസ്തു ആഗ്രഹിക്കുന്നു.

കരുണയുടെ മഹാജൂബിലി വർഷം നാം ആചരിക്കുമ്പോൾ കരുണയുടെ സ്വഭാവം നമ്മിൽ രൂപീകരിക്കുവാൻ നമുക്ക് പരിശ്രമിക്കണം. ലോകത്തിന്റെ വ്യാപാരങ്ങളിൽ അക്രമവും ചതിയും കൊള്ളയും കൊലയും പീഡനവും ഒക്കെ നിറഞ്ഞ് നിൽക്കുമ്പോൾ ഒരു വേറിട്ട ശിഷ്യത്വത്തിന്റെ തലങ്ങളിലേക്ക് വളരുവാൻ ക്രിസ്തു ശിഷ്യരായ നമുക്ക് സാധിക്കണം. മഹാകവി വയലാറിന്റെ ഈരടികൾ ഇവിടെ പ്രസക്തമാണ്: "സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ, സ്നേഹിച്ചിടാത്തൊരു തത്വശാസ്ത്രത്തെയും."

പ്രിയമുള്ളവരെ, നമുക്ക് ഒന്ന് ചിന്തിക്കാം. സ്നേഹമാകട്ടെ നമ്മുടെ ചിന്ത, സ്നേഹമാകട്ടെ നമ്മുടെ പ്രവർത്തി, സ്നേഹമാകട്ടെ നമ്മുടെ വാക്ക്, സ്നേഹമാകട്ടെ നമ്മുടെ ജീവിതം. ജോൺ 14: 23,24 ൽ കർത്താവ് പറയുന്നു, യേശുവിനെ സ്നേഹിക്കുന്നവരിൽ പരി. ത്രിത്വം വസിക്കും എന്ന്. സ്നേഹമാണ് എല്ലാത്തിനും അടിസ്ഥാനം. ക്രിസ്തുശിഷ്യൻ സ്നേഹമാകണം, അതിനായി നമുക്ക് പ്രാർത്ഥിക്കാം, പരിശ്രമിക്കാം.

*ഫാ. ഓസ്റ്റിൻ തെക്കേതിൽ*

## പെന്തിക്കൊസ്തിക്കുശേഷം അഞ്ചാം ഞായർ വി. ലൂക്കാ 9:57 – 62

ക്രിസ്തുശിഷ്യൻ ഏറ്റെടുക്കേണ്ട ത്യാഗങ്ങളെ മൂന്ന് വ്യക്തിത്വങ്ങളിലൂടെ യേശുനാഥൻ നമ്മെ പഠിപ്പിക്കുകയാണ്.

യേശുവിന്റെയും ശിഷ്യന്മാരുടെയും ജറുസലേമിലേക്കുള്ള യാത്രയിൽ ഒരുവൻ യേശുവിനോട് യേശുവിനെ അനുഗമിക്കുവാൻ തന്നെ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു. എന്നാൽ "കുറുനരികൾക്ക് മാളങ്ങളും ആകാശത്തിലെ പക്ഷികൾക്ക് കൂടുകളും ഉണ്ട്. മനുഷ്യപുത്രന് തല ചായ്ക്കാൻ ഇടമില്ല"എന്ന മറുപടിയാണ് യേശു നൽകുന്നത്. ദൈവത്തിന്റെ സൃഷ്ടികൾക്കുള്ള സുരക്ഷിതത്വം ദൈവപുത്രനില്ലെന്ന് യേശു അവനെ ഓർമ്മിപ്പിക്കുകയാണ്. ഇന്നലെകളെപ്പറ്റി ആകുലതകളില്ലാതെ, നാളെയെപ്പറ്റി കരുതലുകളില്ലാതെ, ദൈവപരിപാലനയിൽ ആശ്രയിച്ച് ജീവിക്കേണ്ടവനാണ് ക്രിസ്തുശിഷ്യൻ എന്ന് യേശു നമ്മെ പഠിപ്പിക്കുന്നു.

വീണ്ടും യേശു മറ്റൊരുവനോട് "തന്നെ അനുഗമിക്കുക" എന്ന് പറയുന്നു. ഇവിടെ ദൈവമാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. എന്നാൽ അവൻ തന്റെ പിതാവിനെ സംസ്കരിച്ചിട്ട് യേശുവിനെ അനുഗമിക്കുന്നതിനുള്ള അനുവാദം യേശുവിനോട് ചോദിക്കുന്നു. "മരിച്ചവർ തങ്ങളുടെ മരിച്ചവരെ സംസ്കരിക്കട്ടെ" എന്ന മറുപടിയാണ് യേശു നൽകുന്നത്. അപ്പന്റെ സംസ്കാരം മകന്റെ അവകാശമാണെന്ന് ലേവ്യ 21:13 വാക്യത്തിൽ വചനം പറയുന്നു. മൃതസംസ്കാരം സൽപ്രവൃത്തിയാണെന്ന് 1 രാജാക്കന്മാർ 19:20 ൽ പറയുന്നു. സുവിശേഷം പ്രസംഗി

ക്കുക അതിനേക്കാൾ ആവശ്യമാണെന്ന് യേശു ഓർമ്മിപ്പിക്കുകയാണ്. കുടുംബബന്ധങ്ങളിലുള്ള അവസാന കടമയും തീർത്തിട്ട് ദൈവരാജ്യത്തിനു വേണ്ടി സമർപ്പിക്കുക അസാദ്ധ്യമായ ഒന്നാണെന്ന് യേശു നമ്മെ പഠിപ്പിക്കുകയാണ്. ക്രിസ്തുശിഷ്യത്വത്തിന്റെ മുഖ്യഭാഗധേയം സുവിശേഷപ്രഘോഷണമാണ്. ദൈവത്തിന്റെ വിളി എല്ലാവർക്കും ലഭിക്കുന്ന ഒന്നല്ല. വി. യോഹ. 15:16 ൽ യേശു പറയുന്നു: "നിങ്ങൾ എന്നെ തെരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയാണ് ചെയ്തത്." ദൈവത്തിന്റെ തെരഞ്ഞെടുപ്പിനോട് മനുഷ്യൻ എപ്രകാരമാണ് പ്രത്യുത്തരിക്കേണ്ടതെന്ന് പരി. കന്യക മാതാവ് നമ്മളെ പഠിപ്പിക്കുന്നുണ്ട്. "ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ ഹിതംപോലെ എന്നിൽ ഭവിക്കട്ടെ." വി. പൗലോസ് ശ്ലീഹാ ക്രിസ്തുവിനെപ്പറ്റി ജ്ഞാനം കൂടുതൽ വിലയുള്ളതാകയാൽ സകലവും അവനെപ്രതി നഷ്ടമായി കരുതുകയാണ്. ക്രിസ്തുവിന്റെ വിളി ലഭിച്ചവന് ഭൗമികമായതെല്ലാം ശൂന്യമായി കരുതുവാൻ കഴിയണം. ക്രിസ്തുവിന്റെ മാധുര്യം തിരിച്ചറിയണമെങ്കിൽ ലോകത്തെ ഉപേക്ഷിച്ചേ മതിയാകൂ.

പ്രിയപ്പെട്ടവരോട് വിട വാങ്ങുവാൻ യേശുവിനോട് അനുവാദം വാങ്ങുന്നവനോട് യേശു പറയുന്നു: "കലപ്പയിൽ കൈവച്ചിട്ട് പിന്തിരിഞ്ഞുനോക്കുന്ന ഒരുവനും സ്വർഗ്ഗരാജ്യത്തിന് യോഗ്യനല്ല." നിലമുഴുതുവാൻ മൃഗത്തെ കലപ്പയോട് ബന്ധിച്ചിട്ട് മൃഗത്തെ നിയന്ത്രിക്കേണ്ടവൻ പുറകോട്ടു നോക്കിയാൽ മൃഗം അതിനിഷ്ടമുള്ള വഴിയെ കലപ്പ വലിച്ചുകൊണ്ട് പോകും. നിലമുഴൽ നടക്കില്ല. അപകടത്തിനുള്ള സാദ്ധ്യതയുമുണ്ട്. യേശുവിനെ അനുഗമിക്കാൻ തയ്യാറാകുന്നവന് ക്രിസ്തു എന്ന ഏകലക്ഷ്യമേ ഉണ്ടാകാൻ പാടുള്ളൂ എന്ന് യേശു നമ്മെ ഓർമ്മിപ്പിക്കുന്നു.

യേശുവിന്റെ ശിഷ്യത്വത്തിലേക്ക് കടന്നുവരുവാൻ ആഗ്രഹിക്കുന്നവരും യേശുവിന്റെ വിളി ലഭിച്ചവരും എപ്രകാരമാണ് ആ വിളിയോട് പ്രത്യുത്തരിക്കേണ്ടതെന്ന് ഈ വചനത്തിലൂടെ യേശു നമ്മെ പഠിപ്പിക്കുന്നു. ദൈവരാജ്യം പ്രസംഗിക്കേണ്ടതിന്റെ ആവശ്യകതയും, മനുഷ്യരക്ഷയ്ക്കായി പിന്തിരിഞ്ഞു നോക്കാതെ യേശു കുരിശിലേക്ക് കയറി പോയതുപോലെ ആ വഴിയിലൂടെ ശിഷ്യർ നടന്നുകയറേണ്ടതിന്റെ നിയോഗം ഈ വചന ഭാഗത്തിലൂടെ ക്രിസ്തു നമ്മെ ഓർമ്മിപ്പിക്കുകയാണ്.

ദൈവവിളി ദൈവത്തിന്റെ ദാനമാണ്. ഈ വിളിക്കു മുമ്പിൽ ഹൃദയപൂർവ്വമായ സമർപ്പണമാണ് സൃഷ്ടികളായ നമുക്ക് വേണ്ടത്. വി. പൗലോസ് ശ്ലീഹാ റോമർക്കെഴുതിയ ലേഖനം 9:16 ൽ പറയുന്നത് നമുക്ക് നമ്മുടെ ഹൃദയങ്ങളിൽ സ്വീകരിക്കാം. "മനുഷ്യന്റെ ആഗ്രഹമോ പ്രയത്നമോ അല്ല, ദൈവത്തിന്റെ ദയയാണ് എല്ലാറ്റിന്റെയും അടിസ്ഥാനം."

***ഫാ. ജോസഫ് കരിപ്പായിൽ***

## പെന്തിക്കോസ്തിക്ക് ശേഷം ആറാം ഞായർ ലൂക്ക 15/1 – 7

'സുവിശേഷത്തിനുള്ളിലെ സുവിശേഷം' എന്നതാണ് ലൂക്കാ സുവിശേഷകന്റെ 15-ാം അദ്ധ്യായത്തിന് പണ്ഡിതന്മാരുടെ ഇടയിലുള്ള വിശേഷണം. കാരണം യേശുക്രിസ്തുവിന് ഈ ലോകത്തോട് പറയാനുള്ള സ്വർഗ്ഗത്തിന്റെ സന്തോഷമാണ്. ഈ അദ്ധ്യയത്തിലെ പ്രമേയം കാണാതായ ആടിന്റെയും നഷ്ടപ്പെട്ട നാണയത്തിന്റെയും ധൂർത്തപുത്രന്റെയും കഥയിൽ നിറഞ്ഞു നിൽക്കുന്ന സന്ദേശമാണ് സ്വർഗത്തിന് ഈ ഭൂമിയോട് പറയാനുള്ളത്.


രക്ഷാകര ചരിത്രവും വി. ബൈബിളും ഈ അന്വേഷണകണ്ടെത്തലിന്റെ കഥയാണ് പറയുക. സ്വർഗത്തിന്റെ സ്വത്തായ മനുഷ്യൻ തന്റെ പാപത്തിലൂടെ നിത്യനരകത്തിലേക്ക് വഴുതി വീണപ്പോൾ സ്വയമെഴുന്നേൽക്കുക അസാധ്യമായി സ്വാർത്ഥതയുടെയും ജഡികമോഹങ്ങളുടെയും ഇടയിൽ കുരുങ്ങിയ സ്വർഗീയ സ്വത്തിനെ ദൈവപുത്രൻ തേടിയിറങ്ങി വീണ്ടെടുക്കുന്ന സംഭവം കാണാതായ ആടിന്റെ ഉപമയിലൂടെ വിവരിച്ചിരിക്കുന്നു.

കുഞ്ഞുനാളിൽ കുസൃതികാണിച്ചപ്പോൾ വഴക്കു പറഞ്ഞ അപ്പനോട് പിണങ്ങി വീടുവിട്ടിറങ്ങിപ്പോയ മകൻ വർഷങ്ങൾക്ക് ശേഷം അപ്പന് കത്തെഴുതി. "എനിക്ക് തിരിച്ചു വരണമെന്നു ആഗ്രഹമുണ്ട്. അപ്പച്ചന് എന്നോട് സ്നേഹമുണ്ടോ, എന്നെ സ്വീകരിക്കാമോ എന്ന ആശങ്കയിലാണ് ഇതെഴുതുന്നത് എന്നൊടു വെറുപ്പില്ലെങ്കിൽ ഈ മാസം 15-ാം തീയതി വൈകിട്ട് ആറുമണിക്ക് ശേഷമുള്ള ബസിൽ ഞാൻ വീടിന് മുമ്പിലൂടെ യാത്രചെയ്യും. അപ്പച്ചന് എന്നോട് സ്നേഹമുണ്ടെങ്കിൽ വീടിന് ഉമ്മറത്ത് ഒരു തിരി കത്തിച്ചു വയ്ക്കണം" അന്നേ ദിവസം വീടിന് മുമ്പിലേത്തിയ ബസ് വേഗത കുറച്ചപ്പോൾ കത്തെഴുതിയ ചെറുപ്പക്കാരന് കണ്ണുകളെ വിശ്വസിക്കാനായില്ല. വീടിന്റെ മതിലുകളിലും വാതിലുകളിലും ടെറസിലുമെല്ലാം ധാരാളം മെഴുകുതിരികൾ. നഷ്ടപ്പെട്ടു പോയ മകനെ തിരികെ കിട്ടിയതിന്റെ സന്തോഷം. ഇന്നത്തെ സുവിശേഷത്തിലും ഈ അതിരറ്റ സന്തോഷത്തെ കുറിച്ചാണ് പറയുന്നത്. അനുതാപം ആവശ്യമില്ലാത്ത തൊണ്ണൂറ്റിഒൻപതു നീതിമാന്മാരേക്കാൾ അനുതപിക്കുന്ന ഒരു പാപിയെ കുറിച്ച് സ്വർഗം കൂടുതൽ സന്തോഷിക്കുന്നു.

ദൈവത്തിന്റെ അനുകമ്പയും കരുണയും കൃപയും ഔദാര്യവുമെല്ലാം മാനുഷികമായ കണക്കുകൂട്ടലുകൾക്ക് മുകളിലാണ്. ഉച്ചനീചത്വങ്ങളും സാമ്പത്തിക വേർതിരിവുകളും എക്കാലത്തേക്കാളുമുപരി നിലനിൽക്കുന്ന ഈ കാലഘട്ടത്തിൽ ഈ സുവിശേഷഭാഗം ഒരു വലിയ ചോദ്യചിഹ്നമാണ്. ചുങ്കക്കാരെന്നും പാപികളെന്നും മുദ്രകുത്തി സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും അകറ്റപ്പെട്ട

വർ അവന്റെ വാക്കുകൾക്ക് കാതുകൂർപ്പിച്ചപ്പോൾ മറ്റൊരു സമൂഹം പിറുപിറുക്കലിന്റെ മാനസികവേലയിലേക്ക് തങ്ങളെത്തന്നെ താഴ്ത്തി. ചുങ്കക്കാരേയും മറ്റും ഈ ലോകത്തിന്റെ മക്കളെന്നു വിളിച്ച് അധിക്ഷേപിച്ചപ്പോൾ ഈ വർഗ്ഗക്കാരുമായി ഒരു തരത്തിലുമുള്ള വ്യവഹാരങ്ങൾക്കും ഒരു യഹൂദന് അനുവാദമില്ലായിരുന്നു. വ്യാപാരത്തിലോ സൗഹൃദത്തിലോ സമൂഹം പാപികളെന്നു ലേബൽ ചാർത്തിയവരെ ഉൾപ്പെടുത്തരുത് എന്ന അലിഖിത നിയമത്തിന് ഏറെ പ്രാധാന്യം കല്പിച്ചിരുന്ന സമൂഹത്തിന് മുമ്പിലാണ് യേശു ദൈവത്തിന്റെ പ്രവർത്തി-സ്വർഗ്ഗരാജ്യത്തിന്റെ നയം- ഒരു ഉപമയിലൂടെ വ്യക്തമാക്കുന്നത്. കാണാതെ പോയ തന്റെ ആടിനെ തേടുന്ന ഉപമ. ഇടയന്റെ ചരിത്രവും ചിത്രവും ചിരപരിചിതമായ ഒരു സമൂഹത്തോട് ദൈവത്തിന് മനുഷ്യനോടുള്ള സ്നേഹത്തിന് ഒരു നല്ല ഇടയന്റെ പരിവേഷം നൽകി അവതരിപ്പിക്കുകയാണ് ഒരു ഇടയൻ തന്റെ ഓരോ ആടിനും കണക്കു ബോധിപ്പിക്കേണ്ടതാണ്. വനപ്രദേശത്തുള്ള പുൽമേടുകളിൽ മേയാൻ വിടുമ്പോൾ ആടുകൾ വഴിതെറ്റുകയും അപകടത്തിൽ പെടുകയും ചെയ്യുക സ്വഭാവികമാണ്. എന്നാൽ ഇടയൻ മുറിവേറ്റ ആടിന്റെ തുകൽ എങ്കിലും കണ്ടെത്തിയെങ്കിൽ മാത്രമേ അപകടകാരണം ബോധ്യമാകു. (ഉൽപത്തി പുസ്തകത്തിൽ ജോസഫിന്റെ രോമക്കുപ്പായം രക്തത്തിൽ മുക്കി പിതാവിനെ ബോധ്യപ്പെടുത്തുന്ന സഹോദരന്മാരുടെ പ്രവർത്തി നമുക്കറിയാമല്ലോ) ആടിനെ കണ്ടെത്തി തോളിലേറ്റി തിരികെയെത്തുന്ന ഇടയന്റെ സന്തോഷം വർണ്ണനാതീതമാണ്. അത് വലിയ വിരുന്നിലേക്കും ആഘോഷത്തിലേയ്ക്കുമൊക്കെ നീങ്ങുന്നു. ഗ്രാമം അതേറ്റെടുക്കുന്നു.

*ഫാ. സെബാസ്റ്റ്യൻ കുന്നുംപുറത്ത്*




**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി കളംമ്പാല**

# Matrimonial



M- 200

മലങ്കര കത്തോലിക്കാ തിരുവല്ലാ അതിരൂപതാ യുവാവ് (31/170) വിദ്യാഭ്യാസ യോഗ്യത BCA, MUSCATൽ Ass. Manager ജൂലൈ ആദ്യം നാട്ടിൽ വരും. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. 9544868736, 9495921905

M- 201

മലങ്കര കത്തോലിക്കാ തിരുവല്ല അതിരൂപത യുവതി (26) Bcom, MBA, Bangalore MNC ൽ ജോലി. ഇപ്പോൾ നാട്ടിൽ ഉണ്ട്. അനുയോജ്യരായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. 9605778351, 9947373478

M- 202

Malankara Catholic bride, age 27/168 Suby Varghese D/O Abraham Varghese & Suja Varghese, Kanjipallil kolakottu, Nellickamon, Ranni ( Kalampala Parish) Bsc Nurse, Saudi MOH coming in August inviting allience from professionals working abroad.
Contact No.8281558132,04735223927

M- 202

മലങ്കര കത്തോലിക്കാ യുവാവ്, 32 വയസ്സ് ഉയരം 169 സെ.മി, കരാർജോലി, ഇടത്തരംകുടുംബം തിരുവല്ല അതിരൂപത കുമളി ഇടവക, അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. 9447379552

M- 202

മലങ്കര കത്തോലിക്കാ യുവതി (25/165) ഇന്ത്യയിൽ ജനിച്ച് ഗ്രീൻ കാർഡുള്ള ഇപ്പോൾ അമേരിക്കയിൽ ജോലിചെയ്യുന്ന യുവതി(BSc Nurs). ദൈവഭയമുള്ള, നല്ല കുടുംബ പശ്ചാത്തലമുള്ള M.Tech Computer Eng, MSc Nurse വിദ്യാഭ്യാസ യോഗ്യതയുള്ള യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. Tel: 1-215-303-6961, Email:jacobabraham57@gmail.com

# ഉള്ളതുപറഞ്ഞാൽ...



**അഡ്വ. വിനോദ് മാത്യു വിൽസൺ**

വിവാഹം കഴിക്കുന്നത് പലപ്പോഴും മോചനത്തിനായിട്ടാണ് എന്ന് പറയേണ്ടിവരുന്ന അവസ്ഥ. ചിലർ വിവാഹമോചന കേസ് ഫയൽ ചെയ്യുന്നത് തന്നെ മറ്റൊരു വിവാഹം കണ്ടുവച്ചിട്ടാണ്. ഒരു വിവാഹിതൻ എന്ന നിലയിൽ പറയട്ടെ, പഴയകാലത്തിൽനിന്നും ഒരുപാട് മാറ്റങ്ങൾ കാലാനുസൃതമായി ഉണ്ടായിട്ടുണ്ട്. ആ മാറ്റങ്ങൾ ഉൾക്കൊള്ളാൻ ചെറുക്കനും പെണ്ണും തയ്യാറാകുന്നിടത്താണ് വിജയം.

പ്രേമം, പ്രണയം ഇതൊക്കെ സ്വപ്നങ്ങളുടെ ലോകമാണ്. ഈ സ്വപ്നലോകത്തുനിന്ന് താഴെയിറങ്ങാൻ കുറച്ചുസമയം എടുക്കും. യാഥാർത്ഥ്യങ്ങളുടെയും, വീണ്ടുവിചാരത്തിന്റെയും ലോകത്ത് എത്തുമ്പോഴേക്കും അവയ്ക്ക് പ്രണയലോകത്തിന്റെ നിറങ്ങളോ വർണ്ണങ്ങളോ ഉണ്ടാകില്ല. അവിടെ തുടങ്ങുന്നു പൊരുത്തക്കേടുകൾ. ആ പൊരുത്തക്കേടുകൾ പറഞ്ഞുതീർക്കാൻ 'തലനരച്ചവരുടെ' സാന്നിദ്ധ്യം ഇല്ലാത്തത് അതിലും വലിയ പ്രശ്നങ്ങളിലേക്കും ദുരന്തങ്ങളിലേക്കും പോകും.

ഞാൻ ഫയൽ ചെയ്തിട്ടുള്ള വിവാഹമോചന കേസുകളിൽ ഭൂരിഭാഗവും പ്രണയവിവാഹിതരും വളരെ നേരത്തെ വിവാഹം കഴിച്ചവരുമാണ്.



വിവാഹത്തെപ്പറ്റി ഈയിടയ്ക്ക് കേട്ട ഒരു കഥ പറഞ്ഞ് അവസാനിപ്പിക്കാം: തേൻ മധുരമുള്ള ഒരു വരിക്കച്ചക്ക. ചുറ്റും തേൻകുടിക്കാൻ പാറി നടക്കുന്ന ഈച്ചകൾ. അതിൽ ഒരു ഈച്ച ബുദ്ധിയും ശക്തിയും ഉപയോഗിച്ച് എങ്ങനെയോ ചക്കയ്ക്കുള്ളിലായി. മറ്റ് ഈച്ചകൾ പുറത്തും. കുറെ നേരമായിട്ടും അകത്തായ ഈച്ച പുറത്തേക്ക് വരുന്നില്ല. പുറത്തുള്ള ഈച്ചകൾ മുറുമുറുക്കാൻ തുടങ്ങി. അവൻ ഇപ്പോ അകത്തുപോയി മുഴുവൻ തേനും കുടിക്കുകയായിരിക്കും. ദുഷ്ടൻ, ഭാഗ്യവാൻ, മുറുമുറുപ്പുകൾ തുടർന്നു. പക്ഷേ പാവം അകത്തായ ഈച്ച അവിടെ ചക്ക അരക്കിൽ ഒട്ടി, ഒന്നു ശ്വാസം പോലും വിടാൻ കഴിയാതെ കുരുങ്ങി. ഇതാണ് വിവാഹം. പുറത്തുള്ളവർക്കും അകത്തുള്ളവർക്കും അകത്തായ ഈച്ചയെപ്പോലെ ..........

വളരെ അപ്രതീക്ഷിതമായിട്ടാണ് ഞാൻ ആ പെൺകുട്ടിയെ പരിചയപ്പെട്ടത്. ഊരും പേരും നാളും ചോദിച്ച കൂട്ടത്തിൽ ചോദിച്ചു. എന്തു ചെയ്യുന്നു? പഠനം നടക്കുന്നു. ഇപ്പോ തൽക്കാലം ഒന്നും ചെയ്യുന്നില്ല. അടുത്ത ആഴ്ച എന്റെ കല്യാണമാണ്. പകച്ചുപോകാൻ ബാല്യം വീണ്ടും ഉണ്ടായിരുന്നതിനാൽ എന്റെ ബാല്യം വീണ്ടും പകച്ചു. അപ്പൂപ്പനും അപ്പൂപ്പൻതാടിയും തമ്മിലുള്ള വ്യത്യാസംപോലും അറിയാൻ സാദ്ധ്യതയില്ലാത്ത ആ പത്തൊൻപതുകാരിയോട് എന്തു ചോദിക്കണം എന്ന് അറിയാതെ അടുത്ത ചോദ്യം ഞാൻ ഉന്നയിച്ചു.

"നന്നായി ഭക്ഷണം ഉണ്ടാക്കുമോ?"

"ഹേയ് ആ കാര്യത്തിൽ ഞങ്ങൾ തമ്മിൽ എഗ്രിമെന്റ് ഉണ്ട്."

"എഗ്രിമെന്റോ?"

"അതേ, ഞാൻ അടുക്കളയിൽ കയറില്ല എന്ന് എന്റെ വീട്ടുകാർ ചെക്കന്റെ വീട്ടുകാരോട് പറഞ്ഞ് എഗ്രിമെന്റ് ചെയ്തിട്ടുണ്ട്. അത് ആദ്യം സമ്മതിച്ചത് ചെക്കനാ..."

അവിടെനിന്ന് ഇറങ്ങിയ എന്റെ മനസ്സിൽ ആദ്യം വന്നത് കുറെ ആൽബങ്ങൾ ആണ്. കൊല്ലം ഫാമിലി കോടതിയിൽ കേസ് കെട്ട് അടുക്കിവയ്ക്കുന്ന ഇരുമ്പു ഷെൽഫുകളിൽ കേസ് കെട്ടുകൾ മറിഞ്ഞുവീഴാതിരിക്കാൻ ഉപയോഗിക്കുന്ന കുറെ ആൽബങ്ങൾ. കോടതിയിലെ ഒരു ജീവനക്കാരനോട് ചോദിച്ചപ്പോൾ മനസ്സിലായത് വിവാഹമോചനത്തിന് കേസ് കൊടുക്കുന്ന കൂട്ടത്തിൽ തെളിവിലേക്കായി കോടതിയിൽ ആൽബങ്ങൾ ഹാജരാക്കും. അവസാനം മോചനം നേടി ഇരുകൂട്ടരും രണ്ട് വഴിക്കാകുമ്പോൾ അനാഥമാകുന്ന ഇത് 1 ഉം 2 ഉം ലക്ഷം രൂപ മുടക്കി സിനിമയെ വെല്ലുന്ന രീതിയിൽ ഒപ്പിച്ചെടുത്ത പാവം ആൽബങ്ങളും. ആ ആൽബങ്ങളുടെ കൂട്ടത്തിലേക്ക് ഇവയും കടന്നുവരരുതേ എന്ന് ആശിച്ചു. ■



Framing Your Career

DREAMS CAREER GUIDANCE
www.dreamscareerguidance.com
Find us on Facebook /dreamscareerguidance

M.B.B.S., B.D.S.
ENGINEERING, NURSING

MEDICAL AND PARAMEDICAL COURSES
MBBS, BDS, BAMS, BPharm, Pharm D
Nursing (BSc, GNM, Post BSc & MSc) etc.

ENGINEERING/POLYTECHNIC
ECE, EEE, CSE, IT, Mechanical
Bio Medical, Civil, Aeronautical
Marine Engineering, MCA etc.

ARTS AND SCIENCE (MSc / BSc)
Bio Technology, Micro Biology, Bio Chemistry
Computer Science, Fashion Designing
Physics, Chemistry, Biology etc.

MANAGEMENT AND COMMUNICATION
MBA, MIB, MSW, MTA, Public Relation
Hotel Management
Hospital Administration etc.

KOTTARAKARA
Upstairs Aryas Hotel,
Pulamon Jn.
Ph: 0474-2459686

ADOOR
GF-39, Revenue Tower.
Ph 04734-221126, 28
Fax: 04734-221238

THIRUVALLA
Jinjil Arcadia,
Near St. Antony's Church
Ph: 0469-2705659

+91 960 57 22 999
Mob +91 944 78 66 183

www.higherstudiesonline.com




Contact: 9447932140, 9497459323


Mar Severios College of Teacher Education

Chengaroor P.O, Mallappally 689594
Phone:0469 2688912
(Under the Catholic Archdiocese of Tiruvalla)
Affiliated to M.G University
Approved by NCTE

B.Ed, M.Ed
Admission Started

Hostel Facility for Girls
Easy access to Bus & Train
Only 10 km from Tiruvalla

Principal
Dr. K. K. John : 9447907670


MAR IVANIOS COLLEGE FOR ADVANCED STUDIES (MICFAST)
CHENGAROOR, MALLAPPALLY
Ph. 0469-2782331, 2781072, Mob. 9447212128, 8547087741
Arts and Science College for Excellent Formation and Quality Education
(Affiliated to M.G University)
Owned and Managed by Catholic Archdiocese of Tiruvalla
Courses Offered:
B.Com (Finance & Taxation)
B.Com (Computer Applications)
B.A (English Language & Literature)
New Courses (Subject to the approval of MG University)
M.Com
B.Sc. Psychology
B.A Mass Communication & Journalism
Most. Rev. Dr. Thomas Mar Koorilos (Manager)
Fr. Dr. Isaac Parappallil (Director)
Prof. Abraham George (Principal)


Mar Ephraem
COLLEGE OF ENGINEERING AND TECHNOLOGY
MARTHANDAM
(Catholic Diocese of Marthandam)
Approved by AICTE, Delhi & Anna University, Chennai
COURSES
B.E. Mechanical Engineering
B.E. Civil Engineering
B.E. Electronics & Communication Engineering
B.E. Electrical & Electronics Engineering
B.E. Computer Science & Engineering
M.E. Computer Science & Engineering
M.E. Applied Electronics
M.E. Manufacturing Technology
FACILITIES
. Spiritual formation (Daily Holy Mass, Prayers, Jesus Youth, Retreat etc.)
. Experienced and dedicated faculty with post doctoral research & industrial experiences
. World class classrooms connected to a centralized e-learning data centre on campus
. Global connectivity to all the students via 24 hr Wi-Fi access
. Modern library with e-acces to various international journals . Health Club
. Most modern Language Lab . Educational Counselling by renowned Educationalists
. Cafeteria and mess with delicious and nutritious food (Kerala Taste)
Admission in 1st year & Direct 2nd year (Later Entry) • Campus Placement Assistance
Chairman : H.G. Most Rev. Dr. Vincent Mar Paulos (Bishop of Marthandam Diocese) • Correspondent/ Secretary : Very Rev. Fr. Premkumar MSW
To find more about admission Contact :
TONEY KURIEN (Admission Officer) : 9447413790, 09444713790 (T.N.)
College Office : Upstairs Retna Medicals, Charles Complex, Near Thampanoor Bus Stand, Trivandrum.




തലവടി ചാരുകുഴിയിൽ ഐസക്. സി. എമ്മിന്റെയും സാറാമ്മ ഐസക്കിന്റെയും മകൻ **മാത്യു**വും കൊല്ലം തുണ്ടഴികത്ത് എഡ്‌വേർഡ്. പി യുടെയും ഐറിൻ പീറ്ററിന്റെയും മകൾ **റീതുവും** തമ്മിലുള്ള വിവാഹം 2016 മെയ് 15-ാം തീയതി സെന്റ്. ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ വച്ച് തിരുവല്ല അതിരൂപതാദ്ധ്യക്ഷൻ **അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ** കാർമ്മികത്വത്തിൽ ആശിർവദിക്കപ്പെട്ടു.




കോഴിമണ്ണിൽ ജെയിംസ് ചാക്കോയുടെയും ലീലാമ്മ ജെയിംസിന്റെയും മകൻ **ജെറി. കെ. ജെയിംസും** മൂവക്കോട്ടുകുന്നേൽ ജെ. എൻ. നിവാസിൽ വർഗ്ഗീസ് ജോണിന്റെയും നാൻസി ജോണിന്റെയും മകൾ **സാന്ദ്രാ മറിയം ജോണും** തമ്മിലുള്ള വിവാഹം 2016 മെയ് 19-ാം തീയതി തിരുവല്ല സെന്റ്. ജോൺസ് കത്തീഡ്രലിൽ വച്ച് **അഭി. തോമസ് മാർ കൂറിലോസ്** പിതാവിന്റെ കാർമ്മികത്വത്തിൽ ആശിർവദിക്കപ്പെട്ടു

Date of Publication: 28-05-2016
Price ₹ 10/-

**AIKYADEEPAM MONTHLY**
Marygiri, Tiruvalla, Kerala. Ph: 0469-2600626. Fax: 0469-2600822

**R.N.I. 35982/80**
**June 2016**




നെടുമ്പ്രം പയ്യങ്കേരി മണത്തറയിൽ ജോസ്. പി.മാത്യുവിന്റെയും റെജീന ജോസിന്റെയും മകൾ **ഡോ. ചിന്ത. പി. മാത്യു**വും എടത്വ തെക്കേടത്ത് പീടികയിൽ തോമസ് കുര്യന്റെയും എൽസമ്മ കുര്യന്റെയും മകൻ **അഡ്വ. അജി കുര്യനും** തമ്മിലുള്ള വിവാഹവാഗ്ദാനം സെന്റ്. ജോൺസ് മെത്രാപ്പോലീത്തൻ കത്തിഡ്രലിൽ വച്ച് തിരുവല്ല അതിരൂപതാദ്ധ്യക്ഷൻ **അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ** കാർമ്മീകത്വത്തിൽ നടത്തപ്പെട്ടു.




വാഴത്തറമലയിൽ അഡ്വ.വി. വി. ഷാജിയുടെയും രാജസിന്റെയും മകൻ **അഡ്വ. സൂരജ് ഷാജിയും** ചെങ്കുളം പള്ളിമൺ കാട്ടിൽ പി. സി. നെൽസൺന്റെയും എൽസിയുടെയും മകൾ **ഐശ്വര്യാ നെൽസണും** തമ്മിലുള്ള വിവാഹം 2016 ഏപ്രിൽ 14–ാം തീയതി തിരുവല്ലാ സെന്റ്. ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ വച്ച് **മോസ്റ്റ്. റവ.ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ** കാർമ്മീകത്വത്തിൽ ആശിർവദിക്കപ്പെട്ടു. കേരളാ ഹൈക്കോടതി ജഡ്ജി ജസ്റ്റിസ്.വി. ചിദംബരേഷ്, തിരുവല്ലാ ഫാമിലി കോടതി ജഡ്ജി ശ്രീ. ധർമ്മജൻ, ഏറ്റുമാനൂർ കുടുംബകോടതി ജഡ്ജി ശ്രീമതി. സോഫി തോമസ്, തൊടുപുഴ ചീഫ് ജൂഡീഷ്യൻ മജിസ്ട്രേറ്റ് ശ്രീ. ജോഷി ജോൺ, പ്രശസ്ത ഗായകൻ മാർക്കോസ്, മുൻ പി. എസ്. സി. മെമ്പർ അഡ്വ. തോമസ് എം. മാത്തുണ്ണി, ഫാദർ തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്കോപ്പാ, ഫാദർ ഷാജി വാഴയിൽ തുടങ്ങിയ വൈദിക ശ്രേഷ്ഠരും വിവാഹത്തിൽ പങ്കെടുത്തു

*Printed and Published by Fr. Thomas Kodinattumkunnel, Published from Marygiri, Archbishop's House, Tiruvalla, Kerala and Printed at Dona Press, Kottayam. Kerala, Chief Editor : Fr. Varghese Chamakalayil*